# 61–ാം വാർഷിക റിപ്പോർട്ട്

## കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

**2016 ഏപ്രിൽ 1** മുതൽ **2017 മാർച്ച് 31** വരെ
(കൊല്ലവർഷം 1191 മീനം 19 മുതൽ 1192 മീനം 17 വരെ)

ഇന്ത്യൻ ഭരണ ഘടനയുടെ 323 (2)-ാം ആർട്ടിക്കിൾ
പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ആദരണീയനായ കേരളാ ഗവർണർ മുമ്പാകെ
സമർപ്പിക്കുന്ന **61**-ാം വാർഷിക റിപ്പോർട്ട്.

# റിപ്പോർട്ട് കാലയളവ്

## 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെ

**(കൊല്ലവർഷം 1191 മീനം 19 മുതൽ 1191 മീനം 17 വരെ)**

## ഉള്ളടക്കം


| ക്രമ നമ്പർ | അദ്ധ്യായങ്ങൾ | പേജ് നമ്പർ |
|---|---|---|
| 1 | കമ്മീഷന്റെ ഭരണഘടനാപരമായ സ്ഥാനം | 5 - 6 |
| 2 | കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഘടന | 6 - 8 |
| 3 | കമ്മീഷന്റെ കർത്തവ്യങ്ങൾ | 9 - 10 |
| 4 | ജീവനക്കാരും കാര്യാലയസ്ഥാനങ്ങളും | 10 - 12 |
| 5 | ഗവേഷണ- അവലോകന വിഭാഗം, ഓൺലൈൻ പരീക്ഷ, കാൾ സെന്റർ, കമ്പ്യൂട്ടർവൽക്കൃത ഹാജർ സംവിധാനം, നിയമന ആഡിറ്റ് പരിശോധനാ വിഭാഗം, വെബ്സൈറ്റ്, പൊതുജന സമ്പർക്ക വിഭാഗം, അന്വേഷണം വിഭാഗം, വിവരാവകാശ വിഭാഗം, ഗ്രന്ഥശാല | 13 - 23 |
| 6 | വരവ് ചെലവുകൾ, കത്തിടപാടുകൾ, ആന്തരിക കണക്ക് പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തന രീതി | 24 - 29 |
| 7 | പരീക്ഷകൾ | 29 - 30 |
| 8 | നിയമനം (ജനറൽ) | 30 - 44 |
| 9 | നിയമനം-കമ്പനികൾ/കോർപറേഷനുകൾ/ബോർഡുകൾ/ തദ്ദേശ സ്ഥാപനങ്ങൾ/യൂണിവേഴ്സിറ്റികൾ | 45 |
| 10 | നിയമനം- സഹകരണ വിഭാഗം | 45 - 46 |
| 11 | പ്രത്യേക നിയമനം (പട്ടിക ജാതി/പട്ടിക വർഗ്ഗം) | 46 - 49 |
| 12 | പട്ടിക ജാതി/പട്ടിക വർഗ്ഗക്കാർക്കും മറ്റ പിന്നോക്ക വിഭാഗക്കാർക്കും തെരഞ്ഞെടുപ്പിൽ നൽകിവരുന്ന സംവരണ ഊഴങ്ങളുടെ ശതമാനക്കണക്ക് | 49 - 51 |
| 13 | മേഖലാ ആഫീസുകൾ | 51 - 52 |
| 14 | ജില്ലാ ആഫീസുകൾ | 52 - 57 |
| 15 | നിയമനം- പൊതുവിവരങ്ങൾ | 57 - 58 |
| 16 | വകുപ്പുതല പരീക്ഷകൾ | 58 - 59 |
| 17 | വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റി | 59 - 60 |
| 18 | സംസ്ഥാന, സബോർഡിനേറ്റ് സർവീസ് സംബന്ധമായ ചട്ടങ്ങളും മറ്റ നിർദ്ദേശങ്ങളും | 60 - 70 |
| 19 | കേരള സംസ്ഥാന വൈദ്യുതി ബോർഡ്/കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട്കോർപ്പറേഷൻ/ സർക്കാർ ഉടമ സ്ഥതയിലുള്ള മറ്റ് കമ്പനികൾ/ കോർപ്പറേഷനുകൾ/ബോർഡുകൾ/ എന്നിവയുമായി ബന്ധപ്പെട്ട അധികചുമതലകൾ | 70 - 74 |
| 20 | തദ്ദേശസ്ഥാപനങ്ങൾ സംബന്ധമായ അധിക ചുമതലകൾ | 74 - 75 |
| 21 | സഹകരണ വിഭാഗം - അധിക ചുമതലകൾ | 76 - 78 |

| | | |
|---|---|---|
| 22 | അച്ചടക്ക നടപടികൾ | 78 - 79 |
| 23 | കമ്മീഷൻ കക്ഷിയായ വ്യവഹാരങ്ങൾ | 79 - 80 |
| 24 | വനിതാ വിഭാഗം ജീവനക്കാരുടെ പരാതി പരിഹാര കമ്മിറ്റി | 80 - 81 |
| 25 | കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശിപാർശ കളിൽ നിന്നുള്ള വ്യതിയാനം | 81 - 85 |
| 26 | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രവർത്തനങ്ങ ളുടെ താരതമ്യ സംഗ്രഹം | 86 - 89 |
| 27 | സന്ദർശനങ്ങൾ | 90 |
| 28 | നേട്ടങ്ങൾ | 91 |
| 29 | നന്ദി | 91 - 92 |

## അദ്ധ്യായം- 1
## കമ്മീഷന്റെ ഭരണഘടനാപരമായ സ്ഥാനം

ഇന്ത്യൻ ഭരണ ഘടനയുടെ 315 മുതൽ 323 വരെയുള്ള ആർട്ടിക്കിളുകളുടെ അടിസ്ഥാനത്തിലാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്ഥാപിതമായിട്ടുള്ളത്. യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷനെയും സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനുകളെയും സംബന്ധിക്കുന്ന വ്യവസ്ഥകൾ ഭരണഘടനയുടെ XIV-ാം ഭാഗത്തിന്റെ II-ാം **അദ്ധ്യായ**ത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത്.

സേവനസംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും, സംശുദ്ധവും നിഷ്പക്ഷവുമായ രീതിയിൽ സ്വതന്ത്രമായി, ബാഹ്യ ഇടപെടലുകളില്ലാതെ നിയമന ന ടപടികൾ നിർവഹിക്കുന്നതിനും ഇന്ത്യൻ ഭരണഘടന കമ്മീഷനെ ചുമതലപ്പെടുത്തി യിരിക്കുന്നു. കമ്മീഷന്റെ ചെയർമാനെയും മെമ്പർമാരെയും നിയമിക്കുന്നത് സംസ്ഥാന ഗവർണ റാണ്. കമ്മീഷൻ മെമ്പർമാരുടെ പകുതി എണ്ണം അവരുടെ നിയമന തീയതിയിൽ 10 വർഷത്തെ സർക്കാർ സേവനം പൂർത്തിയാക്കിയവരാകണം. ചെയർമാനും മെമ്പർമാർക്കും 6 വർഷത്തെ കാലാവധി/അല്ലെങ്കിൽ 62 വയസ്സ് പൂർത്തിയാകുന്നതുവരെ (**ഏതാണോ** ആദ്യം) സേവനത്തിൽ തുടരാവുന്നതാണ്. കാലാവധി പൂർത്തിയായ ശേഷം ചെയർമാനോ മെമ്പർമാർക്കോ സംസ്ഥാന/കേന്ദ്ര സർക്കാരിന് കീഴിൽ പുനർ നിയമനത്തിനർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ കമ്മീഷന്റെ ഒരു മെമ്പർക്ക് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചെയർമാനായോ, **യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷന്റെ** മെമ്പറായോ സേവനം നടത്താം. പബ്ലിക് സർവീസ് കമ്മീഷന്റെ ചെയർമാനെയോ മെമ്പറെയോ ഭരണഘടനാ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ രാഷ്ട്രപതിയ്ക്ക് മാത്രമേ സേവനത്തിൽ നിന്നും നീക്കം ചെയ്യാൻ കഴിയൂ. ഒരിയ്ക്കൽ നിയമിക്കപ്പെട്ട ചെയർമാന്റെയോ മെമ്പർമാരുടെയോ സേവനവ്യവസ്ഥകളിൽ മാറ്റം വരുത്താൻ സാധ്യമല്ല. പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചെലവിനത്തിൽ വരുന്ന തുക വകയിരുത്തുന്നത് സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നാണ്.

<u>കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കോമ്പോസിഷൻ ആന്റ് കണ്ടീഷൻ ഓഫ് സർ വ്വീസ് ഓഫ് മെമ്പേഴ്സ് ആന്റ് സ്റ്റാഫ് ) റെഗുലേഷൻസിൽ വന്ന ഭേദഗതി</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചെയർമാൻ, കമ്മീഷനംഗങ്ങൾ എന്നിവരുടെ പെൻഷൻ സംബന്ധമായ വിഷയങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കോമ്പോസിഷൻ ആന്റ് കണ്ടീഷൻ ഓഫ് സർവ്വീസ് ഓഫ് മെമ്പേഴ്സ് ആന്റ് സ്റ്റാഫ്) റെഗുലേഷൻസ് 1957-ലെ റെഗുലേഷൻ 7-ൽ പ്രതിപാദിക്കുന്നു. ഗവ: ഉത്തരവ് G.O.(Ms)No.274/12/GAD dated: 11.10.2012 പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ മുൻ ചെയർമാൻമാരുടെയും കമ്മീഷൻ അംഗങ്ങളുടെയും പെൻഷൻ പരിഷ്ക്കരിക്കുകയും തൽഫലമായി പെൻഷനിൽ 21% കുറവുണ്ടാകുകയും ചെയ്തു. മേൽ ഉത്തരവിനെ എതിർത്തുകൊണ്ട് ബഹു: കേരള ഹൈക്കോടതി മുമ്പാകെ WP(C)No.3081/2013 നമ്പരായി ഹർജി ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ മേൽ ഉത്തരവ് അന്യായവും വിവേചനപരവുമാണെന്ന് കണ്ടെത്തി ഹൈക്കോടതി റദ്ദ് ചെയ്തു. 1977 മുതൽ കാലാകാലങ്ങളിലായി പെൻഷനിൽ ഉണ്ടാകുന്ന ക്രമാനുസൃത മായ വർദ്ധനവ് കണക്കിലെടുത്ത് പുതിയ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഗവണ്മെന്റിനോട് ബഹു:ഹൈക്കോടതി നിർദ്ദേശിക്കുകയും ചെയ്തു. ബഹു: കേരള ഹൈക്കോടതിയുടെ മേൽ ഉത്തരവിന്റെയടിസ്ഥാനത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ പെൻഷൻ പരിഷ്ക്കരിച്ചുകൊണ്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ(കോമ്പോസിഷൻ ആന്റ് കണ്ടീഷൻ ഓഫ് സർവ്വീസ് ഓഫ് മെമ്പേഴ്സ് ആന്റ് സ്റ്റാഫ്) റെഗുലേഷൻ 1957-ൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും G.O.(P)No.09/2017/GAD dated: 15.03.2017 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

## അദ്ധ്യായം– 2
## <u>കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഘടന</u>

ഇന്ത്യൻ ഭരണഘടനയുടെ 318-ാം ആർട്ടിക്കിളിന്റെ **അടിസ്ഥാനത്തിൽ** ബഹു: ഗവർണർ പുറപ്പെടുവിച്ചിട്ടുള്ള **കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ** (മെമ്പർമാരുടെയും ജീവനക്കാരുടെയും സേവന വ്യവസ്ഥകളും ഘടനയും)**റെഗുലേഷൻ** 1957--ൽ കാലാകാലങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതി **പ്രകാരം ഒരു ചെയർമാനും 20 അംഗങ്ങളും ഉൾപ്പെടുന്നതാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**.

റിപ്പോർട്ട് തയ്യാറാക്കുന്ന കാലഘട്ടത്തിലെ കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടെയും പേരു വിവരങ്ങൾ ചുവടെ

## <u>നിലവിലെ കമ്മീഷൻ</u>

| | |
|---|---|
| **ചെയർമാൻ** | അഡ്വ. എം കെ. സക്കീർ |
| അംഗങ്ങൾ | ശ്രീ. പി. ശിവദാസൻ |
| | ശ്രീ. ഇസ്മയിൽ റ്റി. റ്റി. |
| | ശ്രീമതി. സിമി റോസ് ബെൽ ജോൺ |
| | അഡ്വ. ഇ. രവീന്ദ്രനാഥൻ |
| | അഡ്വ. എസ്. ഷൈൻ |
| | പ്രൊഫ. ലോപ്പസ് മാത്യു |
| | ശ്രീമതി.ആർ.പാർവ്വതി ദേവി |
| | ഡോ. പി.സുരേഷ് കുമാർ |
| | ശ്രീ. സുരേശൻ.സി |
| | ഡോ.എം.ആർ. ബൈജു |
| | ഡോ.ജിനു സക്കറിയ ഉമ്മൻ |

| | |
|---|---|
| | അഡ്വ.രഘുനാഥൻ.എം.കെ |
| | ശ്രീ. ജി. രാജേന്ദ്രൻ |
| | ഡോ. കെ.പി സജിലാൽ |
| | ഡോ. ഡി. രാജൻ |
| | ശ്രീ. റ്റി.ആർ അനിൽകുമാർ |
| | ശ്രീ. മുഹമ്മദ് മുസ്തഫ കടമ്പോട്ട് |
| | ശ്രീ. പി.എച്ച് മുഹമ്മദ് ഇസ്മയിൽ |
| | ശ്രീ. റോഷൻ റോയി മാത്യൂ |
| | ശ്രീ.വിജയകുമാർ.പി.കെ |
| സെക്രട്ടറി | ശ്രീ. സാജു ജോർജ്ജ് |

## അദ്ധ്യായം- 3
## കമ്മീഷന്റെ കർത്തവ്യങ്ങൾ

ഇന്ത്യൻ ഭരണ ഘടനയുടെ 320-ാം ആർട്ടിക്കിളിൽ സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനുകളുടെ കർത്തവ്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. അവ താഴെ പറയും പ്രകാരമാണ്.

(i) സംസ്ഥാനസർവ്വീസിലെ വിവിധ തസ്തികകളിലേയ്ക്ക് നിയമനത്തിനായി പരീക്ഷകൾ നടത്തുക

(ii) താഴെ പറയുന്ന വിഷയങ്ങളിൽ സർക്കാരിന് ഉപദേശം നൽകുക

| | |
|---|---|
| a) | സംസ്ഥാന സർവ്വീസിലെ വിവിധ തസ്തികകളുടെ നിയമനപ്രക്രിയകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ |
| b) | സർക്കാർ സർവ്വീസിലേക്കുള്ള നിയമനം, സ്ഥാനക്കയറ്റം, സ്ഥലം മാറ്റം എന്നിവയിൽ പാലിക്കേണ്ട തത്വങ്ങൾ, യോഗ്യതാ നിർണ്ണയം എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ |
| c) | സർക്കാർ ജീവനക്കാരുമായി ബന്ധപ്പെട്ട എല്ലാ അച്ചടക്ക നടപടികളിൽ |
| d) | കൃത്യ - നിർവഹണ സംബന്ധമായി സർക്കാർ ജീവനക്കാർക്കെതിരെ സ്വീകരിക്കുന്ന നിയമ നടപടികളുമായി ബന്ധപ്പെട്ട് ജീവനക്കാരനു ണ്ടാകുന്ന നിയമപരമായ സാമ്പത്തിക ബാധ്യതയുടെ ചെലവ് വക വച്ച് കൊടുക്കൽ/മടക്കി കൊടുക്കൽ സംബന്ധമായ കാര്യങ്ങളിൽ |
| e) | സർക്കാർ ജീവനക്കാരുടെ അവശതാ അടുത്തൂണുമായി ബന്ധപ്പെട്ട അവകാശവാദങ്ങളിൽ |
| f) | സർക്കാർ കമ്മീഷന്റെ അഭിപ്രായം ആരായുന്ന/പരിഗണനക്കായി സമർപ്പിക്കുന്ന മറ്റ് കാര്യങ്ങളിൽ |

ഇന്ത്യൻ ഭരണഘടനയുടെ 321-ാം ആർട്ടിക്കിളിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന നിയമനിർമ്മാണസഭ പബ്ലിക് സർവീസ് കമ്മീഷനെ ചുമതലയേൽപ്പിച്ചിട്ടുള്ളതും, സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികൾ, കോർപ്പറേഷനുകൾ/ ബോർഡുകൾ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയിലെ സേവന വേതന വ്യവസ്ഥകൾ

സംബന്ധമായതുമായ അധിക ചുമതലകളും കമ്മീഷൻ നിർവ്വഹിച്ചുവരുന്നു. കൂടാതെ, ചില സഹകരണ സ്ഥാപനങ്ങളെ കൂടി കമ്മിഷന്റെ പ്രവർത്തനപരിധിയിൽ പിന്നീട് ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് കേരളത്തിലെ യൂണിവേഴ്സിറ്റികളുടെ നിയമന വുമായി ബന്ധപ്പെട്ട അധികച്ചുമതല കൂടി കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനപരിധിയിൽ കൊണ്ടുവന്നു.

ഇന്ത്യൻ ഭരണഘടനയുടെ 320 (3) ആർട്ടിക്കിളിന്റെ അടിസ്ഥാനത്തിൽ പാസാക്കിയിട്ടുളള 1957-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റെഗുലേഷൻസിൽ (കൺസൾട്ടേഷൻ), കമ്മീഷന്റെ പരിഗണന/വിദഗ്ദ്ധാഭിപ്രായം ആവശ്യമില്ലാത്ത വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## അദ്ധ്യായം - 4

## ജീവനക്കാരും, കാര്യാലയസ്ഥാനങ്ങളും

### കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ ജീവനക്കാർ

റിപ്പോർട്ട് കാലയളവിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ ആകെ ജീവനക്കാർ 1,644 ആണ്. പോലീസ് വകുപ്പിൽ നിന്നും പി.എസ്.സി.യുടെ വിജിലൻസ് വിഭാഗത്തിൽ 8 ജീവനക്കാർ അന്യത്ര സേവനവ്യവസ്ഥയിലും, ഒരു ലൈബ്രേറിയൻ ഗ്രേഡ് – I കരാർ അടിസ്ഥനത്തിലും ** ജോലി നോക്കുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (മെമ്പർമാരുടെയും ജീവനക്കാരുടെയും സേവന വ്യവസ്ഥകളും ഘടനയും) റെഗുലേഷൻ 1957-ലെ Clause 12 Sub Clause 2 പ്രകാരം കമ്മീഷനിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ച് 01.04.2016 മുതൽ 6 മാസത്തേയ്ക്കും 01.10.2016 മുതൽ 6 മാസത്തേയ്ക്കും രണ്ടു ഘട്ടങ്ങളിലായി വിവിധ കാറ്റഗറികളിലായി 25 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. റിപ്പോർട്ട് കാലയളവിലെ ജീവന ക്കാരുടെ വിശദാംശങ്ങൾ അനുബന്ധം 1-ൽ നൽകിയിട്ടുണ്ട്.

**കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും സർക്കാരിലേയ്ക്ക് ആവർത്തിച്ചുള്ള അഭ്യർത്ഥനയിന്മേൽ കോമൺ പൂൾ ഒന്നാം ഗ്രേഡ് ലൈബ്രേറിയന്മാരിൽ നിന്നും ആരും ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ 26.11.2012ലെ ബഹു: കമ്മീഷന്റെ 28-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 02.09.2013 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ Estt.II(2)2129/2008/GW നമ്പർ ഉത്തരവു പ്രകാരം കരാർ വ്യവസ്ഥയിൽ ശ്രീ. ആർ.ശ്യാംകൃഷ്ണനെ ഒന്നാം ഗ്രേഡ് ലൈബ്രേറിയനായി നിയമിച്ചു.

## താത്കാലിക ജീവനക്കാർ

1957 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റെഗുലേഷൻ ആക്ട് (Composition and Conditions of Service of Members and Staff)-ലെ 12 (2) റെഗുലേഷൻ പ്രകാരം 30.03.2016 ലെ എസ്റ്റാ II (2) 32900/08/ഗ.വി ഉത്തരവ് പ്രകാരം 01.04.2016 മുതൽ 6 മാസത്തേക്ക് 13 തസ്തികകളും 25.10.2016 ലെ എസ്റ്റാ II (3) 32900/08/ഗ.വി. ഉത്തരവ് പ്രകാരം 01.10.2016 മുതൽ 6 മാസത്തേക്ക് 12 തസ്തികകളും, കമ്മീഷൻ താത്കാലികമായി സൃഷ്ടിച്ചിട്ടുണ്ട്.

## വിജിലൻസ്‌വിഭാഗം

കേരള പബ്ലിക് സർവീസ് കമ്മീഷനിൽ വിജിലൻസ് & സെക്യൂരിറ്റി ഓഫീസറായി ശ്രീ.ഹരിദാസ്.എം.ജി,യെ സൂപ്രണ്ട് ഓഫ് പോലീസ് (നോൺ ഐ.പി.എസ്.) 29/08/2016 അപരാഹ്നം മുതൽ നിയമിച്ചുത്തരവായിട്ടുണ്ട്. (29/08/2016 ലെ ഉത്തരവ് നമ്പർ എസ്റ്റ്റാ.II (1)12000/2013/ഗവ(2))

.

## ലീഗൽ റിട്ടെയ്നർ

കേരള ഹൈക്കോടതിയിലെ അഭിഭാഷകൻ ശ്രീ. പി.സി. ശശിധരൻ 01.03.2011 മുതൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ ലീഗൽ റിട്ടെയ്നറായി സേവനമനുഷ്ഠിച്ചു

വരുന്നു. അദ്ദേഹത്തെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വേണ്ടി ബഹു.ഹൈക്കോടതിയിൽ ഹാജരാകുന്നതിനും കൂടാതെ ശ്രീ.സി.എ.മജീദ് (അഡ്വ.) നെ ലീഗൽ റീട്ടെയ്നർ ആയി 01.04.2014 മുതൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ.സി.എ.മജീദ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വേണ്ടി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഹാജരാകുന്നതിനും നിയോഗിച്ചിരിക്കുന്നു.

## കാര്യാലയ സ്ഥാനങ്ങൾ

കേരള പബ്ലിക് സർവ്വീസ് കമ്മീഷന് എല്ലാ ജില്ലകളിലും ജില്ലാ ആഫീസുകളും, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നി വിടങ്ങളിൽ മേഖലാ ആഫീസുകളുമുണ്ട്. കമ്മീഷന്റെ കേന്ദ്ര ആഫീസ്, തിരുവനന്തപുരം ജില്ലാ ആഫീസ് എന്നിവ തിരുവനന്തപുരം, പട്ടം തുളസിക്കുന്നിലാണ് സ്ഥിതി ചെയ്യുന്നത്. ആസ്ഥാന ആഫീസുൾപ്പെടെ കമ്മീഷന് 18 ആഫീസുകളുണ്ട്. പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലാ ആഫീസുകൾ സംസ്ഥാന സർക്കാരിന്റെ സിവിൽ സ്റ്റേഷൻ സമുച്ചയത്തിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ കോഴിക്കോട് മേഖലാ ആഫീസും സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്നു. ആലപ്പുഴ, പത്തനംതിട്ട, തൃശ്ശൂർ, വയനാട് കാസർഗോ ഡ് ജില്ലാ ആഫീസുകൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. കോട്ടയം ജില്ലാ ആഫീസ് കമ്മീഷന്റെ സ്വന്തം കെട്ടിടത്തിലും പ്രവർത്തിക്കുന്നു. എറണാകുളം, ജില്ലാ മേഖലാ ആഫീസുകൾ 21.01.2013 മുതൽ എറണാകുളം ജി.സി.ഡി.എ. കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. ഇടുക്കി ജില്ലാ ആഫീസ് പ്രവർത്തിക്കുന്നത് കട്ടപ്പനയിലുള്ള കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുവക കെട്ടിടത്തിലാണ്. കൊല്ലം ജില്ലാ മേഖലാ ആഫീസുകൾ, കൊല്ലം കോർപ്പറേഷന്റെ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. ബഹു: ചെയർമാന്റെ തിരുവനന്തപുരത്തെ ഔദ്യോഗിക വസതിയും വാടകകെട്ടിടമാണ്.

## അതിഥി മന്ദിരം

പട്ടം, വൃന്ദാവൻ ഗാർഡൻസിൽ കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം, വാടകയടിസ്ഥാനത്തിൽ കമ്മീഷന്റെ അതിഥി മന്ദിരമായി പ്രവർത്തിക്കുന്നു. വിശിഷ്ടാതിഥികൾക്കും, കമ്മീഷൻ നടത്തുന്ന അഭിമുഖം, പ്രായോഗിക പരീക്ഷ, മൂല്യനിർണ്ണയം എന്നിവയിൽ കമ്മീഷനെ സഹായിക്കാൻ മറ്റ് ജില്ലകളിൽ നി ന്നും എത്തുന്ന വിദഗ്ദ്ധർക്കും താമസ സൗകര്യമൊരുക്കുന്നതിനാണ് അതിഥി മന്ദിരം സജ്ജമാക്കിയിട്ടുള്ളത്.

# അദ്ധ്യായം – 5

# ഗവേഷണ- അവലോകന വിഭാഗം, ഓൺ ലൈൻ പരീക്ഷാ കേന്ദ്രങ്ങൾ, കാൾ സെന്റർ, കമ്പ്യൂട്ടർ വൽകൃത ഹാജർ സംവിധാനം, നിയമന ആഡിറ്റ് പരിശോധനാ വിഭാഗം, വെബ് സൈറ്റ്, പൊതുജന സമ്പർക്ക വിഭാഗം, അന്വേഷണ വിഭാഗം, വിവരാവകാശ വിഭാഗം, ഗ്രന്ഥശാല

## ഗവേഷണ അവലോകന വിഭാഗം

നിയമനനടപടികളിലെ വിവിധഘട്ടങ്ങളിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് വേണ്ടി സമഗ്രമായ പഠനം, ആവശ്യമായ പരിശീലന പദ്ധതികൾ നടത്തുക, സംയോജിത, ആസൂത്രണ, അനുശ്രവണ പദ്ധതികളിലൂടെ തെരഞ്ഞെടുപ്പ് നടപടികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുക എന്നിവയാണ് ഗവേഷണ- അവലോകന വിഭാഗത്തിന്റെ പ്രധാന ധർമ്മങ്ങൾ. കൂടാതെ കമ്പ്യൂട്ടർ മറ്റനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതും അവയുടെ പരിപാലനവും ഈ വിഭാഗത്തിന്റെ ചുമതലയാണ്.

വിവിധ റിക്രൂട്ട്മെന്റ് സെക്ഷനുകളിൽ നിന്നും ലഭിക്കുന്ന വിജ്ഞാപനങ്ങൾ ഏകീകരിക്കുകയും, ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരി ക്കുകയും ചെയ്യുന്നത് ഈ വിഭാഗത്തിലാണ്. മറ്റ് സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനുകൾ, യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നിവയുമായുള്ള കത്തിടപാടു കൾ നടത്തുന്നതും ഈ സെക്ഷനിൽ നിന്നാണ്. കമ്മീഷൻ യോഗ ങ്ങളിലേക്കുള്ള അജണ്ട തയ്യാറാക്കുന്നതും ഈ സെക്ഷനിലാണ്.

നിയമസഭാ ചോദ്യവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ സമാഹരിച്ച് സർക്കാരിന് കൈമാറുന്നതിനുള്ള നടപടികളും ഗവേഷണ- അവലോകന വിഭാഗം കൈകാര്യം ചെയ്യുന്നു. റിപ്പോർട്ട് കാലയളവിൽ സർക്കാരിൽ നിന്നും ലഭിച്ച **225** നിയമസഭാ ചോദ്യങ്ങളിൽ **225** എണ്ണത്തിനും ഇവിടെ നിന്നും മറുപടി തയ്യാറാക്കി നൽകിയിരുന്നു. കമ്മീഷന്റെ വാർഷിക റിപ്പോർട്ട് തയ്യാറാക്കൽ, തെരഞ്ഞെടുപ്പ് നടപടികളുടെ വിവിധ ഘട്ടങ്ങളിലെ സ്ഥിതിവിവരക്കണക്ക് സമാഹരിച്ചു തയ്യാറാക്കൽ തുടങ്ങിയ നടപടികളും ഗവേഷണ വിശകലന വിഭാഗം കൈകാര്യം ചെയ്യുന്നു.

കമ്മീഷൻ ഓഫീസിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിനായി രൂപവത്കരിച്ചിട്ടുള്ള സാങ്കേതിക കമ്മിറ്റി 2016-17 വർഷത്തിൽ **അഞ്ച്** പ്രാവശ്യം (10/06/16, 14/06/16, 19/08/16 , 22/11/16, 29/11/16) സമ്മേളിച്ചു. 2016-17 സാമ്പത്തിക വർഷത്തിൽ പ്ലാൻഫണ്ട് വിഹിതമായി **5,00,00,000** (അഞ്ച് കോടി ) രൂപ ലഭിക്കുകയുണ്ടായി. ടി തുകകയിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും അവയുടെ പരിപാലനത്തിനുമായി 2016-17 സാമ്പത്തിക വർഷത്തിൽ 4,31,47,000(നാല് കോടി മുപ്പത്തി ത്തിയൊന്ന ലക്ഷത്തി നാൽപ്പത്തിയേഴായിരം രൂപ മാത്രം) ചെലവഴിക്കുകയും ബാക്കി തുകയായ **68,53,000** (അറുപത്തിയെട്ട ലക്ഷത്തി അൻപത്തിമൂന്നായിരം രൂപ) തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഓൺലൈൻ പരീക്ഷാ സെന്ററുകൾ സ്ഥാപിക്കുന്നതിനായി സാമ്പത്തിക വർഷത്തിൽ 4,84,11,000 രൂപ (നാല് കോടി എൺപത്തിനാല് ലക്ഷത്തി പതിനൊന്നായിരം രൂപ) അനുവദിക്കുകയും അതിൽ നടപ്പ വർഷത്തിൽ 3,89,36,690 (മൂന്ന കോടി എൺപത്തിയൊൻപത് ലക്ഷത്തി മുപ്പത്തിയാറായിരത്തി അറുന്നൂറ്റി തൊണ്ണൂറ് രൂപ) ചെലവഴിക്കുകയും ചെയ്തു.

## പരിശീലന പരിപാടികൾ

പബ്ലിക് സർവീസ് കമ്മീഷനിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന വേണ്ടി പരിശീലന പരിപാടികൾ സംഘടിപ്പിച്ചിരുന്നു. 2016--2017 ൽ ആഫീസിനകത്തും പുറത്തുമായി നടത്തിയ വിവിധ പരിശീലന പരിപാടികൾ ചുവടെ ചേർക്കുന്നു.

| Sl. No. | Date | Details of Training | Venue | No. of days | Training conducted for |
|---|---|---|---|---|---|
| 1 | 21/04/16 | E-vacancy Software | ITTC, KPSC, Tvm | 1 | VMUs of 13(thirteen) Universities(13 VMUs + 13 Officials) |
| 2 | 08/06/16 | DEW (Deptl Exam Wing) Software Training | ITTC, KPSC, Tvm | 1 | All Officials in the Departmental Test Wing (50 Nos.) |
| 3 | 09/07/16 | Thulasi – Modified Interface | Regional Office, Ernakulam | 1 | Officials in the Dist.Offices of Alappuzha/ Kottayam/Thrissur/ Malappuram/ |

| | | | | | |
|---|---|---|---|---|---|
| | | | | | Wayanad/Kannur and the Regional Office of Kozhikode |
| 4 | 19/07/16 to 21/07/16 | e-training with Public Relations for Under Secretaries | ITTC, KPSC, Tvm | 3 | Under Secretaries in all District Offices & Head Office of KPSC |
| 5 | 28/07/16 | Thulasi – Modified Interface Training for Section Officers & Assistants (Batch-I) | ITTC, KPSC, Tvm | 1 | Officials in the HO/ Dist.Offices of Trivandrum/Kollam/ Pathanamthitta and Regional Office, Kollam |
| 6 | 31/08/16 | Thulasi – Modified Interface Training for Section Officers & Assistants (Batch-II) | Regional Office, Ernakulam | 1 | Officials in the Dist. Offices of Alappuzha/ Idukki/ Palakkad/ Malappuram/ Kozhikode and the Regional Office of Ernakulam |
| 7 | 05/09/16 | E-result pro Training | ITTC, KPSC, Tvm | 1 | Secret Section/ Exam Result in the Head Office |
| 8 | 10/11/16 to 12/11/16 | Induction Training (e-based) | ITTC, KPSC, Tvm | 3 | For newly joined Assistants of KPSC |
| 9 | 14/12/16 | E-result pro Training | Regional Office, Ernakulam | 1 | Officials in the Dist.Offices of Alappuzha/ Idukki/Ernakulam/Thrissur/Regional Office-Ernakulam |
| 10 | 13/02/17 to 14/02/17 | SPARK Training | ITTC, KPSC, Tvm | 2 | Employees(2 each) from all offices of Kerala Public Service Commission – (42 Nos) |
| 11 | 21/02/17 to 23/02/17 | e-training with P.R. for Section Officers (Batch-I) | ITTC, KPSC, Tvm | 3 | Section Officers (31 Nos.) |

| | | | | | |
|---|---|---|---|---|---|
| 12 | 28/02/17 to 02/03/17 | e-training with P.R. for Section Officers (Batch-II) | ITTC, KPSC, Tvm | 3 | Section Officers (31 Nos.) |
| 13 | 16/03/17 | E-result pro Training | Regional Office, Kozhikode | 1 | Section Officers/ Assistants in the Dist.Offices of Palakkad/ Kozhikode/ Wayanad/Kannur/ Kasaragod and the Regional Office of Kozhikode |

## ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ

കേരള പബ്ലിക് സർവീസ് കമ്മീഷൻ തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം കോഴിക്കോട് എന്നിവിടങ്ങളിലായി നാല് ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ സജ്ജീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പരീക്ഷാകേന്ദ്രങ്ങളിൽ ആകെ **875** ഉദ്യോഗാർത്ഥികളെ ഉൾക്കൊള്ളുവാനും ഒരേ ഘടനയിലുള്ള ചോദ്യങ്ങൾ ഉപയോഗിച്ച് **1750** ഉദ്യോഗാർത്ഥി കൾക്ക് ഒരു ദിവസം തന്നെ പരീക്ഷ നടത്തുന്നതിന് ഈ കേന്ദ്രത്തിൽ സൗകര്യമുണ്ട് .

## കോൾ സെന്റർ

എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ **10.15** മണി മുതൽ വൈകുന്നേരം **5.15** മണി വരെ കോൾ സെന്റർ പ്രവർത്തിക്കുന്നു. ആകെ **2,50,000** ത്തോളം കോളുകൾ ഈ റിപ്പോർട്ട് വർഷത്തിൽ കോൾ സെന്ററിൽ സ്വീകരിച്ചിട്ടുണ്ട്.

## കമ്പ്യൂട്ടർവൽകൃത ഹാജർ സംവിധാനം

കമ്പ്യൂട്ടർ വൽകൃത ഹാജർ സംവിധാനം മോണിട്ടർ ചെയ്യുന്നതിനായി റിസർച്ച് ആന്റ് അനാലിസിസ് വിഭാഗത്തിൽ അറ്റൻഡൻസ് മനേജ്മെന്റ് സെക്ഷൻ രൂപീകരിച്ചിട്ടുണ്ട്.

## നിയമന ഓഡിറ്റ് - പരിശോധനാ വിഭാഗം

14/12/10 ലെ GO(P)41/2010 P&ARD നം. ഉത്തരവ് പ്രകാരം ഒരു നിയമന ഓഡിറ്റ്, പരിശോധനാ വിഭാഗം 1/9/2011 മുതൽ പ്രവർത്തിച്ചുവരുന്നു. റിപ്പോർട്ട് കാലയളവിൽ 21000 അപേക്ഷകൾ ലഭിക്കുകയും ആകെ 17179 അപേക്ഷകൾ പരിശോധിക്കുകയും (കഴിഞ്ഞവർഷം ബാക്കിയുണ്ടായിരുന്ന അപേക്ഷകൾ ഉൾപ്പെടെ) ചെയ്തിട്ടുണ്ട്. 31.03.2017 ൽ 7855 അപേക്ഷകൾ അവശേഷിക്കുകയും ചെയ്യുന്നു. വിശദവിവരങ്ങൾ അനുബന്ധം XL-ൽ നൽകിയിട്ടുണ്ട്.


## വെബ്സൈറ്റ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് www.keralapsc.gov.in എന്നാണ്. വിജ്ഞാപനങ്ങൾ, പരീക്ഷാപ്രോഗ്രാമുകൾ, അഭിമുഖ പട്ടിക, ചുരുക്കപ്പട്ടികകൾ, റാങ്ക്പട്ടികകൾ, പരീക്ഷാ മാർക്കുകൾ, നിയമന ശിപാർശ, പി.എസ്.സി വിജ്ഞാപന പത്രത്തിന്റെ വെബ് എഡിഷൻ, മറ്റ് അറിയിപ്പുകൾ എന്നിവയും വെബ്സൈറ്റ് വഴി ലഭ്യമാക്കുന്നു. കമ്മീഷനെ സംബന്ധിക്കുന്ന നിയമങ്ങൾ, നടപടിക്രമങ്ങൾ എന്നിവ വെബ്സൈറ്റിൽ ലഭ്യമാണ്.

## കമ്മീഷന്റെ വെബ്സൈറ്റിൽ ലഭിച്ച ഹിറ്റുകളുടെ സ്ഥിതിവിവര കണക്ക്

| Month | Monthly Totals | | | | | |
|---|---|---|---|---|---|---|
| | Sites | Kbytes | Visits | Pages | Files | Hits |
| Apr-16 | 726715 | 1352403426 | 2340306 | 11740135 | 65068878 | 77361042 |
| May-16 | 693800 | 1240677965 | 2207370 | 11133262 | 61718409 | 73339366 |
| Jun-16 | 754412 | 1735369474 | 2523813 | 14428126 | 70492035 | 86084652 |
| Jul-16 | 730848 | 1684855605 | 2372982 | 13661171 | 64999439 | 80001268 |
| Aug-16 | 736206 | 1757051411 | 2503593 | 14331655 | 69824467 | 86088469 |
| Sep-16 | 760518 | 1568440180 | 2509003 | 13707890 | 69353443 | 85717158 |
| Oct-16 | 816108 | 1894466962 | 2954733 | 13904203 | 77396053 | 93906273 |
| Nov-16 | 561000 | 1495293591 | 1573997 | 8614700 | 47360071 | 56260372 |
| Dec-16 | 601719 | 1588659458 | 1688720 | 9664721 | 50105497 | 59727446 |
| Jan-17 | 571566 | 971847595 | 1635686 | 7517932 | 45786666 | 49610653 |
| Feb-17 | 646724 | 2180184613 | 2155059 | 11790178 | 78700693 | 84195431 |
| Mar-17 | 599124 | 1961233588 | 2323857 | 11489856 | 83840494 | 89698971 |
| TOTAL | 8198740 | 1.94E+010 | 26789119 | 141983829 | 784646145 | 921991101 |

## കമ്മീഷന്റെ വെബ്സൈറ്റിൽ ലഭിച്ച ഹിറ്റുകളുടെ ഗ്രാഫ് രൂപം




## പൊതുജനസമ്പർക്ക വിഭാഗം - പ്രവർത്തനങ്ങൾ

പൊതുജനങ്ങളെയും കേരള പബ്ലിക് സർവീസ് കമ്മീഷനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കാര്യക്ഷമമായ വിഭാഗമായി പൊതുജനസമ്പർക്കവിഭാഗം പ്രവർത്തിച്ചുവരുന്നു. പൊതുജന സമ്പർക്കവിഭാഗത്തിന്റെ അഭംഗുരമായ സേവനങ്ങൾ കമ്മീഷനും, വിവിധ മാധ്യമങ്ങളായ പത്രമാധ്യമങ്ങൾ, ആൾ ഇന്ത്യാ റേഡിയോ, ദൂരദർശൻ, ടി.വി ചാനലുകൾ, പ്രാദേശിക നെറ്റ് വർക്കുകൾ, മറ്റ് നെറ്റവർക്കുകൾ എന്നിവയും തമ്മിൽ ഉറ്റസൗഹൃദവും പരസ്പരബന്ധവും നിലനിർത്താൻ സഹായിക്കുന്നു.

പ്രവർത്തന രീതി

പൊതുജനങ്ങളുടെ അറിവിലേക്കുള്ള വിവരങ്ങൾ പത്രകുറിപ്പുകളിലൂടെയും, പ്രസ്താവന കളിലൂടെയും നിരന്തരം ജനങ്ങളിലെത്തിക്കുന്നു. കമ്മീഷൻ നടത്തുന്ന പ

രീക്ഷകളുടെയും, അഭിമുഖങ്ങളുടെയും സമയവിവര പട്ടികകൾ ഏറെ പ്രചാരണ ത്തോടുകൂടി പത്രങ്ങളിലൂടെയും, ആൾ ഇന്ത്യാ റേഡിയോ, ദൂരദർശൻ, പി.എസ്.സി ബുള്ളറ്റിൻ, മറ്റ് ടെലിവിഷൻ ചാനലുകൾ, കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് എന്നിവ വഴി ജനങ്ങളിലെത്തിക്കുന്നു.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിലയേറിയ സഹായ സഹകരണങ്ങൾ എല്ലാ മാധ്യമ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്നുണ്ട്. പൊതുജനങ്ങളുടെയും പത്രമാധ്യമങ്ങളുടെയും ജനപ്രതിനിധികളുടെയും അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ, വിമർശനങ്ങൾ, പരാതികൾ തുടങ്ങിയവ സമയാസമയങ്ങളിൽ കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതും പൊതുജന സമ്പർക്ക വിഭാഗമാണ്. ആവശ്യമുള്ള സന്ദർഭങ്ങളിൽ കമ്മീഷൻ നല്കുന്ന വിശദമായ പ്രസ്താവനകൾ, സ്പഷ്ടീകരണങ്ങൾ തുടങ്ങിയവ പൊതുജനങ്ങളിൽ എത്തിക്കുന്നതും പൊതുജനസമ്പർക്ക വിഭാഗമാണ്. പൊതുജന സമ്പർക്ക വിഭാഗം ഒരു ഇൻഫർമേഷൻ കേന്ദ്രമായിക്കൂടി പ്രവർത്തിക്കുന്നു. 2016-2017 കാലഘട്ടത്തിൽ **216** പത്ര ക്കുറിപ്പു കൾ നൽകിയിട്ടുണ്ട്.

## അന്വേഷണ വിഭാഗം

കേരള പബ്ലിക് സർവീസ് കമ്മിഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള സംശയ നിവാരണത്തിനായും, വിവിധ അന്വേഷണങ്ങൾക്കായും നിത്യേന കമ്മിഷനെ സമീപിക്കുന്ന നൂറ് കണക്കിന് ഉദ്യോഗാർത്ഥികൾക്ക്, ആവശ്യമായ വിവരങ്ങൾ കൈമാറുന്നതിന് ഒരു എൻക്വയറി ഓഫീസർ, അഞ്ച് അസിസ്റ്റന്റുമാർ എന്നിവരടങ്ങുന്ന സംഘം ആസ്ഥാന ഓഫീസിലെ അന്വേഷണ വിഭാഗത്തിൽ സ്തുത്യർഹമായ സേവനം കാഴ്ചവെച്ചുവരുന്നു. പതിവ് ഓഫീസ് സമയത്തിനുപരിയായി എല്ലാ പ്രവർത്തിദിനങ്ങളിലും രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണിവരെ അന്വേഷണ വിഭാഗം ഇത്തരത്തിൽ തുടർച്ചയായി പ്രവർത്തി ച്ചുവരുന്നു.

## പി.എസ്.സി ബുള്ളറ്റിൻ പ്രസിദ്ധീകരണം

പി.എസ്.സി. യുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ പി.എസ്.സി. ബുള്ളറ്റിൻ 01.06.1997-ൽ പുറത്തിറക്കിയ വാല്യത്തിലൂടെ പുന:പ്രസിദ്ധീകരണം ആരംഭിച്ചു. പുന: പ്രസിദ്ധീകരണം തുടങ്ങിയതുമുതൽ എല്ലാ മാസവും 1, 15 തീയതികളിൽ ദ്വൈവാരികയായി (വർഷത്തിൽ 24 ലക്കങ്ങൾ) പി.എസ്.സി ബുള്ളറ്റിൻ മുടക്കമില്ലാതെ പ്രസിദ്ധീകരിച്ചുവരുന്നു.

സ്ഥിരം പംക്തികളായ സംശയങ്ങൾക്ക് മറുപടി, നിയമനം ഇതുവരെ, റാങ്ക്പട്ടികകൾ, ചുരുക്കപ്പട്ടികകൾ, അഭിമുഖ സമയക്രമം, പരീക്ഷാകലണ്ടർ, മുൻചോദ്യപേപ്പറുകൾ, പരിഷ്കരിച്ച ഉത്തര സൂചിക എന്നിവയ്ക്ക് പുറമേ, തൊഴിൽ അന്വേഷകരായ ഉദ്യോഗാർത്ഥികൾക്ക് പ്രയോജനപ്പെടും വിധം സമകാലികവും, ആനുകാലികമായ വിഷയങ്ങൾ കൂടി ഉൾപ്പെടുത്തിവരുന്നു. ശാസ്ത്രവിഷയങ്ങളും സാംസ്ക്കാരിക വിഷയങ്ങളുമായി ബന്ധപ്പെട്ട പംക്തികളും പൊതുവിജ്ഞാനം, ലഘു ഗണിതം, മാനസിക കാര്യശേഷി പരിശോധന എന്നിവയുമായി ബന്ധപ്പെട്ട മാതൃകാ ചോദ്യപേപ്പറുകൾ എന്നിവയും പ്രസിദ്ധീകരിക്കുന്നു. വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള വിജ്ഞാപനങ്ങളുടെ വിശദാംശങ്ങൾ പി.എസ്.സി ബുള്ളറ്റിനിന്റെ പ്രധാന സവിശേഷതയാണ്.

റിപ്പോർട്ട് കാലയളവിൽ പി.എസ്.സി ബുള്ളറ്റിനിന്റെ 24 പതിപ്പുകൾ പ്രസിദ്ധീ കരിച്ചിട്ടുണ്ട്. വിതരണം ത്വരിതപ്പെടുത്തുന്നതിനായി 137 പുതിയ പ്രതിനിധികളെ വിവിധ ജില്ലകളിലായി നിയമിച്ചിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ പി.എസ്.സി. ബുള്ളറ്റിനിന്റെ പ്രചാരം 2016-17 ൽ 33,000- ൽ നിന്നും 57,000(മാറ്റത്തിന് വിധേയം) ആയി വർദ്ധിച്ചിട്ടുണ്ട് താലൂക്കുതല പ്രൊമോട്ടേഴ്സിനെ വിതരണം വർദ്ധിപ്പിക്കുന്നതിനും, ത്വരിതപ്പെടുത്തുന്നതിനുമായി നിയമിച്ചിട്ടുണ്ട്.

## പി.എസ്.സി ബുള്ളറ്റിൻ വില്പനയുമായി ബന്ധപ്പെട്ട കണക്കുകൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| ചെലാൻ വഴി സമാഹരിച്ച തുക | - | 2,25,479.00 |
| ഡിമാന്റ് ഡ്രാഫ്റ്റ് | - | 11,57,085.00 |
| മണി ഓർഡർ | - | 7,44,315.00 |
| കൗണ്ടറിൽ നിന്നുള്ള വിറ്റുവരവ് | | 1,81,705.00 |
| വാർഷിക വരിസംഖ്യയും പി.എസ്.സി ബുള്ളറ്റിൻ വിറ്റുവരവും | - | 2,25,500.00 |
| പ്രതിനിധികളിൽ നിന്ന് | - | 23,45,208.00 |
| **ആകെ (നാൽപ്പത്തിയെട്ടുലക്ഷത്തിഎഴുപത്തിയൊമ്പതിനായിരത്തി ഇരുന്നൂറ്റിതൊണ്ണൂറ്റിരണ്ട് രൂപ മാത്രം)** | | **48,79,292.00** |

## വിവരാവകാശ വിഭാഗങ്ങൾ

2005-ലെ വിവരാവകാശനിയമവുമായി ബന്ധപ്പെട്ട അപ്പീലുകൾ കൈകാര്യം ചെയ്യുന്നതിനാണ് ഈ സെക്ഷൻ രൂപീകരിച്ചിട്ടുള്ളത്. ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അന്വേഷണങ്ങളും/പരാതികളും ഈ സെക്ഷൻ കൈകാര്യം ചെയ്യുന്നു. വിവരാവകാശ നിയമപ്രകാരം നിയമിച്ച അപ്പീൽ അധികാരിയായിട്ടുള്ള ഒരു ജോയിന്റ് സെക്രട്ടറിയുടെ മേൽനോട്ടത്തിലാണ് ഈ സെക്ഷൻ പ്രവർത്തിച്ച് വരുന്നത്. **കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ 18 സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരും 19 അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരും ഒരു അപ്പീൽ അധികാരിയുമാണ് നിയോഗിക്കപ്പെട്ടിട്ടുള്ളത്.**

അണ്ടർ സെക്രട്ടറി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ സംസ്ഥാന പൊതു വിവരാവകാശ ഓഫീസറായി നിയമിക്കുകയും ടി ഓഫീസറുടെ കീഴിൽ രണ്ട് സെക്ഷനുകൾ ഉൾപ്പെടുത്തിക്കൊണ്ട് നിലവിലുണ്ടായിരുന്ന കേന്ദ്രീകൃത സംവിധാനം 01/03/2014 മുതൽ കമ്മീഷന്റെ തീരുമാനപ്രകാരം നിലവിൽ വന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മാരുടെ തീരുമാനത്തിനെതിരെയുള്ള ഒന്നാമത്തെ അപ്പീൽ അപേക്ഷകൾ സ്വീകരിക്കുന്നതി നായി താഴെ പറയുന്ന വിഭാഗം ജീവനക്കാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

| | |
|---|---|
| സെക്ഷൻ ആഫീസർ | 1 |
| അസിസ്റ്റന്റുമാർ | 3 |
| ടൈപ്പിസ്റ്റ് | 1 |
| ഓഫീസ് അറ്റൻഡന്റ് | 1 |

**2005** വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട വകുപ്പുതല അച്ചടക്ക നടപടിയുടെ വിശദ വിവരം

സംസ്ഥാന വിവരാവകാശ കമ്മീഷനിൽ ശ്രീ.സിജുകുമാർ.ബി.യുടെ അപ്പീലിന്മേലുള്ള വിധി ന്യായത്തിൽ (AP No.2425(1)14/SIC) ഒരു വകുപ്പുതല അച്ചടക്ക നടപടി പ്രസ്തുത വിവരാവകാശ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. യിലെ പെയിന്റർ തസ്തികയുടെ പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനായി അവസരം നൽകുന്നതുമായി ബന്ധപ്പെട്ട് ശ്രീ.സിജുകുമാർ.ബി., ശ്രീ.പ്രതീഷ് കുമാർ.എൽ., ശ്രീ. ജിനേഷ് കുമാർ.എം. എന്നിവർക്ക് വ്യത്യസ്ത മറുപടി നല്കിയതുമായി ബന്ധപ്പെട്ടതാണ് പ്രസ്തുത വിഷയം . ആയതിലേയ്ക്ക് അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുണ്ട്.

കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ ശുപാർശ ചെയ്ത അച്ചടക്ക നടപടിയുടെ വിശദാംശങ്ങൾ

13.11.2010 ൽ ഗവ: സെക്രട്ടറിയേറ്റ് ടൈപ്പിസ്റ്റ് (കാറ്റഗറി നമ്പർ 349/2008) തസ്തികയിലേയ്ക്ക് നടന്ന ഒ.എം.ആർ. പരീക്ഷയുടെ സ്ക്രിപ്റ്റ് പകർപ്പ് ലഭിക്കുന്നതിനായുള്ള ശ്രീ.അരുൺകുമാർ.ആർ.വി.യുടെ രണ്ടാമത്തെ അപ്പീൽ ഹർജിയിന്മേൽ സംസ്ഥാന വിവരാവകാശ കമ്മീഷന്റെ 09.11.2016 തീയതിയിലെ ഉത്തരവിൻ പ്രകാരം അപേക്ഷകന് ആവശ്യപ്പെട്ട വിവരങ്ങൾ സൗജന്യമായി നല്കുവാൻ ഉത്തരവായിരുന്നു. തുടർന്ന് ഒ.എം.ആർ.സെക്ഷനനിൽ നിന്നും അപേക്ഷകന്റെ ഒ.എം.ആർ. സ്ക്രിപ്റ്റ് ലഭ്യമല്ലാ യെന്നറിയിച്ചതിനെത്തുടർന്ന് അസ്സൽ ഒ.എം.ആർ.ഷീറ്റ് ലഭ്യമല്ലാത്തതുകൊണ്ട്

09.11.2016 ലെ ഉത്തരവ് നടപ്പിലാക്കാൻ കഴിയില്ലായെന്ന് SPIO കേരള സംസ്ഥാന വിവരാവകാശ കമ്മീഷനെ അറിയിക്കുകയുണ്ടായി. മേൽ വാദം കമ്മീഷൻ അംഗീകരിക്കാതെ ഒ.എം.ആർ. ഷീറ്റ് ലഭ്യമാക്കാത്തതിന് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ശുപാർശ ചെയ്യുകയുണ്ടായി. തുടർന്ന് ടി വിഷയത്തിൽ റിപ്പോർട്ട് തയ്യാറാക്കി പി.എസ്.സി. സെക്രട്ടറിക്ക മുമ്പാകെ സമർപ്പിക്കുകയും ടി റിപ്പോർട്ട് തുടർ നടപടികൾക്കായി എസ്.എസ്.വിഭാഗത്തിലേയ്ക്ക് കൈമാറുകയും ചെയ്തു.

പരാമർശം:

1) IDS1(1)2253/16/GW dated 13.03.2017

2) SIC No AP 866(1)/2015/SIC (File No. 5390/SIC-G 4/2015)

വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട കൈക്കൊണ്ട വകുപ്പുതല അച്ചടക്ക നടപടി

ഇല്ല

റിപ്പോർട്ട് കാലയളവിലെ പ്രസ്തുത സെക്ഷനുകളുടെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ XXXIII മുതൽ XXXIX വരെയുള്ള അനുബന്ധത്തിൽ ഉൾപെടുത്തിയിട്ടുണ്ട്.

## ഗ്രന്ഥശാല

അംഗത്വം ജീവനക്കാർക്കും മെമ്പർമാർക്കുമായി പരിമിതപ്പെടുത്തിയിട്ടുള്ള ഒരു വായനാധഷ്ഠിതമായ നിർദ്ദേശക ഗ്രന്ഥശാലയായി കേരള പബ്ലിക് സർവീസ് കമ്മീഷൻ ഗ്രന്ഥശാല പ്രവർത്തിച്ചുവരുന്നു. ഇതു കൂടാതെ താഴെ പറയുന്ന പ്രവർത്തനങ്ങളും ഗ്രന്ഥശാലയിൽ കൈകാര്യം ചെയ്യുന്നു.

1 കമ്മീഷൻ മുൻ കാലഘട്ടത്തിൽ നടത്തിയിട്ടുള്ള വകുപ്പുതല പരീക്ഷകളുടെയും, മത്സര പരീക്ഷകളുടെയും ചോദ്യപേപ്പറുകളുടെ സൂചിക തയ്യാറാക്കൽ

2 കമ്മീഷൻ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളുടെ സൂചിക തയ്യാറാക്കൽ

3 ഗ്രന്ഥശാലയിൽ ലഭ്യമാകുന്ന പുസ്തകങ്ങളുടെ തരംതിരിക്കലും പട്ടിക തയ്യാറാക്കലും

4 റെഡി റെഫറൻസ് സേവനം

## അദ്ധ്യായം - 6

## വരവും ചെലവു കൾ , കത്തിടപാടുകൾ, ആന്തരിക കണക്ക് പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനരീതി

### വരവും ചെലവും

വകുപ്പുതലപരീക്ഷകൾക്കുള്ള അപേക്ഷാഫീസ്, വകുപ്പുതലപരീക്ഷയുടെ സർട്ടിഫിക്കറ്റ് ഫീസ്, കോർട്ട്ഫീസ്റ്റാമ്പുകൾ, ഇന്ത്യൻ പോസ്റ്റൽ ഓർഡർ, പി.എസ്.സി ബുള്ളറ്റിനിന്റെയും, ഒ.എം.ആർ അപേക്ഷകളുടെയും വിൽപന തുടങ്ങിയവയിലൂടെ ലഭ്യമായ ആകെ വരവ് **2,97,51,191/-** രൂപയാണ്. മുൻ സാമ്പത്തിക വർഷത്തെ ആകെ വരവ് **2,34,19,094/-** രൂപയായിരുന്നു. നടപ്പ സാമ്പത്തിക വർഷത്തെ ആകെ ആഡിറ്റ് എസ്റ്റിമേറ്റ് (അനുവദിച്ചത്) **1,75,16,82,000/-** രൂപയും മുൻ സാമ്പത്തിക വർഷത്തെ **1,29,89,00,482/-** രൂപയെ അപേക്ഷി ച്ച് റിപ്പോർട്ട് കാലയളവിലെ ആകെ ചെലവ് **1,57,06,44,802/-** രൂപയാണ്. കമ്പ്യൂട്ടറൈസേഷനും ഓൺലൈൻ പരീക്ഷാ സെന്ററുകൾ സ്ഥാപിക്കുന്നതിനുമായി **9,84,12,000/-**രൂപ ബഡ്ജറ്റ് അലോട്മെന്റായി (പ്ലാൻ ഫണ്ട്) അനുവദിക്കുകയും **9,21,56,597/-** രൂപ ചെല വഴിക്കുകയും ചെയ്തിട്ടുണ്ട്.

വരവ് ചെലവ് കണക്കുകളുടെ വിശദാംശം അനുബന്ധം II-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### ആന്തരിക കണക്ക് പരിശോധനാ വിഭാഗം

30/03/2005 ലെ എസ്റ്റാ II (1) 1/2004/ഗ.വി ഉത്തരവ് പ്രകാരം ആദ്യമായി ഒരു ആന്തരിക കണക്ക് പരിശോധനാവിഭാഗം രൂപീകരിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ 01/04/2005 ൽ ആരംഭിക്കുകയും ചെയ്തു. 2016-17 കാലയളവിൽ താഴെ പട്ടികയിലെ വിവരപ്രകാരം, ആസ്ഥാന, മേഖലാ, ജില്ലാ ആഫീസുകളിലെ സാമ്പത്തിക കാര്യങ്ങളിൽ ഈ വിഭാഗം പരിശോധനകൾ നടത്തിയിരുന്നു.

| ക്രമ നമ്പർ | ആഫീസിന്റെ പേര് | കണക്ക് പരിശോധനാ കാലഘട്ടം | പരിശോധനാ തീയതി |
|---|---|---|---|
| 1 | ജില്ലാ ആഫീസ് കാസർഗോഡ് | 01/05/2015-30/04/2016 | 02/05/2016-05/05/2016 |
| 2 | ജില്ലാ ആഫീസ് തൃശ്ശൂർ | 01/06/2015-31/05/2016 | 21/06/2016-24/06/2016 |
| 3 | ജില്ലാ ആഫീസ് മലപ്പുറം | 01/07/2015-30/06/2016 | 11/07/2016-13/07/2016 |
| 4 | ജില്ലാ ആഫീസ് എറണാകുളം | 01/08/2015-31/07/2016 | 17/08/2016-20/08/2016 |
| 5 | ജില്ലാ ആഫീസ് ആലപ്പുഴ | 01/09/2015-31/08/2016 | 06/09/2016-09/09/2016 |
| 6 | ജില്ലാ ആഫീസ് കോഴിക്കോട് | 01/09/2015-31/08/2016 | 27/09/2016-30/09/2016 |
| 7 | ജില്ലാ ആഫീസ് കൊല്ലം | 01/10/2015-30/09/2016 | 04/10/2016-07/10/2016 |
| 8 | ജില്ലാ ആഫീസ് കണ്ണൂർ | 01/12/2015-30/11/2016 | 21/12/2016-24/12/2016 |
| 9 | ജില്ലാ ആഫീസ് വയനാട് | 01/11/2015-31/10/2016 | 08/11/2016-11/11/2016 |
| 10 | ജില്ലാ ആഫീസ് ഇടുക്കി | 01/12/2015-30/11/2016 | 05/12/2016-08/12/2016 |
| 11 | ജില്ലാ ആഫീസ് പത്തനംതിട്ട | 01/11/2015-31/12/2016 | 10/01/2017-13/01/2017 |
| 12 | ജില്ലാആഫീസ് തിരുവനന്തപുരം | 01/02/2016-31/01/2017 | 07/02/2017-10/02/2017 |
| 13 | ജില്ലാ ആഫീസ് കോട്ടയം | 01/01/2016-31/12/2016 | 18/01/2017-21/01/2017 |
| 14 | ജില്ലാ ആഫീസ് പാലക്കാട് | 01/03/2016-28/02/2017 | 14/03/2017-17/03/2017 |
| 15 | മേഖലാ ആഫീസ് കൊല്ലം | 01/06/2015-31/05/2016 | 14/06/2016-16/06/2016 |
| 16 | മേഖലാ ആഫീസ് കോഴിക്കോട് | 01/08/2015-31/07/2016 | 08/08/2016-10/08/2016 |
| 17 | മേഖലാആഫീസ് എറണാകുളം | 01/07/2015-30/06/2016 | 20/07/2016-23/07/2016 |

മുൻ പട്ടികയിൽ വിവരിച്ചത് കൂടാതെ ആസ്ഥാന ആഫീസിലെ അക്കൗണ്ട്സ് സെക്ഷനിൽ പരിശോധനകൾ നടത്തുകയും ചെയ്തു.കൃത്യമായ മിച്ചം തുക മനസ്സിലാക്കുന്നതിനായി ആസ്ഥന ഓഫീസിലെ ക്യാഷ് ചെസ്റ്റിന്റെ ആക്സ്മിക പരിശോധനകളും നടത്തിയിട്ടുണ്ട്. ഇന്റേണൽ ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി സെക്രട്ടറിയുടെ ചേമ്പറിൽ വച്ച് 27/07/2016,

14/10/2016, 27/01/2017 & 21/04/217 എന്നീ തീയതികളിൽ നാലു വിലയിരുത്തൽ യോഗം ചേരുകയുണ്ടായി.

## കത്തിടപാടുകൾ


സർക്കാരിൽ നിന്നും, വിവിധ വകുപ്പ് മേധാവികളിൽ നിന്നും, വിവിധ കമ്പനികൾ, കോർപ്പറേഷനുകൾ, ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും, മറ്റ് പരാതികളായും ആകെ **1,23,886** കത്തുകൾ റിപ്പോർട്ട് കാലയളവിൽ ലഭ്യമായിട്ടുണ്ട്. ഇതിൽ **51,492** എണ്ണം ആസ്ഥാന ആഫീസിലും, **8,125** എണ്ണം മേഖലാ ആഫീസുകളിലും **64,269** എണ്ണം ജില്ലാ ആഫീസുകളിലുമാണ് ലഭിച്ചത്. **1,893** എണ്ണം സർക്കാരിൽ നിന്നും **59,938** എണ്ണം വിവിധ വകുപ്പു കളുടെയും, കമ്പനികൾ, കോർപ്പറേഷനുകൾ, ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെയും മേധാവികളിൽ നിന്നാണ് ലഭ്യമായത്. **62,055** എണ്ണം പരാതികളും മറ്റ് അനാമത്ത് കത്തുകളുമാണ്.

കത്തിടപാടുകൾ ഒറ്റനോട്ടത്തിൽ

| 2016-17 ൽ ലഭിച്ച കത്തിടപാടുകൾ | | | | | | | |
|---|---|---|---|---|---|---|---|
| | | സർക്കാരിൽ നിന്നും | വകുപ്പ് മേധാവികളിൽ നിന്നും | ഉദ്യോഗാർത്ഥികളിൽ നിന്നും | അനാമത്ത് വക | ആകെ |
| ആസ്ഥാന ആഫീസ് | | 723 | 16,795 | 14,981 | 18,993 | 51,492 |
| മേഖലാ ആഫീസ് | കൊല്ലം | 5 | 1,964 | 0 | 2,307 | 4,276 |
| | എറണാകുളം | 0 | 359 | 0 | 759 | 1,118 |
| | കോഴിക്കോട് | 5 | 1,251 | 0 | 1,475 | 2,731 |
| 1 | തിരുവനന്തപുരം | 0 | 3,354 | 2,184 | 0 | 5,538 |
| 2 | കൊല്ലം | 0 | 2,902 | 0 | 3,442 | 6,344 |
| 3 | പത്തനംതിട്ട | 9 | 2,258 | 0 | 868 | 3,135 |
| 4 | ആലപ്പുഴ | 4 | 776 | 0 | 3,065 | 3,845 |
| 5 | കോട്ടയം | 32 | 2,519 | 0 | 1,097 | 3,648 |

| | | | | | | |
|---|---|---|---|---|---|---|
| 6 | ഇടുക്കി | 141 | 2,843 | 0 | 692 | 3,676 |
| 7 | എറണാകുളം | 136 | 1,552 | 0 | 2,511 | 4,199 |
| 8 | തൃശ്ശൂർ | 0 | 3,342 | 0 | 1,126 | 4,468 |
| 9 | പാലക്കാട് | 0 | 3,383 | 0 | 1,305 | 4,688 |
| 10 | മലപ്പുറം | 524 | 3,919 | 0 | 1,095 | 5,538 |
| 11 | കോഴിക്കോട് | 45 | 4,250 | 0 | 1,398 | 5,693 |
| 12 | വയനാട് | 38 | 1,355 | 0 | 23 | 1,416 |
| 13 | കണ്ണൂർ | 88 | 3,938 | 0 | 3,327 | 7,353 |
| 14 | കാസർഗോഡ് | 143 | 3,178 | 0 | 1,407 | 4,728 |
| ആകെ | | **1,893** | **59,938** | **17,165** | **44,890** | **1,23,886** |

ലഭിച്ച കത്തിടപാടുകൾ - ഗ്രാഫ് രൂപത്തിൽ




## അയച്ചകത്തുകൾ

റിപ്പോർട്ട് കാലയളവിനുള്ളിൽ **2,45,752** കത്തുകൾ സർക്കാരിലേയ്ക്കും, വിവിധ വകുപ്പു മേധാവികൾക്കും, കമ്പനികൾ, കോർപ്പറേഷനുകൾ, ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ, **യൂണിവേഴ്സിറ്റികൾ** എന്നിവയിലേക്കുമായി അയച്ചിട്ടുണ്ട്. ഇതിൽ **75,417** എണ്ണം ആസ്ഥാന ആഫീസിൽ നിന്നും **19,934** എണ്ണം മേഖലാ ആഫീസുകളിൽ നിന്നും **1,50,401** എണ്ണം ജില്ലാ ആഫീസുകളിൽ നിന്നുമാണ് അയച്ചത്. **3,326** എണ്ണം സർക്കാരിലേക്കും, **62,053** എണ്ണം വിവിധ വകുപ്പുകളുടെയും,


കമ്പനികൾ, കോർപ്പറേഷനുകൾ, ബോർഡുകൾ എന്നിവയുടെയും, സഹകരണ സ്ഥാപനങ്ങളുടെയും യൂണിവേഴ്സിറ്റികളുടെയും മേധാവികൾക്കുമാണ് അയച്ചത്. ഉദ്യോഗാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് രൂപത്തിലും നിരസന അറിയിപ്പായും **1,71,313** കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. ഇതിൽ **49,124** എണ്ണം ആസ്ഥാന ആഫീസിൽ നിന്നും, **17,386** എണ്ണം മേഖലാ ആഫീസിൽ നിന്നും **1,04,803** എണ്ണം ജില്ലാ ആഫീസുകളിൽ നിന്നുമാണ് അയച്ചിട്ടുള്ളത്. അനാമത്ത് വകയിൽ **9,060** കത്തിടപാടുകൾ നടത്തിയിട്ടുള്ളതിൽ **1,094** എണ്ണം ആസ്ഥാന ആഫീസിൽ നിന്നും, **7,966** എണ്ണം മേഖലാ/ജില്ലാ ആഫീസുകളിൽ നിന്നുമാണ്. കൂടാതെ റിപ്പോർട്ട് കാലയളവിൽ **2,19,15,885** എസ്.എം.എസ് അറിയിപ്പുകളും **85,929** ഒ.റ്റി.ആർ സർട്ടിഫിക്കറ്റുകളും ഉദ്യോഗാർത്ഥികൾക്ക് നല്കിയിട്ടുണ്ട്.


## അയച്ച കത്തിടപാടുകൾ ഒറ്റനോട്ടത്തിൽ

| **2016-17** ൽ അയച്ച കത്തിടപാടുകൾ | | | | | | |
|---|---|---|---|---|---|---|
| | | **സർക്കാരിലേയ്ക്ക്** | **വകുപ്പ് മേധാവികൾക്ക്** | **ഉദ്യോഗാർത്ഥികൾക്ക്** | അനാമത്ത് വക | ആകെ |
| ആസ്ഥാന ആഫീസ് | | 1,477 | 23,722 | 49,124 | 1,094 | 75,417 |
| മേഖലാ ആഫീസ് | കൊല്ലം | 3 | 1,048 | 13,161 | 201 | 14,413 |
| | എറണാകുളം | 0 | 184 | 475 | 0 | 659 |
| | കോഴിക്കോട് | 6 | 1,100 | 3,750 | 6 | 4,862 |
| 1 | തിരുവനന്തപുരം | 0 | 3,211 | 9,724 | 4 | 12,939 |
| 2 | കൊല്ലം | 0 | 2,802 | 6,735 | 18 | 9,555 |
| 3 | പത്തനംതിട്ട | 0 | 2,320 | 4,672 | 316 | 7,308 |
| 4 | ആലപ്പുഴ | 9 | 2,134 | 6,007 | 1,189 | 9,339 |
| 5 | കോട്ടയം | 39 | 2,187 | 6,516 | 201 | 8,943 |
| 6 | ഇടുക്കി | 15 | 1,846 | 5,437 | 0 | 7,298 |
| 7 | എറണാകുളം | 983 | 1,670 | 5,678 | 1,874 | 10,205 |
| 8 | തൃശ്ശൂർ | 0 | 2,367 | 6,798 | 1,266 | 10,431 |
| 9 | പാലക്കാട് | 0 | 3,575 | 8,966 | 511 | 13,052 |
| 10 | മലപ്പുറം | 524 | 3,652 | 14,521 | 176 | 18,873 |

| | | | | | | |
|---|---|---|---|---|---|---|
| 11 | കോഴിക്കോട് | 54 | 2,997 | 7,458 | 1,721 | 12,230 |
| 12 | വയനാട് | 26 | 1,090 | 2,350 | 0 | 3,466 |
| 13 | കണ്ണൂർ | 115 | 3,012 | 11,789 | 363 | 15,279 |
| 14 | കാസർഗോഡ് | 75 | 3,136 | 8,152 | 120 | 11,483 |
| ആകെ | | **3,326** | **62,053** | **1,71,313** | **9,060** | **2,45,752** |

അയച്ച കത്തിടപാടുകൾ - ഗ്രാഫ് രൂപത്തിൽ




## അദ്ധ്യായം - 7


## പരീക്ഷകൾ

### പരീക്ഷാവിഭാഗം

പരീക്ഷാവിഭാഗം, പരീക്ഷാവിഭാഗം അഡീഷണൽ സെക്രട്ടറിയുടെ ചുമതലയിൽ പ്രവർത്തിക്കുന്നു. വിവിധ തസ്തികകളിലേക്കുള്ള പരീക്ഷകൾ നടത്തുക എന്നതാണ് പരീക്ഷാ വിഭാഗത്തിന്റെ ഏറ്റവും പ്രമുഖമായ ചുമതല. സ്വീകാര്യമായ അപേക്ഷകരെ ഉൾക്കൊള്ളിച്ച് പട്ടികകൾ തയ്യാറാക്കുക, പരീക്ഷാകേന്ദ്രങ്ങൾ തീരുമാനിക്കുക, അഡ്മിഷൻ ടിക്കറ്റ് തയ്യാറാക്കുക, അവ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നിവ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റു കർത്തവ്യങ്ങളാണ്. ഉത്തരക്കടലാസുകളുടെ ക്രമീകരണം, മൂല്യ

നിർണ്ണയം, ഫലം തയ്യാറാക്കൽ എന്നിവയും പരീക്ഷാ വിഭാഗത്തിൽ കൈകാര്യം ചെയ്യുന്നു. റിപ്പോർട്ട് കാലയളവിൽ, **75,04,558** ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി 164 എഴുത്തു പരീക്ഷ/ഒ.എം.ആർ പരീക്ഷകളും **22,207** ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി **208** ഓൺലൈൻ പരീക്ഷകളും വിവിധ തസ്തികകളിലേയ്ക്കായി നടത്തിയിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ നടത്തിയ പരീക്ഷകളുടെ വിശദാംശം അനുബന്ധം **VI**-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**അവസാന പത്ത് വർഷത്തിൽ വിവിധ പരീക്ഷകൾക്ക് (Written/OMR/Online) ഉൾപ്പെടുത്തിയ ഉദ്യോഗാർത്ഥികളുടെ വിശദാംശം (ഗ്രാഫ് രൂപത്തിൽ )**




## അദ്ധ്യായം - 8


## തെരഞ്ഞെടുപ്പ്/നിയമനം - പൊതുവിൽ


### നിയമനം ഒറ്റനോട്ടത്തിൽ


| വിഷയം | 2015-2016 | 2016-2017 |
|---|---|---|
| വിജ്ഞാപനങ്ങൾ | 619 | 467 |
| വിജ്ഞാപനം ചെയ്ത തസ്തികകൾ | 969 | 783 |
| ലഭ്യമായ അപേക്ഷകൾ | 46,54,688 | 1,01,59,398 |
| എഴുത്തു പരീക്ഷയ്ക്ക് അനുവദിച്ചവർ | 50,26,351 | 75,26,765 |
| പ്രായോഗിക പരീക്ഷയ്ക്ക് അനുവദിച്ചവർ | 11,239 | 14,884 |

| | | |
|---|---|---|
| കായികക്ഷമതാ പരീക്ഷയ്ക്ക് അനുവദിച്ചവർ | 13,120 | 70,948 |
| അഭിമുഖത്തിന് അനുവദിച്ചവർ | 20,026 | 36,682 |
| പ്രസിദ്ധീകരിച്ച റാങ്ക്പട്ടികകൾ | 685 | 1,124 |
| നിലവിലുള്ള റാങ്ക്പട്ടികകൾ | 2,075 | 2,190 |
| റദ്ദായ/കാലഹരണപ്പെട്ട റാങ്ക്പട്ടികകൾ | 386 | 657 |
| നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥികൾ | 26,234 | 38,166 |
| ഒ റ്റി ആർ സർട്ടിഫിക്കറ്റുകൾ | | 85,929 |

**നിയമനം ഒറ്റനോട്ടത്തിൽ (ഗ്രാഫ് രൂപത്തിൽ )**



## വിജ്ഞാപനങ്ങൾ

റിപ്പോർട്ട് കാലയളവിൽ **783** തസ്തികകൾ വിവിധ വിഭാഗങ്ങളിലായി വിജ്ഞാപനം ചെയ്തു. വിജ്ഞാപനത്തിന്റെ വിശദാംശങ്ങൾ അനുബന്ധം III ൽ ഉ ൾപ്പെടുത്തിയിട്ടുണ്ട്.

### വിജ്ഞാപനം ചെയ്ത തസ്തികകൾ ഒറ്റനോട്ടത്തിൽ

| | ആസ്ഥാന ആഫീസ് | | മേഖലാ ആഫീസ് | | ജില്ലാ ആഫീസ് | | ആകെ |
|---|---|---|---|---|---|---|---|
| വിശദാംശം | പൊതു വിഭാഗം | പട്ടികജാതി/ വർഗ്ഗ വിഭാഗം | പൊതു വിഭാഗം | പട്ടികജാതി/ വർഗ്ഗ വിഭാഗം | പൊതു വിഭാഗം | പട്ടികജാതി/ വർഗ്ഗ വിഭാഗം | |
| സംസ്ഥാന സർവീസ് | 110 | 10 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 120 |
| സബോർഡിനേറ്റ് സർവീസ് | 68 | 42 | ഇല്ല | ഇല്ല | 424 | 57 | 591 |
| കമ്പനികൾ/ കോർപറേഷൻ/ ബോർഡുകൾ | 39 | 4 | ഇല്ല | ഇല്ല | 9 | ഇല്ല | 52 |
| സഹകരണ സ്ഥാപനങ്ങൾ | 8 | ഇല്ല | ഇല്ല | ഇല്ല | 12 | ഇല്ല | 20 |
| അർഹതാനിർണയം യോഗ്യതാനിർണയം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ആകെ | 225 | 56 | ഇല്ല | ഇല്ല | 445 | 57 | 783 |

സംവരണസമുദായങ്ങൾക്കുള്ള പ്രത്യേക തെരഞ്ഞെടുപ്പിനായി **164** തസ്തികകൾ റിപ്പോർട്ട് കാലയളവിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. സംവരണ സമുദായങ്ങൾക്കുള്ള പ്രത്യേക തെരഞ്ഞെടുപ്പുവഴി നികത്തപ്പെട്ട ഒഴിവുകളുടെ വിശദാംശങ്ങൾ അനുബന്ധം XIII- ൽ ഉറപ്പെടുത്തിയിട്ടുണ്ട്.

### സംവരണ സമുദായങ്ങൾക്കായുള്ള പ്രത്യേക(N.C.A)വിജ്ഞാപനം- ഒറ്റനോട്ടത്തിൽ

| വിശദാംശങ്ങൾ | സംസ്ഥാനതലം | ജില്ലാ തലം | ആകെ |
|---|---|---|---|
| സംസ്ഥാന സർവ്വീസ് | 31 | ഇല്ല | 31 |
| സബോർഡിനേറ്റ് സർവ്വീസ് | 20 | 102 | 122 |

| | | | |
|---|---|---|---|
| കമ്പനികൾ/കോർപ്പറേഷനുകൾ/ ബോർഡുകൾ/സഹകരണ സ്ഥാപനങ്ങൾ | 2 | ഇല്ല | 2 |
| കോ ഓപ്പറേറ്റീവ് സെക്ടർ | 3 | 6 | 9 |
| **ആകെ** | **56** | **108** | **164** |

## തെരഞ്ഞെടുപ്പിനുള്ള അപേക്ഷകൾ

വിവിധ തസ്തികകളിലെ തെരഞ്ഞെടുപ്പിനായി ആകെ ലഭ്യമായ അപേക്ഷകൾ **1,01,59,398** ആണ്. ഇതിൽ **48,48,729** എണ്ണം സംസ്ഥാനതല തെരഞ്ഞെ ടുപ്പുകൾക്കും **53,10,669** എണ്ണം ജില്ലാ തല തെരഞ്ഞെ ടുപ്പുകൾക്കുമാണ് ലഭിച്ചത്.

**വിശദാംശം ചുവടെ പട്ടികയിൽ.**


| വിശദ വിവരങ്ങൾ | ആസ്ഥാന ആഫീസ് | | മേഖലാ ആഫീസ് | | ജില്ലാ ആഫീസ് | | ആകെ |
|---|---|---|---|---|---|---|---|
| | പൊതു വിജ്ഞാപനം | പ്രത്യേക വിജ്ഞാപനം | പൊതു വിജ്ഞാപനം | പ്രത്യേക വിജ്ഞാപനം | പൊതു വിജ്ഞാപനം | പ്രത്യേക വിജ്ഞാപനം | |
| സംസ്ഥാന സർവ്വീസ് | 1,48,562 | 18,703 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | **1,67,265** |
| സബോർഡിനേറ്റ് സർവ്വീസ് | 11,43,846 | 3,28,826 | ഇല്ല | ഇല്ല | 50,74,496 | 1,86,504 | **67,33,672** |
| കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ | 24,20,751 | 12,499 | ഇല്ല | ഇല്ല | 47,567 | ഇല്ല | **24,80,817** |
| സഹകരണ സ്ഥാപനങ്ങൾ | 7,75,542 | NIL | ഇല്ല | ഇല്ല | 303 | 1,799 | **7,77,644** |
| **ആകെ** | **44,88,701** | **3,60,028** | ഇല്ല | ഇല്ല | **51,22,366** | **1,88,303** | **1,01,59,398** |

## അവസാന പത്ത് വർഷത്തിൽ ലഭ്യമായ അപേക്ഷകളുടെ താരതമ്യ വിശകലനം (പട്ടിക രൂപത്തിൽ )

| വർഷം | അപേക്ഷകളുടെ എണ്ണം |
|---|---|
| 2007-2008 | 16,16,105 |
| 2008-2009 | 16,42,772 |
| 2009-2010 | 29,43,872 |
| 2010-2011 | 42,45,693 |

| | |
|---|---|
| 2011-2012 | 17,13,064 |
| 2012-2013 | 34,69,844 |
| 2013-2014 | 60,49,288 |
| 2014-2015 | 58,11,567 |
| 2015-2016 | 46,54,692 |
| 2016-2017 | 1,01,59 ,398 |

## അവസാന പത്ത് വർഷത്തിൽ ലഭ്യമായ അപേക്ഷകളുടെ താരതമ്യ വിശകലനം (ഗ്രാഫ് രൂപത്തിൽ )




## തെരഞ്ഞെടുപ്പിന്റെ ഘട്ടങ്ങൾ

റിപ്പോർട്ട് കാലയളവിൽ തീർപ്പ് കൽപ്പിക്കാനുള്ള അപേക്ഷകൾ തെരഞ്ഞെടുപ്പ് നടപടിയുടെ വിവിധ ഘട്ടങ്ങളിലാണ്.

## എഴുത്തു പരീക്ഷ/ഒ.എം.ആർ/ഓൺലൈൻ പരീക്ഷകൾ

റിപ്പോർട്ട് കാലയളവിൽ **75,04,558** ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി **164** എഴുത്തു പരീക്ഷ/ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷകളും **22,207** ഉദ്യോഗാർത്ഥികളെ

ഉൾപ്പെടുത്തി **208** ഓൺലൈൻ പരീക്ഷകളും നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾക്ക് അനുബന്ധം VI കാണുക.

## പ്രായോഗിക പരീക്ഷ/കായിക ക്ഷമതാ പരീക്ഷ

**146** തസ്തികകൾക്കായി **85,832** ഉദ്യോഗാർത്ഥികളെ പ്രായോഗിക/ കായിക ക്ഷമതാ പരീക്ഷയ്ക്ക് വിധേയമാക്കി. വിശദാംശങ്ങൾ അനുബന്ധം VII ൽ ചേർത്തിട്ടുണ്ട്.

## അഭിമുഖം

**435** തസ്തികകളിലേക്ക് **36,682** ഉദ്യോഗാർത്ഥികളെ അഭിമുഖത്തിനായി ക്ഷണിച്ചു. വിശദാംശം അനുബന്ധം VIII ൽ ചേർത്തിട്ടുണ്ട്.

## ചുരുക്കപ്പട്ടിക/റാങ്ക്പട്ടിക പ്രസിദ്ധീകരിക്കാനുള്ള തസ്തികകൾ

എഴുത്തുപരീക്ഷ/പ്രായോഗിക പരീക്ഷ/അഭിമുഖം കഴിഞ്ഞതും റാങ്ക്പട്ടിക/ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കാനുള്ളതുമായ തസ്തികകളുടെ വിശദാംശം അനുബന്ധം IV ൽ ചേർത്തിരിക്കുന്നു.

## തെരഞ്ഞെടുപ്പ് രീതി

കൃത്യനിർവഹണത്തിന്റെ സ്വഭാവമനുസരിച്ച് ഉദ്യോഗാർത്ഥികളുടെ ഗുണ നിലവാരം നിർണ്ണയിക്കുകയും താഴെ പറയുന്നതിൽ ഒന്നോ അതിലധികമോ പ്രക്രിയ കൾ വഴി തെരഞ്ഞെടുപ്പ് നടപടി പൂർത്തീകരിക്കുകയും ചെയ്യുന്നു.

1. എഴുത്തു/ഒഎംആർ/ഓൺലൈൻ പരീക്ഷ മാത്രം
2. എഴുത്തു/ഒഎംആർ/ഓൺലൈൻ പരീക്ഷ + പ്രായോഗിക പരീക്ഷ/ കായിക ക്ഷമതാ പരീക്ഷ

3. എഴുത്തു/**ഒഎംആർ/ഓൺലൈൻ** പരീക്ഷ + പ്രായോഗിക പരീക്ഷ/ കായിക ക്ഷമതാ പരീക്ഷ + അഭിമുഖം
4. എഴുത്തു/ **ഒഎംആർ /ഓൺലൈൻ** പരീക്ഷ + അഭിമുഖം
5. പ്രായോഗിക പരീക്ഷ/കായികക്ഷമതാ പരീക്ഷ + അഭിമുഖം
6. അഭിമുഖം മാത്രം

കോളേജുകളിലെയും, ഹയർ സെക്കന്ററി സ്കൂളുകളിലെയും അധ്യാപക തസ്തികകളു **ടേതുൾപ്പെടെ ചില തെരെഞ്ഞെടുപ്പുകളിൽ** ഉദ്യോഗാർത്ഥികൾക്ക് യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ ശതമാനം കൂടി പരിഗണിച്ചു വരുന്നു.

## <u>പ്രസിദ്ധീകരിച്ച റാങ്ക് പട്ടികകൾ</u>

കമ്മീഷന്റെ ആസ്ഥാന, മേഖലാ ജില്ലാ ആഫീസുകളിൽ നിന്നായി **1,38,788** ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി **1,124** റാങ്ക് പട്ടികകൾ വിവിധ തസ്തികകളി ലേ യ്ക്കായി റിപ്പോർട്ട് കാലയളവിൽ പ്രസിദ്ധീകരിച്ചു.

റിപ്പോർട്ട് കാലയളവിൽ പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയുടെ വിശദാംശങ്ങൾ അനുബന്ധം IX-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## <u>നിലവിലുള്ള റാങ്ക് പട്ടികകൾ</u>

3,80,165 ഉദ്യോഗാർത്ഥികളുടെ പേരുകൾ ഉൾക്കൊള്ളുന്ന **2,190** റാങ്ക്പട്ടികകൾ വിവിധ തസ്തികകളിലേക്ക് റിപ്പോർട്ട് കാലയളവിൽ നിലവിലുണ്ട്. വിശദാംശങ്ങൾ അനുബന്ധം **X** – ൽ ചേർത്തിട്ടുണ്ട്.

## <u>കാലാവധി തീർന്ന/റദ്ദായ റാങ്ക് പട്ടികകൾ</u>

വിവിധ തസ്തികകളിലേക്കുള്ള **657** റാങ്ക് പട്ടികകൾ റിപ്പോർട്ട് കാലയളവിൽ കാലാവധി തീരുകയോ റദ്ദാകുകയോ ചെയ്തിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ

റദ്ദായതോ കാലാവധി തീർന്നതോ ആയ റാങ്ക്പട്ടികകളുടെ വിശദാംശങ്ങൾ അനുബന്ധം XI - ൽ ചേർത്തിട്ടുണ്ട്.

റിപ്പോർട്ട് കാലയളവിൽ, ഒരു ഉദ്യോഗാർത്ഥിയെപോലും നിയമന ശിപാർശ ചെയ്യാതെ കാലാവധി അവസാനിച്ച **11 (**പതിനൊന്ന്**)** റാങ്ക് പട്ടികകൾ ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം - **XII** ൽ ചേർത്തിട്ടുണ്ട്.

## റാങ്ക് പട്ടികകൾ- ഒറ്റനോട്ടത്തിൽ

| വിശദാംശങ്ങൾ | റിപ്പോർട്ട് കാലയളവിൽ പ്രസിദ്ധീകരിച്ചവ | | റിപ്പോർട്ട് കാലയളവിൽ നിലവിലുള്ളവ | | കാലാവധി തീർന്നതോ/ റദ്ദായതോ ആയവ | |
|---|---|---|---|---|---|---|
| | ജനറൽ | സ്പെഷ്യൽ | ജനറൽ | സ്പെഷ്യൽ | ജനറൽ | സ്പെഷ്യൽ |
| **ആസ്ഥാന ആഫീസ്** | | | | | | |
| സംസ്ഥാന സർവ്വീസ് | 128 | 23 | 152 | 30 | 54 | 13 |
| സബോർഡിനേറ്റ് സർവ്വീസ് | 253 | 9 | 234 | 17 | 113 | 8 |
| കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ | 77 | 1 | 97 | 22 | 10 | 3 |
| സഹകരണ സ്ഥാപനങ്ങൾ | 29 | ഇല്ല | 46 | ഇല്ല | 1 | 8 |
| **മേഖലാ ആഫീസുകൾ** | | | | | | |
| സംസ്ഥാന സർവ്വീസ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| സബോർഡിനേറ്റ് സർവ്വീസ് | 1 | ഇല്ല | 72 | 5 | 5 | ഇല്ല |
| കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ | ഇല്ല | ഇല്ല | 37 | 3 | 3 | ഇല്ല |
| സഹകരണ സ്ഥാപനങ്ങൾ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

| ജില്ലാ ഓഫീസുകൾ | | | | | | |
|---|---|---|---|---|---|---|
| സംസ്ഥാന സർവ്വീസ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| സബോർഡിനേറ്റ് സർവ്വീസ് | 620 | 28 | 1310 | 96 | 370 | 32 |
| കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ | 7 | ഇല്ല | 13 | ഇല്ല | 22 | 4 |
| സഹകരണ സ്ഥാപനങ്ങൾ | 25 | ഇല്ല | 56 | ഇല്ല | 11 | ഇല്ല |


## നിയമന ശിപാർശകൾ

കമ്മീഷന്റെ ആസ്ഥന/ജില്ലാ ആഫീസുകളിൽ നിന്നായി **38,166** ഉദ്യോഗാർത്ഥികൾക്ക്(ഭിന്നശേഷി/തസ്തികമാറ്റം/എൻ.സി.എ എന്നിവ ഉൾപ്പെടെ) ഉദ്യോഗത്തിനായി നിയമന ശിപാർശ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ

നിയമന ശിപാർശ പട്ടിക രൂപത്തിൽ

| Details | Head Office | | | | | | | Regional office | | | | | | | Distict Office | | | | | | | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | General | | Special | | PH | | B/T | General | | Special | | PH | | B/T | General | | Special | | PH | | B/T | |
| | M | F | M | F | M | F | | M | F | M | F | M | F | | M | F | M | F | M | F | | |
| State service | 1247 | 1006 | 92 | 33 | 13 | 4 | 37 | | | | | | | | | | | | | | 0 | 2432 |
| Subordinate service | 676 | 1318 | 75 | 57 | 27 | 12 | 22 | 1302 | 2146 | | | 11 | 17 | | 7660 | 10877 | 99 | 66 | 292 | 182 | 553 | 25392 |
| Company/Corporation/Board/Local authorities/Universities | 1047 | 824 | 3 | 15 | 18 | 19 | | 3153 | 3154 | | | 29 | 24 | | 832 | 196 | 6 | 16 | | | 0 | 9336 |
| Co-operative Sector | 55 | 69 | | | | | | | | | | | | | 151 | 90 | | | 1 | 1 | 6 | 373 |
| NCA Advice | 84 | 79 | 0 | 0 | 0 | 0 | 0 | 22 | 8 | | | 0 | 0 | | 236 | 204 | 0 | 0 | 0 | 0 | 0 | 633 |
| Total | 3109 | 3296 | 170 | 105 | 58 | 35 | 59 | 4477 | 5308 | 0 | 0 | 40 | 41 | 0 | 8879 | 11367 | 105 | 82 | 293 | 183 | 559 | 38166 |

## നിയമന ശിപാർശ ഗ്രാഫ് രൂപത്തിൽ





## റിപ്പോർട്ട് കാലയളവിൽ ഒ.സി, ബി.സി. ഊഴങ്ങളിൽ നിയമന ശിപാർശ ലഭിച്ച സംവരണ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ വിശദാംശം ചുവടെ

| | State Service | Subordinate Service | Companies/ Corpns/ Boards/ Universities etc. | Co-Operative Sector | Total |
|---|---|---|---|---|---|
| | | | **EZHAVA** | | |
| OC Turn | 27 | 3089 | 1128 | 63 | **8230** |
| BC Turn | 254 | 2449 | 1181 | 39 | |
| **Total** | **281** | **5538** | **2309** | **102** | |
| | | | **SC** | | |
| OC Turn | 3 | 210 | 61 | 6 | **2831** |
| BC Turn | 65 | 1739 | 722 | 25 | |
| **Total** | **68** | **1949** | **783** | **31** | |
| | | | **ST** | | |
| OC Turn | - | 192 | - | - | **928** |
| BC Turn | 28 | 500 | 198 | 10 | |
| **Total** | **28** | **692** | **198** | **10** | |
| | | | **MUSLIM** | | |
| OC Turn | 109 | 451 | 38 | 30 | **4124** |
| BC Turn | 314 | 2143 | 1004 | 35 | |
| **Total** | **423** | **2594** | **1042** | **65** | |

| | | | | | |
|---|---|---|---|---|---|
| **LC/AI** | | | | | |
| OC Turn | 4 | 159 | 79 | 1 | **1423** |
| BC Turn | 25 | 778 | 366 | 11 | |
| **Total** | **29** | **937** | **445** | **12** | |
| **OBC** | | | | | |
| OC Turn | 17 | 687 | 266 | 11 | **2067** |
| BC Turn | 66 | 682 | 321 | 17 | |
| **Total** | **83** | **1369** | **587** | **28** | |
| **VISWAKARMA** | | | | | |
| OC Turn | 4 | 255 | 96 | 9 | **1170** |
| BC Turn | 16 | 504 | 276 | 10 | |
| **Total** | **20** | **759** | **372** | **19** | |
| **DHEEVARA** | | | | | |
| OC Turn | 1 | 131 | 72 | 3 | **542** |
| BC Turn | 3 | 204 | 124 | 4 | |
| **Total** | **4** | **335** | **196** | **7** | |
| **SIUC NADAR** | | | | | |
| OC Turn | 2 | 114 | 37 | 1 | **506** |
| BC Turn | 14 | 221 | 115 | 2 | |
| **Total** | **16** | **335** | **152** | **3** | |
| **OX** | | | | | |
| OC Turn | - | 38 | 18 | - | **341** |
| BC Turn | 1 | 195 | 87 | 2 | |
| **Total** | **1** | **233** | **105** | **2** | |
| **HINDU-NADAR** | | | | | |
| OC Turn | 1 | 121 | 9 | 1 | **407** |
| BC Turn | 4 | 168 | 97 | 6 | |
| **Total** | **5** | **289** | **106** | **7** | |

**പൊതു, സംവരണ ഊഴങ്ങളിൽ നിയമന ശിപാർശ ലഭിച്ച സംവരണ വിഭാഗവിഭാഗത്തിൽപ്പെട്ട ഉദ്യോ ഗാർത്ഥികളുടെ വിശദാംശം ഗ്രാഫ് രൂപത്തിൽ**





റിപ്പോർട്ട് കാലയളവിൽ നടത്തിയ നിയമന ശിപാർശകളുടെ വിശദാംശങ്ങൾ അനുബന്ധം XIII, XIV-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**കഴിഞ്ഞ 10 വർഷത്തിൽ കമ്മീഷൻ നടത്തിയ നിയമന ശിപാർശകളുടെ താരതമ്യ വിശകലനം**

| Year | No. of Advice |
|---|---|
| 2007-2008 | 29,723 |
| 2008-2009 | 17,858 |
| 2009-2010 | 51,213 |
| 2010-2011 | 42,505 |
| 2011-2012 | 33,919 |
| 2012-2013 | 29,925 |
| 2013-2014 | 33,001 |
| 2014-2015 | 27,213 |
| 2015-2016 | 26,234 |
| 2016-2017 | 38,166 |

**കഴിഞ്ഞ 10 വർഷത്തിൽ കമ്മീഷൻ നടത്തിയ നിയമന ശിപാർശകളുടെ താരതമ്യ വിശകലനം (ഗ്രാഫ് രൂപത്തിൽ)**




## DETAILS OF THROWN OUT / REGISTERED DURING THE FINANCIAL YEAR 2016-2017

| SL No | Name of Post and Department | Date of Advice | No of post Advised | Date of Re-Registration | Remarks |
|---|---|---|---|---|---|
| **Head Office Thiruvananthapuram** | | | | | |
| **NIL** | | | | | |
| **Regional Office, Kollam** | | | | | |
| 1 | LDC – Kerala Toddy Workers Welfare Fund Board | 06.05.2016 | 4 | 11.08.2016 | |
| **Regional Office, Ernakulam** | | | | | |
| **NIL** | | | | | |
| **Regional Office Kozhikode** | | | | | |
| **NIL** | | | | | |
| **District Office, Thiruvananthapuram** | | | | | |
| 1 | LD Typist, Treasury | 14.03.2017 | 1 | 23.03.2017 | |
| 2 | CA Gr II (Various), Health | 03.08.2016 | 1 | 28.10.2016 | |
| **District Office, Kollam** | | | | | |
| 1 | LDC – Irigation Department | 06/03/17 | | (Deemed thrown out) – 3 candidates | |
| 2 | LGS Various | 07.06.2016, | | 29.12.2016 – 1, | |

| | | | | | |
|---|---|---|---|---|---|
| | | 06.02.2017 | | 25.02.2017 – 6 candidates | |
| 3 | CA Gr II – Various | 11.07.2016 | | 18.10.2016<br>1 candidate | |
| 4 | LD Typist – Various | 19.09.2016 | | 16.03.2017<br>1 Candidate | |
| **District Office, Pathanamthitta** | | | | | |
| **NIL** | | | | | |
| **District Office, Alappuzha** | | | | | |
| **NIL** | | | | | |
| **District Office, Kottayam** | | | | | |
| 1 | LD Clerk – Various | 09/02/17 | 2 | 03.03.2017 | |
| 2 | LGS – Various | 18.12.2015 | 1 | 05.12.2016 | |
| **District Office, Idukki** | | | | | |
| NIL | | | | | |
| **District Office, Ernakulam** | | | | | |
| 1 | CA Gr II – Various | 23.07.2016 | 1 | 25.10.2016 | |
| **District Office, Thrissur** | | | | | |
| 1 | LGS – Judicial (Criminal) Department | 23.03.2016 | 1 | 17.05.2016 | |
| 2 | LD Typist – Various | 10.05.2016 | 1 | 02.07.2016 | |
| 3 | CA Gr II – Various | 12.07.2016 | 1 | 31.01.2017 | |
| 4 | LD Clerk – Various | 04.02.2017 | 4 | 27.02.2017 | |
| **District Office, Palakkad** | | | | | |
| 1 | LD Clerk – Stationery | 25.11.2015 | 1 | 01.07.2016 | Re-advised to Agriculture (HQ Vacancy) on 28.07.2016. |
| **District Office, Malappuram** | | | | | |
| 1 | Office Attendant – Various (Indian Systems of Medicines) | 29.09.2016 | 1 | Order in the letter No. DR II(1)/10/15/GW /DY-1 dated 08.11.2016 of the Secretary. | |

| | | | | | |
|---|---|---|---|---|---|
| 2 | Office Attendant – Various (Irrigation and Administration) | 13.01.2017 | 1 | Order in the Letter No. DR II(1)/16/15/GW dated 18.03.2017 of the Secretary. | |
| 3 | LD Clerk – Various (Irrigation) | 21.01.2017 | 4 | 18.02.2017 | |
| 4 | LD Typist – Various (Irrigation) | 03.02.2017 | 1 | 20.02.2017 | |
| **District Office, Wayanad** | | | | | |
| 1 | LDC – Various | 08/07/16 | 1 | 01.02.2017 | Re-advice-06/02/17 |
| 2 | CA Gr II | 05/02/13 | 1 | 01.04.2016 | Re-advice-24/06/16 |
| **District Office, Kozhikode** | | | | | |
| 1 | CA Gr II Land Revenue | 06.09.2016 | 1 | 20.02.2017 | Treated as deemed Thrown out |
| 2 | CA Gr II Economics and Statistics | 06.09.2016 | 1 | 24.03.2017 | |
| 3 | LDC Irrigation and Administration | 09.01.2017 | 2 | 18.02.2017 | |
| 4 | LDC Irrigation and Administration | 14.02.2017 | 4 | 06.03.2017 | |
| 5 | LGS – Office Attendant Ground Water (HQ Vacancy) | 28.03.2016 | 1 | 13.06.2016 | |
| **District Office, Kannur** | | | | | |
| 1 | LDC (Various) | 23.01.2017 | 2 | Deemed Thrownout | |
| **District Office, Kasaragod** | | | | | |
| 1 | LDC – Various | 01/06/16 | 1 | Deemed Thrownout Lr.No. DR1(1)653/15/ GW dated 25.10.2016 of the Secretary, KPSC. | |
| 2 | LDC – Various | 15.11.2016 | 1 | Deemed Thrownout on 31.12.2016. | |

## അദ്ധ്യായം- 9
## തെരഞ്ഞെടുപ്പ് നടപടികൾ- കമ്പനികൾ/കോർപറേഷനുകൾ/ബോർഡുകൾ/തദ്ദേശ സ്ഥാപനങ്ങൾ/യൂണിവേഴ്സിറ്റികൾ

ഇന്ത്യൻ ഭരണഘടനയുടെ **321**-ാം ആർട്ടിക്കിൾ പ്രകാരം സംസ്ഥാന നിയമ നിർമാണ സഭകൾ പാസാക്കിയിട്ടുള്ള ആക്ടനുസരിച്ച് കമ്മീഷന് അധിക ചുമതല നിർവഹിക്കേണ്ട വിവിധ കമ്പനികൾ/കോർപറേഷനുകൾ/ബോർഡുകൾ എന്നിവ യിലെ വിവിധ തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പ് സംബന്ധമായ വിഷയങ്ങൾ, ഒരു **അഡീഷണൽ** സെക്രട്ടറിയുടെ ചുമതലയിൽ പ്രവർത്തിക്കുന്ന കോർപറേഷൻ വിഭാഗം കൈകാര്യം ചെയ്തു വരുന്നു. നിലവിൽ കമ്പനികൾ/കോർപറേഷനുകൾ/ ബോർഡുകൾ തുടങ്ങി **101** സ്ഥാപനങ്ങളിലേ ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്തുവരുന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (യൂണിവേഴ്സിറ്റികളെ സംബന്ധിച്ച അധിക ചുമതല) ആക്റ്റ് 2015 ലെ ചട്ടം (3)അനുസരിച്ച് കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ അനധ്യാപക തസ്തിക കളുടെ നിയമന കാര്യങ്ങൾ കൂടി കമ്മീഷനിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. (G.O.(P)No.7/2016/ H.Edn. dated: 26.02.2016).

റിപ്പോർട്ട് കാലയളവിൽ കമ്പനികൾ/കോർപറേഷനുകൾ/ബോർഡുകൾ എന്നി വയിലെ **52** തസ്തികകളിലേയ്ക്കായി **24,80,817** അപേക്ഷകൾ സ്വീകരിക്കുകയും **9,336** ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

## അദ്ധ്യായം- 10

## തെരഞ്ഞെടുപ്പ്/നിയമനം - സഹകരണ വിഭാഗം

5/96 ആക്ട് പ്രകാരം 15 സഹകരണ സൊസൈറ്റികളിലേയ്ക്കും ജില്ലാ സഹകരണ ബാങ്കുകളിലേക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്യുന്നതി

നുള്ള അധികചുമതലകൾ കമ്മീഷനിൽ നിക്ഷിപ്തമാക്കി. 'ടി' ആക്ടുമായി ബന്ധപ്പെട്ട് 10/03/1998 ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (Consultation by committee of Co-operative Society) ചട്ടങ്ങൾ 1998 ൽ നിലവിൽ വരികയും ചെയ്തു. 'ടി' സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടപടികൾ ജോയിന്റ് സെക്രട്ടറിക്ക് കീഴിൽ പ്രവർത്തിക്കുന്ന കോ - ഓപ്പറേറ്റീവ് സെക്ടർ വിഭാഗത്തിൽ കൈകാര്യം ചെയ്തു വരുന്നു. 14 ജില്ലാ സഹകരണ ബാങ്കുകളിലേക്കും, 15 അപെക്സ് സഹകരണ സൊസൈറ്റികളിലേക്കും, 3 മറ്റ് സൊസൈറ്റികളിലേയ്ക്കും നിയമന നടപടികൾ കമ്മീഷന്റെ അധികാര പരിധിയിൽ വരുന്നു. നിലവിൽ 32 സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് കമ്മീഷന്റെ അധിക്കാരപരിധിയിലുള്ളത്.

റിപ്പോർട്ട് കാലയളവിൽ സഹകരണസ്ഥാപനങ്ങളിലെ **20** തസ്തികകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിക്കുകയും **7,77,644** അപേക്ഷകൾ ലഭ്യമാകുകയും **373** ഉദ്യോഗാർത്ഥികൾക്ക് നിയമനശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്.

## അദ്ധ്യായം– 11
## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു മാത്രമായുള്ള പ്രത്യേക തെരഞ്ഞെടുപ്പ്

1958 ലെ കേരള സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ 17-A നിബന്ധനയുടെയും സർക്കാരിന്റെ പ്രത്യേക നയത്തിന്റെയും അടിസ്ഥാനത്തിൽ, നിയമനാധികാരികൾ ഒഴിവുകൾ എഴുതി അറിയിക്കുന്നതനുസരിച്ച് പട്ടിക ജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക തെരഞ്ഞെടുപ്പ് നടപടികൾ കമ്മീഷൻ തുടർന്ന് വരുന്നു.

### വിജ്ഞാപനങ്ങൾ

റിപ്പോർട്ട് കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി 113 തസ്തികകളിലേക്ക് കമ്മീഷൻ പ്രത്യേക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ

## സ്പെഷ്യൽ റിക്രൂട്ട്മെന്റ് വിജ്ഞാപനങ്ങൾ

| സേവന വിഭാഗം | സംസ്ഥാനതലം | ജില്ലാതലം |
|---|---|---|
| സംസ്ഥാന സർവ്വീസ് | 10 | ഇല്ല |
| സബോർഡിനേറ്റ് സർവ്വീസ് | 42 | 57 |
| കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ | 4 | ഇല്ല |
| സഹകരണ സ്ഥാപനങ്ങൾ | ഇല്ല | ഇല്ല |
| **ആകെ** | **56** | **57** |

പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം III- ൽ വിശദമാക്കിയിട്ടുണ്ട്.


## ലഭ്യമായ അപേക്ഷകൾ

റിപ്പോർട്ട് കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മാത്രമായി വിജ്ഞാപനം ചെയ്ത **113** തസ്തികകളിലേക്ക് **5,46,532** അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

## പ്രത്യേക തെരഞ്ഞെടുപ്പ് – ലഭ്യമായ അപേക്ഷകൾ

| സേവന വിഭാഗം | സംസ്ഥാനതലം | | ജില്ലാതലം | | ആകെ |
|---|---|---|---|---|---|
| | തസ്തികകൾ | അപേക്ഷകൾ | തസ്തികകൾ | അപേക്ഷകൾ | |
| സംസ്ഥാന സർവ്വീസ് | 10 | 18,703 | ഇല്ല | ഇല്ല | 18,703 |
| സബോർഡിനേറ്റ് സർവ്വീസ് | 42 | 3,28,826 | 57 | 1,86,504 | 5,15,330 |
| കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ | 4 | 12,499 | ഇല്ല | ഇല്ല | 12,499 |
| സഹകരണ സ്ഥാപനങ്ങൾ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ആകെ | **56** | **3,60,028** | **57** | **1,86,504** | **5,46,532** |

## പ്രത്യേക തെരഞ്ഞെടുപ്പ് – ലഭ്യമായ അപേക്ഷകൾ (ഗ്രാഫ് രൂപത്തിൽ )





## പ്രത്യേക തെരഞ്ഞെടുപ്പ് – നിയമന ശിപാർശ കൾ

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നടത്തിയ നിയമന ശിപാർശകളുടെ വിശദാംശം അനുബന്ധം **XIV** ൽ ഉറപ്പെടുത്തിയിരിക്കുന്നു.

| സേവനവിഭാഗം | സംസ്ഥാന തലം | | | | ജില്ലാതലം | | | |
|---|---|---|---|---|---|---|---|---|
| | പട്ടികജാതി | | പട്ടികവർഗ്ഗം | | പട്ടികജാതി | | പട്ടികവർഗ്ഗം | |
| | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| സംസ്ഥാന സർവ്വീസ് | 77 | 17 | 15 | 16 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| സബോർഡിനേറ്റ് സർവ്വീസ് | 12 | 24 | 62 | 33 | 46 | 32 | 53 | 34 |
| കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ | 1 | 7 | 2 | 8 | 5 | 3 | 1 | 13 |
| സഹകരണ സ്ഥാപനങ്ങൾ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ആകെ | **90** | **48** | **79** | **57** | **52** | **37** | **55** | **47** |

## പ്രത്യേക തെരഞ്ഞെടുപ്പ് – നിയമന ശിപാർശകൾ(ഗ്രാഫ് രൂപത്തിൽ )




സംവരണ വിഭാഗത്തിൽപ്പെട്ട **6** തസ്തികകളിലേക്കുള്ള നിയമനത്തിന് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവമുണ്ടായിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ തസ്തികകൾ പുന:വിജ്ഞാപനം ചെയ്യു ന്നു. യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവം മൂലം നിയമനശിപാർശ നൽകാൻ കഴിയാതിരുന്ന തസ്തികകൾ അനുബന്ധം XVI- ൽ വിശദമാക്കിയിട്ടുണ്ട്.


## അദ്ധ്യായം– 12

## പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നോക്ക വിഭാഗക്കാർക്കും തെരഞ്ഞെടുപ്പിൽ നൽകി വരുന്ന സംവരണ ഊഴങ്ങളുടെ ശതമാനകണക്ക്

പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുന്ന സമുദായങ്ങൾക്കും നിയമനങ്ങളിൽ നൽകി വരുന്ന സംവരണ ഊഴങ്ങളുടെ ശതമാനക്കണക്ക് താഴെ പട്ടികയിൽ.

| സംവരണ വിഭാഗം | ശതമാനം | |
|---|---|---|
| | ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉൾപ്പെടുന്ന തസ്തികകൾ | ലാസ്റ്റ് ഗ്രേഡിതര വിഭാഗത്തിൽ ഉൾപ്പെടുന്ന തസ്തികകൾ |
| ഈഴവ | 11 | 14 |
| പട്ടികജാതി | 8 | 8 |
| പട്ടികവർഗ്ഗം | 2 | 2 |
| മുസ്ലീം | 10 | 12 |
| ലത്തീൻ കത്തോലിക്കർ / ആംഗ്ലോ ഇൻഡ്യൻ | 4 | 4 |
| മറ്റ് പിന്നാക്ക വിഭാഗം | 6 | 3 |
| വിശ്വകർമ്മ | 2 | 3 |
| ധീവര | 2 | 1 |
| എസ്.ഐ.യു.സി നാടാർ | 2 | 1 |
| ഹിന്ദു നാടാർ | 1 | 1 |
| മറ്റ്കിസ്ത്യാനികൾ | 2 | 1 |

## മേൽ പട്ടികയുടെ ഗ്രാഫ് രൂപം




KS & SSR 1958 ലെ List I – Scheduled Castes in Kerala യിലെ item 37 Pulluvan എന്നത് Palluvan, Pulluvan എന്നും item 47 Thandan എന്നത് Thandan (excluding Ezhuvas and Thiyyas who are known as Thandan, in the erstwhile Cochin and Malabar areas)

and (carpenters who are known as Thachan, in the erstwhile Cochin and Travancore State), Thachar (other than Carpenters)' എന്നും substitute ചെയ്യും List III – Other Backward classes in Kerala State ൽ item 58 Pulluvan എന്നത് omit ചെയ്യും item 64 A ൽ Thachar who are Carpenters എന്നു substitute ചെയ്യും 15.12.2016-ലെ GO(P)No.31/16/ P&ARD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ KS&SSR ന് Statutory Amendment നടത്തിയിട്ടുണ്ട്.

## അദ്ധ്യായം– 13

## മേഖലാ ആഫീസുകൾ

ജോയിന്റ് സെക്രട്ടറി തലത്തിലുള്ള മേഖലാ ആഫീസറുടെ കീഴിൽ ഒരു അണ്ടർസെക്രട്ടറി, മൂന്ന് സെക്ഷൻ ആഫീസർമാർ എന്നിവരുൾപ്പെടുന്ന ഭരണ വിഭാഗം കൈകാര്യം ചെയ്യുന്ന 3 മേഖലാ ആഫീസുകൾ കൊല്ലം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു. അന്വേഷണ വിഭാഗം എൻക്വയറി ഓഫീസറുടെ കീഴിലും ഫെയർ കോപ്പി സെക്ഷൻ ആഫീസ് സൂപ്രണ്ടിന്റെ കീഴിലും പ്രവർത്തിക്കുന്നു.

കേരള സംസ്ഥാന ഗ്രാമ വികസന വകുപ്പിലേയും തൃശൂർ ജില്ലയിലേയും മറ്റ് വടക്കൻ ജില്ലകളിലേയും വികസന അതോറിട്ടികളിലേയും വിവിധ കമ്പനി/ ബോർഡ്/കോർപ്പറേഷനുകളിലെ എൽ.ജി.എസ്., വി.എച്ച്.എസ്.ഇ.യിലെ വൊക്കേഷണൽ ഇൻസ്ട്രക്ടർ, കെ.എസ്.എഫ്.ഇ.യിലെ ചില തസ്തികകളുടെ നിയമനം എന്നിവയുമായി ബന്ധപ്പെട്ട ചുമതലകൾ കോഴിക്കോട് മേഖലാ ആഫീസിൽ നിർവഹിക്കുന്നു. മുൻസിപ്പൽ കോമൺ സർവീസ്, വിശാല കൊച്ചി വികസന അതോറിട്ടി, എൽ.എസ്.ജി.ഡി., പി.ഡബ്ല്യു.ഡി.യിലെ ചില തസ്തിക കൾ, വിവിധ കമ്പനി/കോർപ്പറേഷനുകൾ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്നിവയിലെ വിവിധ തസ്തികകളിലേക്കുള്ള തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചുമതലകൾ എറണാകുളം മേഖലാ ആഫീസിൽ നിർവഹിക്കുന്നു. തിരുവനന്തപുരം, ഇടുക്കി വികസന അതോറിറ്റികളിലെയും, കൊല്ലം മേഖ ലയ്ക്ക് കീഴിൽ വരുന്ന മറ്റ് വികസന അതോറിറ്റികളിലെയും ഫയർ ആന്റ് റെസ്ക്യൂ

സർവീസ്, കമ്പനി/കോർപ്പറേഷൻ, കെ.എഫ്.സി., കെ.എസ്..ആർ.ടി.സി. എന്നിവിടങ്ങളിലെ ചില തസ്തികകളിലെ യും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നടപടികൾ കൊല്ലം മേഖലാ ആഫീസിൽ കൈകാര്യം ചെയ്യുന്നു.

ജോലി ക്രമീകരണത്തിനായി ജില്ലാ ആഫീസുകളെ താഴെ പറയും പ്രകാരം മേഖലകളായി തിരിച്ചിരിക്കുന്നു.

| മേഖല | ജില്ലകൾ |
|---|---|
| കോഴിക്കോട് (ഉത്തരമേഖല) | വയനാട്, കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, |
| എറണാകുളം (മദ്ധ്യമേഖല) | പാലക്കാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കോട്ടയം, ഇ ടുക്കി |
| കൊല്ലം(ദക്ഷിണമേഖല) | തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം |

## അദ്ധ്യായം- 14
## ജില്ലാ ആഫീസുകൾ

കേരള പബ്ലിക് സർവ്വീസ് കമ്മീഷന് 14 ജില്ലകളിലും ജില്ലാ ആഫീസുകളുണ്ട്. ഇടുക്കി ജില്ലാ ആഫീസ് ഒഴികെയുള്ളവ അതത് ജില്ലാ ആസ്ഥാനങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇടുക്കി ജില്ലാ ആഫീസ് പ്രവർത്തിക്കുന്നത് കട്ടപ്പനയിലാണ്.

### ഘടനാ സംവിധാനം

ഡെപ്യൂട്ടി സെക്രട്ടറി തലത്തിലുള്ള ജില്ലാ ആഫീസറുടെ കീഴിൽ ഓരോ ജില്ലാ ആഫീസും പ്രവർത്തി ച്ചുവരുന്നു. തിരുവനന്തപുരം ജില്ലാ ആഫീസിൽ 3 അണ്ടർ സെക്രട്ടറിമാരും ബാക്കി ജില്ലാ ആഫീസുകളിൽ 2 വീതം അണ്ടർ സെക്രട്ടറിമാരും ജോലി നോക്കി വരുന്നു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട് ആഫീസുകളിൽ 6 സെക്ഷൻ ആഫീസർമാരുടെ കീഴിലായി 6 സെക്ഷനുകൾ പ്രവർത്തിച്ചു വരുന്നു. കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലാ ആഫീസുകളിൽ 5 സെക്ഷൻ ആഫീസർമാരുടെ കീഴിൽ 5 സെക്ഷനുകൾ വീതവും പ്രവർത്തിക്കുന്നു.

തിരുവനന്തപുരം, മലപ്പുറം ജില്ലാ ആഫീസുകളിൽ 8 സെക്ഷൻ ആഫീസർമാരുടെ ചുമതലയിൽ 8 സെക്ഷനുകളും കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലാ ആഫീസിൽ 7 സെക്ഷൻ ആഫീസർമാരുടെ കീഴിൽ 7 സെക്ഷനുകളും പ്രവർത്തിക്കുന്നു. പൊതു ജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ കൈമാറുന്നതിനായി എല്ലാ ആഫീസിലും ഓരോ അന്വേഷണ വിഭാഗവും പ്രവർത്തിച്ചു വരുന്നു.


## വിജ്ഞാപനങ്ങൾ

ജില്ലാതല നിയമനങ്ങൾക്കായി പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം III - ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## വിജ്ഞാപനം ചെയ്ത തസ്തികകൾ- ജില്ലാതലം

| ക്രമ നം | ജില്ല | ജനറൽ റിക്രൂട്ട്മെന്റ് | | | സ്പെഷ്യൽ റിക്രൂട്ട്മെന്റ് | | |
|---|---|---|---|---|---|---|---|
| | | സബോർഡിനേറ്റ് സർവീസ് | കമ്പനികൾ, കോർപറേഷൻ ബോർഡുകൾ | സഹകരണ സ്ഥാപനങ്ങൾ | സബോർഡിനേറ്റ് സർവീസ് | കമ്പനികൾ/ കോർപറേഷൻ ബോർഡുകൾ | സഹകരണ സ്ഥാപനങ്ങൾ |
| 1 | തിരുവനന്തപുരം | 19 | ഇല്ല | 1 | 6 | ഇല്ല | ഇല്ല |
| 2 | കൊല്ലം | 33 | ഇല്ല | ഇല്ല | 6 | ഇല്ല | ഇല്ല |
| 3 | പത്തനംതിട്ട | 24 | ഇല്ല | 3 | 6 | ഇല്ല | ഇല്ല |
| 4 | ആലപ്പുഴ | 8 | ഇല്ല | 1 | ഇല്ല | ഇല്ല | ഇല്ല |
| 5 | കോട്ടയം | 26 | ഇല്ല | 4 | 5 | ഇല്ല | ഇല്ല |
| 6 | ഇടുക്കി | 14 | 4 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 7 | എറണാകുളം | 31 | ഇല്ല | 1 | 2 | ഇല്ല | ഇല്ല |
| 8 | തൃശ്ശൂർ | 32 | 5 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 9 | പാലക്കാട് | 33 | ഇല്ല | ഇല്ല | 6 | ഇല്ല | ഇല്ല |
| 10 | മലപ്പുറം | 48 | ഇല്ല | ഇല്ല | 7 | ഇല്ല | ഇല്ല |
| 11 | കോഴിക്കോട് | 47 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 12 | വയനാട് | 29 | ഇല്ല | ഇല്ല | 6 | ഇല്ല | ഇല്ല |
| 13 | കണ്ണൂർ | 49 | ഇല്ല | ഇല്ല | 8 | ഇല്ല | ഇല്ല |
| 14 | കാസർഗോഡ് | 31 | ഇല്ല | ഇല്ല | 5 | ഇല്ല | ഇല്ല |
| ആകെ | | **424** | **9** | **12** | **57** | ഇല്ല | ഇല്ല |

## വിജ്ഞാപനം ചെയ്ത തസ്തികകൾ- ജില്ലാതലം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഉൾപ്പെടെ)(ഗ്രാഫ് രൂപം)




## ലഭ്യമായ അപേക്ഷകളുടെ ജില്ലതിരിച്ചുള്ള കണക്ക്


| ക്രമ നമ്പർ | ജില്ല | ജനറൽ റിക്രൂട്ട്മെന്റ് | | | | | | സ്പെഷ്യൽ റിക്രൂട്ട്മെന്റ് | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സബോർഡിനേറ്റ് സർവീസ് | | കമ്പനികൾ/ കോർപ/ ബോർഡുകൾ | | സഹ: സ്ഥാപനങ്ങൾ | | സബോർഡിനേറ്റ് സർവീസ് | | കമ്പനികൾ/ കോർപ/ ബോർഡുകൾ | | സഹകരണ സ്ഥാപനങ്ങൾ | | |
| | | തസ്തിക | അപേക്ഷകർ | തസ്തിക | അപേക്ഷകർ | തസ്തിക | അപേക്ഷകർ | തസ്തിക | അപേക്ഷകർ | തസ്തിക | അപേക്ഷകർ | തസ്തിക | അപേക്ഷകർ | |
| 1 | തിരുവനന്തപുരം | 19 | 717645 | ഇല്ല | ഇല്ല | 1 | 22 | 6 | 6992 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 724659 |
| 2 | കൊല്ലം | 33 | 261023 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6 | 3826 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 264849 |
| 3 | പത്തനംതിട്ട | 24 | 160398 | ഇല്ല | ഇല്ല | 3 | 270 | 6 | 60300 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 220968 |
| 4 | ആലപ്പുഴ | 8 | 6132 | ഇല്ല | ഇല്ല | 1 | 4 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6136 |
| 5 | കോട്ടയം | 26 | 264096 | ഇല്ല | ഇല്ല | 3 | 15 | 5 | 78 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 264189 |
| 6 | ഇടുക്കി | 14 | 129144 | 4 | 149 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 129293 |
| 7 | എറണാകുളം | 31 | 451670 | ഇല്ല | ഇല്ല | 1 | 5 | 2 | 6402 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 458077 |
| 8 | തൃശ്ശൂർ | 32 | 775494 | 5 | 47418 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 822912 |
| 9 | പാലക്കാട് | 33 | 380758 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6 | 32657 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 413415 |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 10 | മലപ്പുറം | 48 | 495503 | ഇല്ല | ഇല്ല | 1 | 6 | 7 | 43809 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 539318 |
| 11 | കോഴിക്കോട് | 47 | 341334 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 341334 |
| 12 | വയനാട് | 29 | 247072 | ഇല്ല | ഇല്ല | 2 | 1780 | 6 | 3209 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 252061 |
| 13 | കണ്ണൂർ | 49 | 462063 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8 | 26959 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 489022 |
| 14 | കാസർഗോഡ് | 31 | 382164 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 2272 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 384436 |
| ആകെ | | **424** | **5074496** | **9** | **47567** | **12** | **2102** | **57** | **186504** | ഇല്ല | ഇല്ല | ഇല്ല | ഇല്ല | **5310669** |

ആകെ തസ്തികകൾ : **502**

ലഭ്യമായ ആകെ അപേക്ഷകൾ : **53,10,669**

## <u>ജില്ലാ തലത്തിൽ ലഭിച്ച അപേക്ഷകൾ (ഗ്രാഫ് രൂപം)</u>




## <u>പ്രസിദ്ധീകരിച്ച റാങ്ക് പട്ടികകകൾ</u>

ജില്ലാതല തെരഞ്ഞെടുപ്പുകൾക്കായി പ്രസിദ്ധീകരിച്ച റാങ്ക് പട്ടികകളുടെ വിശദാംശങ്ങൾ അനുബന്ധം IX-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## റിപ്പോർട്ട് കാലയളവിന്റെ അവസാനം  നിലവിലുള്ള റാങ്ക് പട്ടികകൾ

റിപ്പോർട്ട് കാലയളവിൽ നിലവിലുള്ള റാങ്ക് പട്ടികയുടെ വിശദാംശങ്ങൾ അനുബന്ധം X ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കാലാവധി തീർന്നതും റദ്ദായതുമായ റാങ്ക് പട്ടികകൾ

ജില്ലാ ആഫീസുകളിൽ നിലവിലുണ്ടായിരുന്നതും റിപ്പോർട്ട് കാലയളവിൽ കാലാവധി തീർന്നതോ റദ്ദായതോ ആയതുമായ റാങ്ക് പട്ടികകളുടെ വിശദാംശങ്ങൾ അനുബന്ധം XI ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## നിയമന ശിപാർശകൾ


റിപ്പോർട്ട് കാലയളവിൽ വിവിധ ജില്ലാ ആഫീസുകളിൽ നിന്നും നൽകിയ ശിപാർശകളുടെ വിശദാംശം അനുബന്ധം XIII ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ.

## ജില്ലാ ആഫീസിൽ നിന്നും നൽകിയ നിയമന ശിപാർശകൾ (ജനറൽ റിക്രൂട്ട്മെന്റ്)

| ക്രമനമ്പർ | ജില്ല | തസ്തികകൾ | നിയമനശിപാർശ ചെയ്ത ഉദ്യോഗാർത്ഥികൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 78 | 2451 |
| 2 | കൊല്ലം | 48 | 1448 |
| 3 | പത്തനംതിട്ട | 43 | 1322 |
| 4 | ആലപ്പുഴ | 40 | 891 |
| 5 | കോട്ടയം | 47 | 1097 |
| 6 | ഇടുക്കി | 46 | 1275 |
| 7 | എറണാകുളം | 57 | 1788 |
| 8 | തൃശ്ശൂർ | 66 | 1858 |
| 9 | പാലക്കാട് | 58 | 1576 |
| 10 | മലപ്പുറം | 56 | 2781 |
| 11 | കോഴിക്കോട് | 40 | 1219 |
| 12 | വയനാട് | 42 | 717 |

| | | | |
|---|---|---|---|
| 13 | കണ്ണൂർ | 58 | 1253 |
| 14 | കാസർഗോഡ് | 51 | 1137 |
| **ആകെ** | | **730** | **21,468** |

**<u>ജില്ലാ ആഫീസിൽ നിന്നും നൽകിയ നിയമന ശിപാർശകൾ(ജനറൽ റിക്രൂട്ട്മെന്റ്) (ഗ്രാഫ് രൂപം)</u>**




## അദ്ധ്യായം- 15
## തെരഞ്ഞെടുപ്പ്- പൊതുവിവരങ്ങൾ

### യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവം

ജനറൽ റിക്രൂട്ട്മെന്റിൽ 49 തസ്തികകളിലും സ്പെഷ്യൽ റിക്രൂട്ട്മെന്റിൽ 6 തസ്തികകളിലും യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവമുണ്ടായിട്ടുണ്ട്. ഇത്തരത്തിലുള്ള തസ്തികകളുടെ വിശദാംശം അനുബന്ധം XVI ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കമ്മീഷൻ നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥികളിൽ നിയമനം വൈകിയവ

റിപ്പോർട്ട് കാലയളവിൽ നിയമനം വൈകിയ 5 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (അനുബന്ധം XVII)

## റിപ്പോർട്ട് ചെയ്ത ഒഴിവുകൾ റദ്ദാക്കിയവ

കമ്മീഷനിൽ ഒഴിവുകൾ എഴുതി അറിയിക്കുകയും എന്നാൽ പിന്നീട് ഒരു തസ്തിക ഈ റിപ്പോർട്ട് കാലയളവിൽ റദ്ദ് ചെയ് തിട്ടുണ്ട് .(അനുബന്ധം XV)

# അദ്ധ്യായം- 16

# വകുപ്പുതല പരീക്ഷകൾ

## വകുപ്പുതല പരീക്ഷകളുടെ നടത്തിപ്പ്

ജൂലൈ 2016 ലെ വകുപ്പുതല പരീക്ഷകൾ 28.07.2016 മുതൽ 23.08.2016 വരെയും, ജനുവരി 2017 ലെ വകുപ്പുതല പരീക്ഷകൾ 30.01.2017 മുതൽ 17.02.2017 വരെയുമാണ് നടത്തിയത്. 01.04.16 മുതൽ 31.03.17 വരെ നടന്ന വിവിധ വകുപ്പുതല പരീക്ഷകളുടെയും, പേപ്പറുകളുടെയും അഡ്മിറ്റ് ചെയ്ത ഉദ്യോഗാർത്ഥികളുടെ യും പരീക്ഷാ കേന്ദ്രങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധം XXVI A യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിവിധ സ്പെഷ്യൽ പരീക്ഷകളുടെ വിശദാംശങ്ങൾ അനുബന്ധം XXVI-B യിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## ഫലപ്രഖ്യാപനം

ജൂലൈ 2016-ലെ വകുപ്പുതലപരീക്ഷയുടെ ഫലം 03.11.2016-ലും ജനുവരി 2017-ലെ വകുപ്പുതലപരീക്ഷയുടെ ഫലം 08.05.2017ലും പ്രസിദ്ധീകരിച്ചു. വിവിധ വകുപ്പുതല പരീക്ഷാഫലങ്ങളുടെ വിശദാംശം അനുബന്ധം XXVII A യിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സ്പെഷ്യൽ ടെസ്റ്റുകളുടെ ഫലത്തിന്റെ വിശദാംശം അനുബന്ധം XXVII B യിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സംസ്ഥാനത്തൊട്ടാകെ 71 കേന്ദ്രങ്ങളിലായി 114 (22 സ്പെഷ്യൽ ടെസ്റ്റുകൾ ഉൾപ്പെടെ) വകുപ്പുതല പരീക്ഷകളും അന്ധരായ പരീക്ഷാർത്ഥികൾക്കായി 8 വാചാപരീക്ഷകളും നടത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധം XXVII C യിൽ. ഐ.എ.എസ്, ഐ.പി.എസ്, ഐ.എഫ്.എസ് സർവീസിലുള്ള ജൂനിയർ മെമ്പർമാർക്കുള്ള വകുപ്പുതല പരീക്ഷകളും തദർത്ഥമായ (Ad-hoc) പരീക്ഷകളും റിപ്പോർട്ട് കാലയളവിൽ നടത്തിയിട്ടുണ്ട്. ഫല പ്രഖ്യാപനത്തിന്റെ വിശദാംശങ്ങൾ അനുബന്ധം XXVII B യിൽ ഉറ്റപ്പെടുത്തിയിട്ടുണ്ട്.

## പുനഃപരിശോധന

റിപ്പോർട്ട് കാലയളവിൽ ഉത്തരക്കടലാസിന്റെ പുനഃപരിശോധനയ്ക്കായി **159** അപേക്ഷകൾ ലഭിച്ചു (ജനുവരി 2016 & ജൂലൈ 2016) ആയതിൽ 26 അപേക്ഷകൾ നിരസിച്ചു. പുനഃപരിശോധനയിലൂടെ ആരും വിജയിച്ചില്ല.

## വകുപ്പുതല പരീക്ഷകളുടെ സർട്ടിഫിക്കറ്റ് വിതരണം

റിപ്പോർട്ട് കാലയളവിൽ വകുപ്പുതല പരീക്ഷകളുടെ **20,309** സർട്ടിഫിക്കറ്റുകൾ നല്കി.

**അദ്ധ്യായം– 17**

# വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റി

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനോ, മെമ്പറോ ഉൾപ്പെടുന്ന വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റിയുടെ ശിപാർശയോടെ മാത്രമേ എല്ലാ വകുപ്പു കളിലേയും ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം പ്രാബല്യത്തിലാകൂ. വിവിധ വകുപ്പു കളിലായി വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റിയുടെ കീഴിൽ 204 കൂടിച്ചേരലുകൾ

നടത്തിയിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ **പുതിയ ഒരു** വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റിയും കൂടിയിട്ടില്ല. വിശദാംശങ്ങൾ അനുബന്ധം XXVIII-ൽ ഉൾപ്പെടുത്തി യിട്ടുണ്ട്.

## അദ്ധ്യായം- 18

## സംസ്ഥാന സർവീസും, സബോർഡിനേറ്റ് സർവീസുമായി ബന്ധപ്പെട്ട നിയമങ്ങളും മറ്റ് ബന്ധപ്പെട്ട നിർദ്ദേശങ്ങളും

ഇന്ത്യൻ ഭരണഘടനയുടെ 320 (3) (എ) (ബി) ആർട്ടിക്കിൾ പ്രകാരം, സംസ്ഥാന, സബോർഡിനേറ്റ് സർവ്വീസിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങളിലും, ടി തസ്തികകളിലേക്കുള്ള നിയമന നടപടികളിൽ സ്വീകരിക്കേണ്ട തത്വങ്ങളിലും, സ്ഥാനക്കയറ്റം സംബന്ധമായ വിഷയങ്ങളിലും, താഴ്ന്ന തസ്തികകളിൽ നിന്നും മറ്റ് സർവ്വീസിൽ നിന്നുമുള്ള തസ്തിക മാറ്റം, സ്ഥലംമാറ്റം സംബന്ധമായ വിഷയങ്ങളിലും സർക്കാരിനെ ഉപദേശിക്കുകയെന്നത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രധാന ചുമതലകളാണ്.

### സർക്കാർ സേവനവുമായി ബന്ധപ്പെട്ട ചട്ടപ്രകാരമുള്ള നിയമങ്ങൾ

a. ചട്ട രൂപീകരണത്തിനുള്ള വർഷത്തിന്റെ ആദ്യം നിലവിലുണ്ടായിരുന്ന നിർദ്ദേശങ്ങൾ : 2
b. ചട്ടരൂപീകരണത്തിനായി റിപ്പോർട്ട് കാലയളവിൽ ലഭിച്ച നിർദ്ദേശങ്ങൾ : 3
c. ചട്ടങ്ങൾക്ക മേൽ ഉപദേശം നൽകിയവ : 3
d. റിപ്പോർട്ട് കാലയളവിന്റെ ആരംഭത്തിൽ ചട്ടങ്ങളുടെ ഭേദഗതിക്കായി ലഭിച്ച നിർദ്ദേശങ്ങൾ -13
e. ചട്ടങ്ങൾക്കമേൽ ഭേദഗതി ഉപദേശം നൽകിയവർ - 23
f. വിശേഷാൽ ചട്ടങ്ങളുടെ രൂപീകരണത്തിനായി ലഭിക്കാനുള്ളവ -12
g. ഭേദഗതിക്കായി നിർദ്ദേശങ്ങൾ റിപ്പോർട്ട് കാലയളവിൽ ലഭിച്ചത് -23

### യോഗ്യതകളുടെ അംഗീകാരം

റിപ്പോർട്ട് വർഷം നിർദ്ദേശം ലഭിച്ചവ : ഇല്ല
റിപ്പോർട്ട് വർഷം ഉപദേശം നൽകിയവ : ഇല്ല
ഉപദേശം നൽകിയവയിൽ സർക്കാർ ഉത്തരവ് ഇറക്കിയവ : ഇല്ല

വിശദവിവരങ്ങൾ അനുബന്ധം XXIX ൽ നൽകിയിട്ടുണ്ട്.

തെരഞ്ഞെടുപ്പ് ചട്ടങ്ങളും യോഗ്യതകളുടെ അംഗീകാരവും മറ്റ് അനാമത്ത് പരാമർശങ്ങളും സംബന്ധിച്ച നിയമോപദേശങ്ങളും നിയമ ഭേദഗതികളും സംബന്ധിച്ച വിവരങ്ങൾ

| ക്രമ നം | വകുപ്പ് | തസ്തിക |
|---|---|---|
| 1 | A V(2) 10256/12/GW പോലിസ് സബോർഡിനേറ്റ് സർവ്വീസ് പോലീസ് കോൺസ്റ്റബിൾ (Men & Women)-ന്റെ സ്പെഷ്യൽ റൂൾസ് ഭേദഗതി സംബന്ധിച്ച്. യോഗ്യത പ്ലസ് ടു ആക്കികൊണ്ടും കുറഞ്ഞ ഉയരത്തിൽ മാറ്റം വരുത്തിയും, പ്രായപരിധി 26 ആയി ഉയർത്തിയുമുള്ള ഭേദഗതി | വിദ്യാഭ്യാസ യോഗ്യത പ്ലസ് ടു ആക്കികൊണ്ടും കുറഞ്ഞ ഉയരത്തിൽ മാറ്റം വരുത്തിക്കൊണ്ടുമുള്ള സർക്കാർ നിർദ്ദേശം അംഗീകരിക്കുകയും എന്നാൽ പ്രായപരിധി 26 വയസ് എന്നു ഭേദഗതി വരുത്തേണ്ടതാണെന്ന് കാണുകയും അപ്രകാരം സർക്കാരിനെ ഉപദേശിക്കുകയും ചെയ്തു. |
| 2 | AV(2)36599/01/GW കേരള പോലീസ് സർവ്വീസ് - മോട്ടോർ ട്രാൻസ്പോർട്ട് വിംഗ് - വിശേഷാൽ ചട്ടം സം ബന്ധിച്ച്. | Category 2 ന്റെ യോഗ്യതയിൽ Valid licence for driving motor cycle എന്നത് നിർബന്ധിത യോഗ്യതയാക്കാം എന്ന ഭേദഗതിയോടെ സർക്കാർ നിർദ്ദേശം അംഗീകരിക്കുന്നതിന് കമ്മീഷൻ തീരുമാനിക്കുകയും സർക്കാരിനെ അപ്രകാരം ഉപദേശിക്കുകയും ചെയ്തു. |
| 3 | AV(3)13347/13/GW KS&SSR Part II ചട്ടം 3 (c) ഭേദഗതി നിർദ്ദേശം - സംബന്ധിച്ച് | Rule 3(C)പ്രയോഗിക്കാനുള്ള കാലപരിധി 1 വർഷമാക്കി നിജപ്പെടുത്തണമെന്ന സർക്കാർ നിർദ്ദേശത്തോട് യോജിച്ചു. |
| 4 | AV(3)452/16/GW Legal Metrology State & Subordinate Services വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതു സംബന്ധിച്ച് | Inspecting Asst. തസ്തികയിൽ 5 വർഷമെങ്കിലും സർവ്വീസിലുള്ളവർക്ക് മാത്രം Inspector ആയി promotion നല്കിയാൽ മതിയാകും. ഏതെങ്കിലും തസ്തികയിൽ promotion/by transfer ന് ആളില്ലെങ്കിൽ അത് അടുത്തുള്ള തസ്തികയിലേക്ക് കൊടുത്താൽ പിന്നീട് ആ നഷ്ടം നികത്തുമെന്ന clause ഒഴിവാക്കണം, ചട്ടത്തിൽ Central Act തീയതിയിലെ 01.04.2011 മുതൽ retrospective effect നല്കാം, ഈ Special Rule-ൽ ഉള്ള വ്യവസ്ഥകൾ നിലവിൽ സർവ്വീസിലിരിക്കുന്നവരെ ബാധിക്കുകയില്ല എന്നീ |

| | | |
|---|---|---|
| | | വ്യവസ്ഥകളും ചേർത്ത് സർക്കാർ നിർദ്ദേശങ്ങൾ അംഗീകരിച്ചു. |
| 5 | AV(2)6654/13/G.W തസ്തികമാറ്റം - നിയമന ശിപാർശ വേളയിലും ഫീഡർ കാറ്റഗറിയിൽ തുടരണമോ എന്നത് സംബന്ധിച്ച് | Last Grade Service-ലുള്ളവർക്ക് lien സംബന്ധിച്ച KS&SSR Rule (8) ബാധകമാക്കികൊണ്ട് Special Rule ഭേദഗതി വരുത്തുവാനുള്ള കമ്മീഷന്റെ നിർദ്ദേശം സർക്കാർ സ്വീകരിച്ചുവരുന്നതായി അറിയിച്ചിരിക്കുന്നു. |
| 6 | AV(2)16190/10/GW EnquiryCommissioner, Special Judge & Vig. Tribunal ഡ്രൈവർ ഗ്രേഡ് II (LMV) തസ്തികകളുടെ ഉയർന്ന പ്രായപരിധിയിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് | പ്രായം 36-ൽ നിന്ന് 39 ആക്കി ഉയർത്തുവാനും ഡ്രൈവർ തസ്തികയുടെ പേര് ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് എന്നാക്കി മാറ്റുവാനുള്ള ചട്ടം ഭേദഗതി സംബന്ധിച്ച ഉപദേശം സർക്കാരിന് നൽകി |
| 7 | AV(3)39754/98/GW Village Field Assistant തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത ഉയർത്തുന്നത് സംബന്ധിച്ച് | യോഗ്യത SSLC ആയി നിജപ്പെടുത്തുന്നതിനും സൈക്കിൾ സവാരി അറിഞ്ഞിരിക്കണം എന്ന യോഗ്യത ഒഴിവാക്കുന്നതിനും തീരുമാനിച്ച് അപ്രകാരം സർക്കാരിന് ഉപദേശം നൽകി. |
| 8 | AV(3)39760/07/GW KS&SSR 1958 ലെ List I Scheduled Caste in Kerala-ലും List III OBC Classes in the Kerala State ലും ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് | Central Act ന് അനുസൃതമായി KSSR 1958 List I - Scheduled Caste in Kerala യിലെ item 37, Pulluvan എന്നത് Palluvan, Pulluvan എന്നായി substitute ചെയ്യണമെന്നും Item 47 Thandan എന്നത് Thandan (excluding Ezhuvas and Thiyyas who are known as Thandan in the erstwhile Cochin and Malabar areas and Carpenters who are known as Thachan in the erstwhile Cochin and Travancore State), Thachar (other than Carpenter) എന്നാക്കി substitute ചെയ്യണമെന്നുള്ള സർക്കാർ നിർദ്ദേശം അംഗീകരിച്ചു. |
| 9 | AV(1)5360/15/GW കേരള പ്രോസിക്യൂഷൻ സർവ്വീസ് - സ്പെഷ്യൽ റൂൾ ഭേദഗതി-അസി.പബ്ലിക് പ്രോസിക്യൂട്ടർ(സീനിയർ ഗ്രേഡ്) & ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ - സംബന്ധിച്ച് . | കേരള പ്രോസിക്യൂഷൻ സർവ്വീസിലെ സ്പെഷ്യൽ റൂൾ ഭേദഗതി സം ബന്ധിച്ച സർക്കാർ നിർദ്ദേശം, കാറ്റഗറി 2-ഉം 3-ഉം തസ്തികകളുടെ പേരുകൾ സീനിയർ അസി.പബ്ലിക് പ്രോസിക്യൂട്ടർ എന്നും അസി.പബ്ലിക് പ്രോസിക്യൂട്ടർ (സീനിയർ ഗ്രേഡ് ) എന്നുമാക്കി പരിഷ്കരിച്ച് കമ്മീഷൻ അംഗീകരിച്ചു. |
| 10 | AV(2)4182/02/G.W റാങ്ക് ലിസ്റ്റ് ദീർഘിപ്പിക്കുന്നത് | 30.06.2016 ന് നിലവിലുള്ളതും 30.12.2016 (6 മാസം) വരെയുള്ള കാലയളവിൽ കാലാവധി |

| | | |
|---|---|---|
| | സംബന്ധിച്ച് | അവസാനിക്കുന്നതുമായ എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി, നീട്ടണമെന്നുള്ള സർക്കാർ നിർദ്ദേശം പരിഗണിച്ചുകൊണ്ട് KPSC Rules of Procedure Rule 13 (5) Proviso പ്രകാരം വ്യവസ്ഥകൾക്കു വിധേയമായി 6 മാസത്തേയ്ക്ക് ദീർഘിപ്പിച്ചു. |
| 11 | AV(3)3042/16/GW DPC Rules ലെ Rule 3(i)C ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്. | DPC Rules ലെ Rule 3(i)C ഭേദഗതി ചെയ്യുന്നതിനുള്ള സർക്കാർ നിർദ്ദേശം അംഗീകരിച്ചു. |
| 12 | AV(3)42806/10/G.W Amendment to Rule 4, Part II KS & SSR - കമ്മീഷൻ Online , സംവിധാനം വഴി അപേക്ഷ സ്വീകരിക്കുന്നതിന് നിയമ സാധുത ലഭിക്കുന്നതിനുള്ള നിർദ്ദേശം സംബന്ധിച്ച് | ഉദ്യോഗാർത്ഥികൾ കമ്മീഷന്റെ വിജ്ഞാപനപ്രകാരം Online ആയി കമ്മീഷൻ നിഷ്കർഷിക്കുന്നരീതിയിൽ അപേക്ഷ അയയ്ക്കേണ്ടതാണെന്നും Answer Script ലഭ്യമാകുവാൻ കാലാനുസൃതമായി നൽകേണ്ട ഫീസ് അടയ്ക്കേണ്ടതാണെന്നും നിർദ്ദേശം അംഗീകരിച്ചു. |
| 13 | AV(1)9592/14/GW LGS Special Rules – ഭേദഗതി - നിലവിലുള്ള റാങ്ക് ലിസ്റ്റിന് (ഭേദഗതിക്ക് മുൻപ് നിലവിൽ വന്ന) ബാധകമായിരിക്കുകയില്ല എന്നുള്ള Saving Clause ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് | 04.06.2016 തീയതിയിലെ G.O(P) No.12/2016 P&ARD പ്രകാരം LGS തസ്തികയുടെ വിദ്യാഭ്യാസ യോഗ്യതയിൽ വരുത്തിയ ഭേദഗതി നിലവിലുള്ള റാങ്ക് ലിസ്റ്റിന് (ഭേദഗതിക്ക് മുൻപ് നിലവിൽ വന്ന) ബാധകമായിരിക്കുകയില്ല എന്നുള്ള Saving Clause ഉൾപ്പെടുത്തേണ്ടതാവശ്യമാണെന്ന് കാണുകയും അപ്രകാരം സർക്കാരിനെ ഉപദേശിക്കുകയും ചെയ്തു. |
| 14 | AV(1)13277/12/GW വിവിധ വകുപ്പുകളിലെ ആസ്ഥാന ഒഴിവുകൾ - സമഗ്രമായ ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച് | സർക്കാർ നിർദ്ദേശം ചില ഭേദഗതി നിർദ്ദേശങ്ങളോടെ അംഗീകരിച്ചു. |
| 15 | AV(3)6230/16/GW സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടം - ചട്ടം 93(G)ൽ 'Courtesy' കൂടി ഉൾപ്പെടുത്തി ഭേദഗതി ചെയ്യുന്നത് - സംബന്ധിച്ച് | സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടത്തിൽ ചട്ടം 93(G)-ൽ 'Courtesy' കൂടി ഉൾപ്പെടുത്തി ഭേദഗതി ചെയ്യുന്നതിനുള്ള സർക്കാർ നിർദ്ദേശം അംഗീകരിച്ചു. |
| 16 | AV(2)65/15/G.W മ്യൂസിയവും മൃഗശാലയും വകുപ്പ് സബോർഡിനേറ്റ് സർവ്വീസ് - സ്പെഷ്യൽ റൂൾസ് ഭേദഗതി | സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ഭേദഗതി, ഗാർഡൻ സൂപ്പർവൈസർ തസ്തികയുടെ പോഷക വിഭാഗമായി Head Gardner/ Gardner തസ്തിക ഉൾപ്പെടുത്തുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശം |

| | | |
|---|---|---|
| | 19.11.2003-ലെ സർക്കാർ ഉത്തരവ് പ്രകാരം Specimen Collector തസ്തിക നിർത്തലാക്കുകയും ഗാർഡൻ സൂപ്പർ വൈസർ തസ്തികയുടെ പോഷക വിഭാഗമായി Head Gardner/ Gardner തസ്തിക ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച് | അംഗീകരിച്ചു. |
| 17 | AV(2)4231/11/G.W പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തിക | KPSC Consultation Regulation 1957-ന്റെ Annexure (Subordinate Service) ലെ item 8V(a)(i) ൽ നിന്നും ടി തസ്തിക നീക്കം ചെയ്തുകൊണ്ടുള്ള ഭേദഗതി വരുത്തുന്നതിനുള്ള സർക്കാർ നിർദ്ദേശം അംഗീകരിച്ചു. |
| 18 | AV(2)3707/16/G.W കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി - വിശേഷാൽ ചട്ടം ഭേദഗതി സംബന്ധിച്ച് | Special Rule ഭേദഗതി സംബന്ധിച്ച സർക്കാർ നിർദ്ദേശം കമ്മീഷൻ അംഗീകരിച്ചു. |
| 19 | AV(1)5881/16/GW ചലനശേഷി നഷ്ടപ്പെട്ട സിവിൽ പോലീസ് ഓഫീസറായ ശ്രീ. ബിനു ബെനഡിക്ടിന് സൂപ്പർ ന്യൂമറി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുന്ന വിഷയത്തിൽ സർക്കാർ തീരുമാനത്തിന്മേൽ കമ്മീഷന്റെ ഉപദേശം - സംബന്ധിച്ച് | സർക്കാർ നിർദ്ദേശം അംഗീകരിച്ചു. |
| 20 | AV(1)4349/12/GW GO(MS) 233/85/GAD dated:27.06.1985-യിലെ മാറ്റങ്ങൾ ഉൾപ്പെടുത്തി കൊണ്ട് Rule 10 of KS & SSR - യോഗ്യതയിൽ മാറ്റങ്ങൾ വരുത്തുന്നത് - സം ബന്ധിച്ച് . | 'Mohanan Vs. Director of Homoeopathy' കോടതിവിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും 1985-ലെ GO-യിൽ പ്രതിപാദിക്കുന്ന ഇളവുകൾ ഉൾപ്പെടുത്താനും സർക്കാരിനെ ഉപദേശിച്ചു. |
| 21 | AV(2)17569/04/G.W സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ഭേദഗതി | 23.05.2016-ലെ G.O.(MS)No.203/16/Fin നമ്പർ ഉത്തരവ് പ്രകാരം സെക്രട്ടറിയേറ്റിലെ U.S മാരുടെ Ratio Promotion 1:1 എന്ന് പുനർനിർണ്ണയിച്ചത് PSC യിലും നടപ്പിലാക്കാൻ തീരുമാനിച്ചു. |

| | | |
|---|---|---|
| | സംബന്ധിച്ച് -Ratio of Under Secretaries - Regarding | |
| 22 | AV(2)4182/02/G.W റാങ്ക് പട്ടികകളുടെ കാലാവധി നീട്ടുന്നത് സംബന്ധിച്ച് | KPSC- Rules of Procedure Rule 13-ന്റെ 5 proviso പ്രകാരം 31.12.2016 ന് സ്വാഭാവികമായി 3 വർഷത്തെ കാലാവധി പൂർത്തിയാക്കി കാലാവധി അവസാനിക്കുന്ന Ranked List കളെ 6 മാസം കൂടി അതായത് 30.06.2017 വരെ സജീവമാക്കി നിർത്തിക്കൊണ്ടും മേൽ കാലാവധി ദീർഘിപ്പിക്കൽ 31.12.2016 മുതൽ 29.06.2017 വരെയുള്ള കാലയളവിൽ കാലാവധി തീരുന്ന റാങ്ക് ലിസ്റ്റുകൾക്കും ബാധകമാക്കികൊണ്ടും കമ്മീഷൻ ഉത്തരവായി. |
| 23 | AV(3)6850/13/GW KGSC ചട്ടങ്ങൾ- Rule 67 A ഭേദഗതി സംബന്ധിച്ച് | സർക്കാരിന്റെ ഭേദഗതി നിർദ്ദേശത്തോട് കമ്മീഷൻ വിയോജിച്ചു. |
| 24 | AV(2)52274/07/GW കേരള പോലീസ് സബോർഡിനേറ്റ് സർവ്വീസ് (MT Wing) സംബന്ധിച്ച് | സർക്കാർ നിർദ്ദേശം അംഗീകരിച്ചു. |
| 25 | AV(1)11865/13/GW പോലീസ് കോൺസ്റ്റബിൾ ട്രെയിനി ശ്രീ.മുഹമ്മദ് ഹാരീസ്.കെ.ബി. യ്ക്ക് പോലീസ് വകുപ്പിൽ എൽ.ഡി.ക്ലാർക്കായി തസ്തികമാറ്റ നിയമനം നൽകണമെന്ന ആവശ്യം - സംബന്ധിച്ച് | കമ്മീഷൻ മുൻ തീരുമാനത്തിൽ ഉറച്ചു നിന്നു. (1995-ലെ Persons with Disabilities Act പ്രകാരം 10% മാത്രം വൈകല്യമുള്ള ശ്രീ.മുഹമ്മദ് ഹാരീസ്.കെ.ബി. എന്ന ഉദ്യോഗാത്ഥിയെ ടി നിയമ പ്രകാരം L.D.Clerk ആയി നിയമിക്കുവാൻ സാധിക്കാത്തതിനാൽ സർക്കാരിന്റെ നിർദ്ദേശത്തോട് കമ്മീഷൻ വിയോജിച്ചു). |
| 26 | AV(3)7907/13/GW/Dy2 Excise വകുപ്പിലെ Excise Inspector തസ്തികയുടെ തെരഞ്ഞെടുപ്പ് - സംബന്ധിച്ച് | Excise Inspector തസ്തികയുടെ Physical Measurement സംബന്ധിച്ചും ഈ തസ്തികയിലേക്ക് സ്ത്രീകളെ പരിഗണിക്കേണ്ടതുണ്ടോ എന്നതും അങ്ങനെയാണെങ്കിൽ എത്ര ശതമാനം എന്നതും സംബന്ധിച്ചും സർക്കാരിൽ നിന്ന് വ്യക്തത തേടേണ്ടതാണെന്നും തീരുമാനിക്കുകയും സർക്കാരിനെ അപ്രകാരം ഉപദേശിക്കുകയും ചെയ്തു. |
| 27 | AV(3)7903/13/GW Excise വകുപ്പിലെ Driver (HDV) തസ്തികയുടെ Special Rules ഭേദഗതി സംബന്ധിച്ച് | Special Rules ലെ Retrospective effect എന്ന clause നീക്കം ചെയ്യുകയോ savings clause Special Rules ൽ ചേർക്കുവാനോ സർക്കാരിനോട് അഭ്യർത്ഥിക്കാവുന്നതാണെന്നും തീരുമാനിക്കുകയും സർക്കാരിനെ അപ്രകാരം ഉപദേശിക്കുകയും ചെയ്തു |

| | | |
|---|---|---|
| 28 | AV(1)4607/16/GW<br>കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾ ഭേദഗതി - സംബന്ധിച്ച് | സർക്കാർ നിർദ്ദേശം അംഗീകരിച്ചു. |
| 29 | A II (3)1009/16/GW<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - നിയോനാറ്റോളജി - ഫാക്കൽറ്റികളുടെ യോഗ്യതയും നിയമന രീതിയും നിശ്ചയിക്കുന്നത് സംബന്ധിച്ച് | സർക്കാർ നിർദ്ദേശം ഭേദഗതി നിർദ്ദേശങ്ങളോടെ അംഗീകരിച്ചു<br><br>(No. 35 dated 18.04.2016) |
| 30 | A II (3)656/15/GW<br>ആരോഗ്യ വകുപ്പ് - അസി. ഡയറക്ടർ (Entomology)/ അസി. ഡയറക്ടർ(Filaria) എക്സി. ഉത്തരവിന്റെ ഭേദഗതി സംബന്ധിച്ച് | സർക്കാർ നിർദ്ദേശം ചില ഭേദഗതി നിർദ്ദേശങ്ങളോടെ അംഗീകരിച്ചു<br><br>(No. 42 dated 18.04.2016) |
| 31 | A II (3) 1931/16/GW<br>ഭക്ഷ്യ സുരക്ഷാ വകുപ്പ് - ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II – പട്ടിക വർഗ്ഗ വിഭാഗത്തിന്റെ ടേണുകളിൽ (in the absence of willingness) പട്ടിക ജാതി വിഭാഗത്തിനെ ആരോഗ്യ വകുപ്പിലെ പ്രസ്തുത തസ്തികയുടെ റാങ്ക് പട്ടികയിൽ നിന്നും തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച് | സബ് കമ്മിറ്റിയുടെ മേൽ നിർദ്ദേശം അംഗീകരിച്ചു.<br>ആയത് കീഴ് വഴക്കമാക്കേണ്ടതില്ലെന്നും<br>ഇത്തരം സന്ദർഭങ്ങളിൽ മുൻകൂറായി കമ്മീഷന്റെ ഉത്തരവ് ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിച്ചു<br><br>(No. 43 dated 18.04.2016) |
| 32 | A II (3) 9551/14/GW<br>ആരോഗ്യ വകുപ്പ് - ഫീൽഡ് അസിസ്റ്റന്റ് - എക്സി.ഉത്തരവ് സംബന്ധിച്ച് | നിർദ്ദേശത്തോട് വിയോജിച്ചു. കരട് വിശേഷാൽ ചട്ടത്തിന് നൽകിയ ശിപാർശ എക്സി.ഉത്തരവിന് നല്കിയ ശിപാർശയായി കണക്കാക്കാവുന്നതാണ്.<br><br>(No. 16 dated 09.05.2016) |
| 33 | A II (2)29944/04/GW<br>ഭാരതീയ ചികിൽസാ വകുപ്പ് വിശേഷാൽ ചട്ടങ്ങളുടെ സംസ്ഥാന ആഡിറ്റ് സർവ്വെ (Naturopathy) - സംബന്ധിച്ച് . | നിർദ്ദേശത്തോട് വിയോജിച്ചു. കമ്മീഷൻ മുൻതീരുമാനത്തിൽ ഉറച്ചുനിന്നു.(Not to give retrospective effect for qualification amendment).<br><br>(No. 22 dated 09.05.2016) |

| | | |
|---|---|---|
| 34 | A II (2) 19025/84/GW കേരള ഹാർബർ എഞ്ചിനീയറിംഗ് (സിവിൽ) ആഡിറ്റ് - വിശേഷാൽ ചട്ടം സംബന്ധിച്ച്. | ഭേദഗതിയോടെ അംഗീകരിച്ചു. (Not to issue executive order) (No. 20 dated 09.05.2016) |
| 35 | A II (3) 2127/16/GW ഭക്ഷ്യ സുരക്ഷാ വകുപ്പ് - ടെക് നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II (ലീഗൽ ) - ചട്ടം ഭേദഗതി സംബന്ധിച്ച് | ഭേദഗതിയോടെ അംഗീകരിച്ചു.<br><br>(No.33 dated 13.06.2016) |
| 36 | A II(1) 26133/08/GW പൊതുവിദ്യാഭ്യാസം - സ്പെഷ്യൽ സ്കൂൾ - ഉയർന്ന പ്രായപരിധി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്. | സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാനും ആയതിലുള്ള കമ്മീഷന്റെ അതൃപ്തി അറിയിക്കുവാനും ഉത്തരവായി.<br><br>(No.37 dated 13.06.2016) |
| 37 | A II (2)21478/83/GW PWD - കേരള എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസി ലെയും കേരള എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസ് (ഇലക്ട്രിക്കൽ) വിഭാഗത്തി ലെയും വിശേഷാൽ ചട്ടങ്ങ ളുടെ ഭേദഗതി സംബന്ധിച്ച്. | ഭേദഗതിയോടെ അംഗീകരിച്ചു.<br><br>(No.40 dated 13.06.2016) |
| 38 | A II (3) 6334/12/GW മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - മെഡിക്കൽ റിക്കോർഡ്സ് ലൈബ്രേറിയൻ ഗ്രേഡ് II Extending. | ഭേദഗതിയോടെ അംഗീകരിച്ചു.<br><br>(No.41 dated 13.06.2016) |
| 39 | A II (2)9305/15/GW കേരള സംസ്ഥാന ഭൂ വിനിയോഗ ബോർഡ് സബോർ ഡിനേറ്റ് സർവ്വീസ് | ഭേദഗതികളോടെ സർക്കാർ നിർദ്ദേശം അംഗീകരിച്ചു.<br>(No.29 dated 18.07.2016) |
| 40 | A II (2) 6674/97/GW കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം ഭേദഗതി സം ബന്ധിച്ച് | ഭേദഗതികളോടെ സർക്കാർ നിർദ്ദേശം അംഗീകരിച്ചു.<br><br>(No.32 dated 22.08.2016) |

| | | |
|---|---|---|
| 41 | A II (2) 5122/16/GW<br>ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം - ഫാർമമസിസ്റ്റ് ഗ്രേഡ് II – യോഗ്യത സംബന്ധിച്ച എക്സി. ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് | ഭേദഗതിയ്ക്ക് വിധേയമായി സർക്കാർ നിർദ്ദേശം അംഗീകരിച്ചു.<br>(No.23 dated 26.09.2016) |
| 42 | A II (1) 26133/08/GW<br>ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - സ്പെഷ്യൽ സ്കൂൾ അദ്ധ്യാപക നിയമനം - പ്രായപരിധി ഒറ്റത്തവണത്തേക്ക് 45 വയസാക്കി ഉയർത്തുന്നത് സംബന്ധിച്ച്. | പ്രായപരിധി ഒറ്റത്തവണ ഉയർത്താൻ തീരുമാനിച്ചു.<br>(No. 2 dated 31.10.2016) |
| 43 | A II (3) 7143/16/GW<br>ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് - സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം - ഭേദഗതി സംബന്ധിച്ച് | ഭേദഗതികളോടെ സർക്കാർ നിർദ്ദേശം അംഗീകരിച്ചു.<br>(No.32 dated 21.11.2016) |
| 44 | A II (2) 5247/16/GW<br>ഡ്രഗ്സ് കൺട്രോൾ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം - ഭേദഗതി സംബന്ധിച്ച് | ഭേദഗതികളോടെ സർക്കാർ നിർദ്ദേശം അംഗീകരിച്ചു.<br>(No.35 dated 21.11.2016) |
| 45 | A II (2) 25361/92/GW<br>KIRTHADS<br>സബോർഡിനേറ്റ് സർവ്വീസ് ചട്ടം - ഭേദഗതി സംബന്ധിച്ച് | ഭേദഗതികളോടെ സർക്കാർ നിർദ്ദേശം അംഗീകരിച്ചു.<br>(No.26 dated 23.01.2017) |
| 46 | A II (3) 9337/14/GW<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ഡെന്റൽ കോളേജ് പ്രൊഫസർമാരുടെ Inter–se സീനിയോരിറ്റി - G.O. (Rt) 3865/14/H & FWD dated 01.12.2014 റദ്ദ് ചെയ്യുന്നത് സംബന്ധിച്ച് | 30.09.2015-ലെ ബഹു. KAT ഉത്തരവിന്റെ പകർപ്പ് സർക്കാരിൽ നിന്ന് ആവശ്യപ്പെട്ട് അതു സഹിതം Rules & Litigation Combined Sub Committee പരിശോധിച്ച ശേഷം കമ്മീഷനിൽ സമർപ്പിക്കുക.<br>(No.21 dated 06.02.2017) |
| 47 | A II (1)3633/16/GW<br>KER ഭേദഗതി (HM promotion) | സർക്കാർ നിർദ്ദേശം അംഗീകരിച്ചു.<br>(No.27 dated 22.08.2016) |

| | | |
|---|---|---|
| 48 | AVIII(2) 17281/96/GW/Dy പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് - II തസ്തികയുടെ നേരിട്ടുള്ള നിയമനം 25% ആയി കുറയ്ക്കുന്നത് സംബന്ധിച്ച്. | പട്ടികജാതി വികസന ഓഫീസർ Gr II തസ്തികയുടെ നേരിട്ടുള്ള നിയമനത്തിന് (Direct Recruitment) 50% ഒഴിവുകൾ 25% ആയി കുറക്കണമെന്ന് സർക്കാർ നിർദ്ദേശം ഒരു കാരണവശാലും അംഗീകരിക്കേണ്ടതില്ല എന്നും, യോഗ്യത ഏതെങ്കിലും അംഗീകൃത സർവ്വകലാശാലകലിൽ നിന്നുള്ള ബിരുദാനന്തര ബിരുദം എന്നാക്കണമെന്നും ഹെഡ് ക്ലാർക്ക്, യു.ഡി. ക്ലാർക്ക് എന്നീ തസ്തികകൾ bifurcate ചെയ്യണമെന്നുള്ള ഉപസമിതി ശിപാർശ കമ്മീഷൻ അംഗീകരിച്ചു. (Decision No.31 Dated 13.06.2016). |
| 49 | A VIII(2) 3690/05/GW ലേബർ & സ്കിൽസ് ഡിപ്പർട്ട്മെന്റ് - കേരള ലേബർ സബോർഡിനേറ്റ് സർവ്വീസ് - ജീവനക്കാര്യം അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് - II തസ്തികയിലെ നിയമന അനുപാതം 3:1 എന്നത് 2:1 എന്ന് ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്. | അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് - II തസ്തികയിലെ നിയമന അനുപാതം 3:1 എന്നത് 2:1 എന്ന് ഭേദഗതി വരുത്തുന്നതിനായിട്ടുള്ള സർക്കാർ നിർദ്ദേശം അംഗീകരിക്കണമെന്നുള്ള റൂൾസ് ഉപസമിതി ശിപാർശ അംഗീകരിച്ചു. (Decision No. 21 Dated 26.09.2016) |
| 50 | A VIII(2) 326/16/GW വ്യവസായിക വകുപ്പ് - സർക്കാർ നിർത്തലാക്കിയ ട്രേഡുകൾ - സംബന്ധിച്ച്. | സർക്കാർ നിർത്തലാക്കിയ ട്രേഡുകളുടെ തെരഞ്ഞെടുപ്പ നടപടികൾ റദ്ദ് ചെയ്യുവുന്നതാണ് എന്ന് ശിപാർശ അംഗീകരിച്ചു. (Decision No. 36 Dated 21.11.2016) |
| 51 | A VIII(2) 17281/96/GW പട്ടികജാതി വികസന വകുപ്പ് - പ്രൊമോഷനുള്ള യോഗ്യതയിൽ ഇളവ് അനുവദിക്കുന്നത് - സംബന്ധിച്ച്. | പട്ടികജാതി വികസന സബോർഡിനേറ്റ് സർവ്വീസിൽ GO(P) No. 18/10/SCSTDD Dated 20.02.2010 പ്രകാരമുള്ള സ്പെഷ്യൽ റൂൾസ് ഭേദഗതി നിലവിൽ വരുന്നതിനു മുൻപ് സർവ്വീസിലുണ്ടായിരുന്ന ITI യോഗ്യതയുള്ള Training Instructor മാർക്ക് ട്രെയിനിംഗ് സൂപ്രണ്ട് തസ്തികയിലേക്കുള്ള പ്രൊമോഷനു വേണ്ട യോഗ്യതയിൽ ഇളവ് അനിവദിക്കാൻ തീരുമാനിച്ചികൊണ്ട് Special Rule ഭേദഗതി വരുത്തുന്നതിനുള്ള കരട്ട വിജ്ഞാപനം കമ്മീഷന്റെ നിർദ്ദേശത്തിനായി അയച്ച സർക്കാർ നിർദ്ദേശം അംഗീകരിച്ചു. (Decision No. 22 Dated 23.01.2017) |
| 52 | A VIII(1) 1832/16/GW കേരള പ്രസ് സർവ്വീസ് ചട്ടം - ഭേദഗതി സംബന്ധിച്ച് . | Decision No. 18 dated 09.05.2016 ഭേദഗതിയ്ക്കുള്ള സർക്കാർ നിർദ്ദേശം ചില പരിഷ്കാരങ്ങളോടെ അംഗീകരിക്കുന്നതിന് തീരുമാനമെടുത്തു. |
| 53 | AVIII(1) 27330/2008/GW കേരള ഗവ: പ്രസ് സബോർഡിനേറ്റ് സർവ്വീസ് - | Decision No. 20 Dated 08.08.2016 Special Rule Amendment - മായി ബന്ധപ്പെട്ട ബഹു. ഹൈക്കോടതി OP KAT No. 2906/12-ൽ |

| | | |
|---|---|---|
| | വിശേഷാൽ ചട്ടങ്ങളുടെ ഭേദഗതി സം ബന്ധിച്ച് . | പുറപ്പെടുവിച്ചിട്ടുള്ള ഇടക്കാല ഉത്തരവിന്റെ പശ്ചാത്തലത്തിൽ ഭേദഗതിക്കുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കി സർക്കാരിന് കമ്മീഷന്റെ ഉപദേശം ലഭ്യമാക്കുന്നതിന് സാവകാശം അനുവദിക്കുന്നതിന് കോടതിയോട് അഭ്യർത്ഥിക്കുവാൻ LR-നോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു. |
| 54 | A VIII(1) 4068/03/GW 3% ഭിന്നശേഷി സംവരണം സം ബന്ധിച്ച് . | Decision No. 38, dated 22.08.2016 Category wise cadre strength കണക്കാക്കിയ ശേഷം 3% ഒഴിവുകൾ നികത്താൻ എത്ര ഒഴിവുകൾ ശേഷിക്കുന്നു എന്ന കണക്ക് സർക്കാരിനോട് ആവശ്യപ്പെടാമെന്ന സബ് കമ്മിറ്റി തീരുമാനം അംഗീകരിച്ചു. |
| 55 | A VIII(1) 23870/05/GW മികച്ച കായിക താരങ്ങൾക്ക് Class III, Class IV തസ്തികകളിലെ തെരഞ്ഞെടുപ്പുകളിൽ അധികമാർക്ക് നൽകുന്നത് സംബന്ധിച്ച്. | Decision No. 31 Dated 08.11.2016 സബ് കമ്മിറ്റി ശിപാർശ അംഗീകരിച്ചു. സബ് കമ്മിറ്റി ശിപാർശ :- South West Zone മത്സരങ്ങൾ, മറ്റ് സംസ്ഥാനത്തെ സർവ്വകലാശാലകളെ പ്രതിനിധീകരിച്ചതിനുള്ള സർട്ടിഫിക്കറ്റ്, youth വിഭാഗം സർട്ടിഫിക്കറ്റ്, sports Festival for Women എന്നിവ സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയിട്ടുള്ള സ്പഷ്ടീകരണം സ്വീകരിക്കാവുന്നതാണ്. സർക്കാർ നിർദ്ദേശിച്ച കായിക താരങ്ങൾക്ക് അധികമാർക്ക് നൽകുന്നത് സംബന്ധിച്ച ഉത്തരവിലെ അവ്യക്തത നീക്കുവാനായി സർക്കാർ നിയോഗിച്ച പഠന കമ്മറ്റിയുടെ പ്രവർത്തനം ഊർജിതപ്പെടുത്തുവാൻ സർക്കാരിനോട് ആവശ്യപ്പെടാവുന്നതും റിപ്പോർട്ട് ലഭ്യമാക്കുന്നതുവരെ പുതിയ ഇനങ്ങളെ ഉൾപ്പെടുത്തുന്നതുമാണെന്ന് ബഹു. M12 ന്റെ ശിപാർശ അംഗീകരിച്ചു. Zonal സംബന്ധമായ് അവ്യക്തതകൾ സംബന്ധിച്ച് Sports Council നോട് വിശദീകരണം തേടേണ്ടതാണ്. |

## അദ്ധ്യായം– 19

## കേരള സംസ്ഥാന വൈദ്യുതി ബോർഡ്/കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ/സർക്കാർ ഉ ട മസ്ഥതയിലുള്ള മറ്റ് കമ്പനികൾ/കോർപ്പറേഷനുകൾ/ ബോർഡുകൾ/എന്നിവയുമായി ബന്ധപ്പെട്ട അധികചുമതലകൾ

കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപറേഷൻ, സർക്കാർ ഉട മസ്ഥതയിലുള്ള വിവിധ കമ്പനികൾ/ കോർപറേഷനുകൾ/ബോർഡുകൾ എന്നിവയിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട അധികചുമതലകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിക്ഷിപ്തമായതിന്റെ അനുബന്ധമായി ടി സ്ഥാപനങ്ങളിലെ വിവിധ തസ്തികകളുമായി/സേവനങ്ങളുമായി

ബന്ധപ്പെട്ട പ്രത്യേക ചട്ടനിർമ്മാണത്തിന്റെ ഉത്തരവാദിത്വം കൂടി കമ്മീഷനിൽ നിക്ഷിപ്തമാണ്. കമ്മീഷന്റെ അധികാരപരിധിയിൽ വരുന്ന വിവിധ കമ്പനികൾ/ കോർപറേഷനുകൾ/ബോർഡുകൾ എന്നിവയുടെ പട്ടിക അനുബന്ധം XXIV-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കമ്പനികൾ/കോർപറേഷനുകൾ/ ബോർഡുകൾ എന്നിവ യുമായി ബന്ധപ്പെട്ട് ചട്ട രൂപീകരണത്തിനു നൽകിയ നിർദ്ദേശങ്ങൾ അനുബന്ധം XXX-ൽ ചേർത്തിരിക്കുന്നു.

## I. <u>കമ്പനികൾ/കോർപറേഷനുകൾ/ ബോർഡുകൾ എന്നിവയുമായി ബന്ധപ്പെട്ട ചട്ടപ്രകാരമുള്ള നിയമങ്ങൾ</u>

a) റിപ്പോർട്ട് വർഷത്തിന്റെ ആദ്യം തീർപ്പാക്കാനുണ്ടായിരുന്ന റൂളുകൾ - 9
b) റിപ്പോർട്ട് വർഷത്തിൽ ലഭിച്ചത് - 1
c) ചട്ടങ്ങളിൽ മേൽ നിയമ ഉപദേശം നൽകിയത് - ഇല്ല
d) റിപ്പോർട്ട് വർഷത്തിന്റെ ആദ്യം നിയമഭേദഗതി സംബന്ധിച്ച് തീർപ്പാക്കാനുണ്ടായിരുന്നത് - 3
e) റിപ്പോർട്ട് വർഷത്തിൽ നിയമഭേദഗതിക്കായി ലഭിച്ചത് - 14
f) നിയമഭേദഗതി സംബന്ധിച്ച് നിയമോപദേശം നൽകിയത് - 14
g) ഇനിയും ലഭിക്കാനുള്ള സ്പെഷ്യൽ റൂളുകൾ - 15

## <u>a) റിപ്പോർട്ട് വർഷത്തിന്റെ ആദ്യം തീർപ്പാക്കാനുണ്ടായിരുന്ന റൂളുകൾ</u>

i) തിരുവിതാംകൂർ ദേവസ്വംബോർഡ്
ii) കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ
iii) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർ പ്പറേഷൻ.
iv) മീറ്റ് പ്രൊഡക്റ്റ്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്
v) കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ്.
vi) റീഹാബിലിറ്റേഷൻ പ്ലന്റേഷൻ ലിമിറ്റഡ്
vii) സിഡ്കോ - ഐ.റ്റി & റ്റി.സി ഡിവിഷൻ - റ്റൂൾ കം ട്രെയിനിംഗ് സെന്റർ - റിക്രൂട്ട്മെന്റ് റൂൾസ്.
viii) കേരള വാട്ടർ അതോററ്റി - റിക്രൂട്ട്മെന്റ് റൂൾസ് - ടെക്ക്നിക്കൽ സ്റ്റാഫ്
ix) ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്റ്റ് ലിമിറ്റഡ് - റിക്രൂട്ട്മെന്റ് റൂൾസ് - 14 തസ്തികകൾ

**b) <u>റിപ്പോർട്ട് വർഷത്തിൽ ലഭിച്ച ചട്ടങ്ങൾ</u>**

i) കേരള പ്രവാസി ക്ഷേമ ബോർഡ്

**c) <u>ചട്ടങ്ങളിൽ മേൽ നിയമ ഉപദേശം നൽകിയത്</u> - ഇല്ല**

**d) <u>റിപ്പോർട്ട് വർഷത്തിന്റെ ആദ്യം നിയമഭേദഗതി സംബന്ധിച്ച് തീർപ്പാക്കാനുണ്ടായിരുന്നത്</u>**

I) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ - ജൂനിയർ അസിസ്റ്റന്റ് - നിയമന രീതി

II) കേരള സ്റ്റേറ്റ് ഹൗസിംങ്ബോർഡ് - ചട്ടങ്ങളുടെ ഭേദഗതി.

**e) <u>റിപ്പോർട്ട് വർഷത്തിൽ നിയമഭേദഗതിക്കായി ലഭിച്ചത്</u>**

I) കെ.എസ്.ബി.സി - ജനറൽ മനേജർ (ഫിനാൻസ്) - യോഗ്യതകളിലെ മാറ്റം

II) റ്റി.റ്റി.പി ലിമിറ്റഡ് കമ്പനി - സൂപ്പർവൈസർ (പ്രൊഡകഷൻ) -സ്ഥാനകയറ്റത്തിനുള്ള യോഗ്യതാ ഭേദഗതി.

III) റ്റി.റ്റി.പി ലിമിറ്റഡ് കമ്പനി - മാനേജിരിയൽ പോസ്റ്റ്കളുടെ പുന:നാമകരണം.

IV) കെ.എസ്.ബി.സി -അസിസ്റ്റന്റ് ഗ്രേഡ് I / കംമ്പ്യൂട്ടർ പ്രോഗ്രാമർമാരിൽ നിന്നുള്ള അസിസ്റ്റന്റ് മാനേജർ / അക്കൗണ്ടന്റ് തസ്തികയിലേയ്ക്കുള്ള പ്രൊമൊഷൻ

V) കേരള ലേബർ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് - അസി.മാനേജർ/മാനേജർ - യോഗ്യതയിലുള്ള ഭേദഗതി

VI) കേരള റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് - താഴന്ന വരുമാനക്കാരായ ജീവനക്കാർക്ക് എൽ.ഡി.സി / എൽ .ഡി. റൈപ്പിസ്റ്റ് തസ്തികകളിൽ 10% സംവരണം നൽകുന്നത്.

VII) കെ.എസ്.ബി.സി - താഴന്ന വരുമാനക്കാരായ ജീവനക്കാർക്ക് എൽ.ഡി.സി / എൽ .ഡി. റൈപ്പിസ്റ്റ് തസ്തികകളിൽ 10% സംവരണം നൽകുന്നത്.

VIII) കേരള വാട്ടർ അതോറട്ടി - നിയമന ചട്ടങ്ങളിലുള്ള ഭേദഗതി.

IX) കേരള പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് - 69 തസ്തികകളുടെ നിയമന ചട്ടങ്ങൾ

X) കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ - ഹാചറി സൂപ്പർവൈസർ, മാനേജിരിയൽ പോസ്റ്റുകൾ.

XI) കേരള പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് - ലാസ്റ്റ് ഗ്രേഡ് സർവൻസിന് 10% സംവരണം .

XII) മിൽമ - നിയമന ചട്ടങ്ങൾ

XIII) എസ്.എഫ്.സി.കെ - അസിസ്റ്റന്റ് ഗ്രേഡ് II / അക്കൗണ്ട്സ് അസിസ്റ്റന്റ് ഗ്രേഡ് -II തസ്തികകളിലേക്ക് 10% ഒഴിവ് സംവരണം.

## f) നിയമഭേദഗതി സംബന്ധിച്ച് നിയമോപദേശം നൽകിയത്

I) കെ.എസ്.ബി.സി - ജനറൽ മാനേജർ (ഫിനാൻസ് ) - യോഗ്യതയിൽ മേലുള്ള ഭേദഗതി

II) റ്റി.റ്റി.പി ലിമിറ്റഡ് കമ്പനി - സൂപ്പർവൈസർ (പ്രൊഡകഷൻ) -സ്ഥാനകയറ്റത്തിനുള്ള യോഗ്യതാ ഭേദഗതി.

III) റ്റി.റ്റി.പി ലിമിറ്റഡ് കമ്പനി - മാനേജിരിയൽ പോസ്റ്റ്കളുടെ പുന:നാമകരണം.

IV) കെ.എസ്.ബി.സി -അസിസ്റ്റന്റ് ഗ്രേഡ് I / കംമ്പ്യൂട്ടർ പ്രോഗ്രാമർമാരിൽ നിന്നുള്ള അസിസ്റ്റന്റ് മാനേജർ / അക്കൗണ്ടന്റ് തസ്തികയിലേയ്ക്കുള്ള പ്രൊമൊഷൻ

V) കേരള ലേബർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് - അസിസ്റ്റന്റ് മാനേജർ / മാനേജർ - യോഗ്യതയിളുള്ള ഭേദഗതി.

VI) കേരള റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് - താഴന്ന വരുമാനക്കാരായ ജീവനക്കാർക്ക് എൽ.ഡി.സി / എൽ .ഡി. റ്റൈപ്പിസ്റ്റ് തസ്തികകളിൽ 10% സംവരണം നൽകുന്നത്.

VII) കെ.എസ്.ബി.സി - താഴന്ന വരുമാനക്കാരായ ജീവനക്കാർക്ക് എൽ.ഡി.സി / എൽ .ഡി. റ്റൈപ്പിസ്റ്റ് തസ്തികകളിൽ 10% സംവരണം നൽകുന്നത്.

VIII) കേരള വാട്ടർ അതോററ്റി - നിയമന ചട്ടങ്ങളിലുള്ള ഭേദഗതി.

IX) കേരള സ്റ്റേറ്റ് പൗടി ഡെവലപ്മെന്റ് കോർപ്പറേഷൻ

X) മിൽമ - നിയമന ചട്ടങ്ങൾ

XI) കെ.എസ്.ഇ.ബി - എ.ഇ യുടെ ഉയർന്ന പ്രായപരിധി ഉയർത്തുന്നത് സംബന്ധിച്ച്

## g) ഇനിയും ലഭിക്കാനുള്ള സ്പെഷ്യൽ റൂളുകൾ

I) ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്

II) മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് \

III) കേരള സ്റ്റേറ്റ് ടെക്സ്റ്റൈയിൽസ് കോർപ്പറേഷൻ

IV) മെട്രോപൊളിറ്റിൻ എൻജിനിയറിങ് കമ്പനി ലിമിറ്റഡ്

V) സീതാറാം ടെക്സ്റ്റൈയിൽസ് ലിമിറ്റഡ്

VI) കേരള സ്റ്റേറ്റ് വെയർ ഹൗസിംങ് കോർപ്പറേഷൻ

VII) കേരള സ്റ്റേറ്റ് മാരിറ്റൈം ഡെവലെപ്പ്മെന്റ് കോർപ്പറേഷൻ

VIII) കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്
IX) കയർ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്
X) കേരള ആസ് ബറ്റോസ് സിമന്റ് പൈപ്പ് ഫാക്ടറി ലിമിറ്റഡ്
XI) കേരള സ്കൂൾ ടീച്ചേഴ്സ് & നോൺ ടീച്ചേഴ്സ് സ്റ്റാഫ് വെൽഫെയർ കോർപ്പറേഷൻ ലിമി.
XII) കേരള സ്റ്റേറ്റ് ഹന്റികാപ്പ്ഡ് പേഴ്സൺസ് വെൽഫെയർ കോർപ്പറേഷൻ ലിമി.
XIII) ചാലക്കുടി പോട്ടറീസ് ലിമി.
XIV) കെ.റ്റി.ഡി.എഫ്.സി
XV) കെക്സ്കോൺ - കേരള സ്റ്റേറ്റ് എക്സ്-സർവ്വീസ് ഡെവലപ്പ്മെന്റ് & റീ ഹാബിലിറ്റേഷൻ കോർപ്പറേഷൻ.

## II. യോഗ്യതകളുടെ അംഗീകാരം

ഇല്ല

## III. അനാമത്ത് പരാമർശങ്ങൾ

ഇല്ല

## IV ചട്ടങ്ങളിൽ നിന്നും ഒഴിവാക്കൽ

ഇല്ല

# അദ്ധ്യായം- 20
# തദ്ദേശസ്ഥാപനങ്ങൾ സംബന്ധമായ അധിക ചുമതലകൾ

തദ്ദേശ സ്ഥാപനങ്ങളിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട അധിക ചുമതലകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിക്ഷിപ്തമായതിന്റെ പരിണിതഫലമായി ടി സ്ഥാപനങ്ങളിലെ വിവിധ തസ്തികകളുമായി ബന്ധപ്പെട്ട ചട്ട നിർമ്മാണത്തിനുള്ള ഉത്തരവാദിത്വം കൂടി കമ്മീഷനെ ഏൽപിച്ചിട്ടുണ്ട്.

കമ്മീഷന്റെ അധികാര പരിധിയിൽ വരുന്ന തദ്ദേശ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം XXV-ൽ ചേർത്തിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ തദ്ദേശ സ്ഥാപന

ങ്ങളിലെ വിവിധ തസ്തികകളിലെ ചട്ട നിർമ്മാണവുമായി ബന്ധപ്പെട്ട് നൽകിയ ശിപാർശ കളുടെ വിശദാംശങ്ങൾ അനുബന്ധം XXXI-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## I. തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ചട്ടപ്രകാരമുള്ള നിയമങ്ങൾ

ഇല്ല

## II. യോഗ്യതകളുടെ അംഗീകാരം

ഇല്ല

## III. അനാമത്ത് പരാമർശങ്ങൾ

ഇല്ല

## IV. ചട്ടങ്ങളിൽ നിന്നും ഒഴിവാക്കൽ

ഇല്ല

## കമ്മീഷന്റെ പരിധിയിൽ വരുന്ന തദ്ദേശ സ്ഥാപനങ്ങൾ

1. വിശാല കൊച്ചി വികസന അതോറിറ്റി
2. മുൻസിപ്പൽ കോമൺ സർവ്വീസ്
3. ട്രിവാൻഡ്രം ഡവലപ്മെന്റ് അതോറിറ്റി

## അദ്ധ്യായം- 21

## സഹകരണ വിഭാഗവുമായി

## ബന്ധപ്പെട്ട അധിക ചുമതലകൾ

സഹകരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് നടപടികളുമായി ബന്ധപ്പെട്ട 1995 ലെ സൊസൈറ്റീസ് (ഭേദഗതി) ഓർഡിനൻസും (നിയമവകുപ്പിന്റെ 27.10.1995 ലെ 14713/B2/95 നമ്പർ ഉത്തരവും) ഭേദഗതി വരുത്തികൊണ്ട് സർക്കാർ 1995 ലെ 10-ാം നമ്പർ ഓർഡിനൻസ് (നിയമവകുപ്പിന്റെ 29.04.1995 ലെ 6434/B2/95 -ാം നമ്പർ ഉത്തരവ്) പുറപ്പെടുവിച്ചു. ഇതിന്റെ അടിസ്ഥാനത്തിലും, 9.3.1998 ലെ സഹകരണ വകുപ്പിന്റെ ജി.ഒ (പി) 41/98-ാം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലും 14 ജില്ലാ സഹകരണ ബാങ്കുകളും 15 അപെക്സ് സൊസൈറ്റികളും കമ്മീഷന്റെ അധികാരപരിധിയിലാണ്. പിന്നീട് 18.8.1999 ലെ പൊതു ഭരണ വകുപ്പിന്റെ 35/99 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 3 സ്ഥാപനങ്ങൾ (ചാരിറ്റബിൾ സൊസൈറ്റികൾ) കൂടി കമ്മീഷന്റെ അധികാരപരിധിയിൽ കൂട്ടിച്ചേർത്തു. മുൻ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സേവന വേതന വ്യവസ്ഥകൾ കമ്മീഷൻ തയ്യാറാക്കി **യിട്ടുണ്ട്.**

### I. കോ.ഓപ്പറേറ്റീവ് സെക്ടറുമായി ബന്ധപ്പെട്ട ചട്ട പ്രകാരമുള്ള നിയമങ്ങൾ

a) വർഷത്തിന്റെ ആദ്യം തീർപ്പാക്കാനുണ്ടായിരുന്ന റൂളുകൾ - 1

b) റിപ്പോർട്ട് വർഷത്തിൽ ലഭിച്ചത് - ഇല്ല

c) നിയമ ഉപദേശം നൽകിയത് - ഇല്ല

d) വർഷത്തിന്റെ ആദ്യം നിയമഭേദഗതി സംബന്ധിച്ച് തീർപ്പാക്കാനുണ്ടായിരുന്നത് - 3

e) റിപ്പോർട്ട് വർഷത്തിൽ നിയമഭേദഗതിക്കായി ലഭിച്ചത് - ഇല്ല

f) നിയമഭേദഗതി സംബന്ധിച്ച് നിയമോപദേശം നൽകിയത് - ഇല്ല

g) ഇനിയും ലഭിക്കാനുള്ള സ്പെഷ്യൽ റൂളുകൾ - 5

**a) വർഷത്തിന്റെ ആദ്യം തീർപ്പാക്കാനുണ്ടായിരുന്ന റൂളുകൾ**

1) കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്

**b) നിയമോപദേശത്തിനായി ലഭിച്ച റൂളുകൾ - ഇല്ല**

**c) നിയമ ഉപദേശം നൽകിയത് - ഇല്ല**

**d) വർഷത്തിന്റെ ആദ്യം നിയമഭേദഗതി തീർപ്പാക്കാനുണ്ടായിരുന്നത്**

1) കൺസ്യൂമർഫെഡ്

2) ജില്ലാ സഹകരണ ബാങ്ക് - കോട്ടയം - ലിഫ്റ്റ് ഓപ്പറേറ്റർ / പ്യൂൺ

3) KCS റൂളുകളുടെ ഭേദഗതിക്കനുസരിച്ച് 14 ജില്ലാ സഹകരണ ബാങ്കുകളിലേക്കുള്ള തെരഞ്ഞെടുപ്പ് നിയമങ്ങളുടെ പരിഷ്കരണം

**e) റിപ്പോർട്ട് വർഷത്തിൽ നിയമഭേദഗതിക്കായി ലഭിച്ചത് - ഇല്ല**

**f) നിയമഭേദഗതി സംബന്ധിച്ച് നിയമോപദേശം നൽകിയത് - ഇല്ല**

**g) ഇനിയും ലഭിക്കാനുള്ള സ്പെഷ്യൽ റൂളുകൾ**

1) കേരള സംസ്ഥാന കശുവണ്ടി തൊഴിലാളി അപെക്സ് ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്

2) കേരള സംസ്ഥാന സഹകരണ ടെക്സ്റ്റൈൽ ഫെഡറേഷൻ

3) സംസ്ഥന സർവ്വവിജ്ഞാനകോശ പ്രസാധക (കേരള) സൊസൈറ്റി

4) സംസ്ഥന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് (കേരള) സൊസൈറ്റി

5) സംസ്ഥന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് (കേരള) സൊസൈറ്റി

## II. അനാമത്ത് പരാമർശങ്ങൾ

ഇല്ല

## III. യോഗ്യതകളുടെ അംഗീകാരം

ഇല്ല

## IV. ചട്ടങ്ങളിൽ നിന്നും ഒഴിവാക്കൽ

ഇല്ല

## അദ്ധ്യായം- 22


# അച്ചടക്ക നടപടികൾ

ഭരണ ഘടനയുടെ 320 3 (c) ആർട്ടിക്കിൾ പ്രകാരം കമ്മീഷന്റെ ഏറ്റവും പ്രധാനപ്പെട്ട ചുമതലകളിലൊന്ന് സർക്കാർ ജീവനക്കാരുമായി ബന്ധപ്പെട്ട എല്ലാ അച്ചടക്ക നടപടികളിലും സർക്കാരിനെ ഉപദേശിക്കുകയെന്നുള്ളതാണ്.

അച്ചടക്ക നടപടികളിൽ തീർപ്പ് കല്പിക്കേണ്ട **101** വിഷയങ്ങൾ റിപ്പോർട്ട് കാലയളവിന്റെ ആരംഭത്തിൽ കമ്മീഷന്റെ പരിഗണനയിലുണ്ടായിരുന്നു. റിപ്പോർട്ട് കാലയളവിൽ ഇത്തരത്തിലുള്ള **174** വിഷയങ്ങൾ കൂടി കമ്മീഷന് ലഭിച്ചു. **194**

വിഷയങ്ങളിൽ കമ്മീഷൻ ശിപാർശ സർക്കാരിന് കൈമാറി. റിപ്പോർട്ട് കാലയളവിന്റെ അവസാനം തീർപ്പ് കല്പിക്കാൻ ശേഷിക്കുന്ന കേസുകൾ 81 ആണ്. 235 വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

**കഴിഞ്ഞ 10 വർഷത്തിൽ കമ്മീഷൻ നടത്തിയ അച്ചടക്ക നടപടികളുമായി ബന്ധപ്പെട്ട ശിപാർശകളുടെ താരതമ്യ വിശകലനം (ഗ്രാഫ് രൂപത്തിൽ)**




## അദ്ധ്യായം- 23

## കമ്മീഷൻ കക്ഷിയായ വ്യവഹാരങ്ങൾ

| | | |
|---|---|---|
| a) | ബഹു:സുപ്രീം കോടതിയിലും, ഹൈക്കോടതിയിലും അന്തിമ വിധിയാകാനുള്ള കമ്മീഷൻ കക്ഷിയായ കേസുകൾ (wp(c),WA,SLP,CA തുടങ്ങിയവ) | 2270 |
| b) | കമ്മീഷനുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത കേസുകൾ | 364 |
| c) | എതിർ സത്യവാങ്മൂലം/അന്യായ സംഗതി വിവരം ഫയൽ ചെയ്ത കേസുകൾ | 210 |

| | | |
|---|---|---|
| d) | തീർപ്പ് കല്പിച്ച കേസുകൾ | 86 |
| e) | തീർപ്പ് കല്പിക്കാനുള്ള കേസുകൾ | 2548 |

## അദ്ധ്യായം- 24

## വനിതാ ജീവനക്കാരുടെ പരാതി പരിഹാര കമ്മിറ്റി

13.08.1997-ലെ ബഹു:സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതിയുടെ മാർഗ നിർദ്ദേശങ്ങൾക്കനുസൃതമായി വനിതാ ജീവന ക്കാരുടെ പരാതി പരിഹരിക്കുന്നതിനുള്ള സംവിധാനവും ഇതിലേക്കായി ഒരു കമ്മിറ്റിയേയും നിയോഗിക്കാൻ കമ്മീഷനോട് സർക്കാർ നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 25.04.2001 മുതൽ പ്രാബല്യത്തിൽ കമ്മീഷൻ ഒരു കമ്മിറ്റി രൂപീകരിക്കുകയും കോടതി മാർഗ നിർദ്ദേശമനുസരിച്ച് ഈ കമ്മിറ്റി, കമ്മീഷൻ ആഫീസിൽ കാര്യക്ഷമമായി പ്രവർത്തിച്ച് വരികയും ചെയ്യുന്നു.

**31.03.2017 തീയതി വരെ കമ്മിറ്റിയിലെ അംഗങ്ങൾ താഴെപറയും പ്രകാരമാണ്.**

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | ഔദ്യോഗിക സ്ഥാനം |
|---|---|---|
| 1 | ശ്രീമതി.ആർ.ഗീത, അഡീഷണൽ സെക്രട്ടറി റിക്രൂട്ട്മെന്റ് I | പ്രിസൈഡിങ്ങ് ഓഫീസർ, ഐ.സി.സി |
| 2 | ഡോ.റ്റി.വിജയലക്ഷ്മി, ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് (തമിഴ്),കേരള സർവ്വകലാശാല | കമ്മിറ്റി അംഗം |
| 3 | ശ്രീമതി.എസ്. അനിത, ജോയിന്റ് സെക്രട്ടറി | കമ്മിറ്റി അംഗം |
| 4 | ശ്രീ.ജോൺകുര്യൻ, അണ്ടർ സെക്രട്ടറി | കമ്മിറ്റി അംഗം |
| 5 | ശ്രീമതി.ഷരീദാബീഗം.ആർ. | കമ്മിറ്റി അംഗം |

റിപ്പോർട്ട് കാലയളവിൽ 2 (രണ്ട്) തവണ കമ്മിറ്റി കൂടിയിട്ടുണ്ട്(23.03.2017 & 25.03.2017). സ്ത്രീ ജീവനക്കാരിൽ നിന്നും റിപ്പോർട്ട് കാലയളവിൽ പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. ഒരെണ്ണം അവശേഷിക്കുന്നുണ്ട്.

**അദ്ധ്യായം- 25**

## കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശിപാർശകളിൽ നിന്നുള്ള വ്യതിയാനം

**1)** ശ്രീമതി ജമന്തി ചന്ദ്രബോസിന് എൽ.ഡി.ടൈപ്പിസ്റ്റായി 'ഔഷധി'യിൽ നിയമനം നല്കിയതു സംബന്ധിച്ച്

കൊല ചെയ്യപ്പെട്ട ശ്രീ ചന്ദ്രബോസിന്റെ ഭാര്യയായ ശ്രീമതി ജമന്തി ചന്ദ്രബോസിന് ടിയാളുടെ യോഗ്യതയ്ക്കനുസരിച്ച് ഏതെങ്കിലുമൊരു പൊതുമേഖലാ സ്ഥാപനത്തിലേയ്ക്ക് നിയമനം നൽകണമെന്ന മന്ത്രിസഭാ തീരുമാനത്തെ തുടർന്ന്, ഔഷധിയിൽ നിന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അറിയിച്ച എൽ.ഡി.ടൈപ്പിസ്റ്റിന്റെ ഒഴിവിൽ നിയമനം നൽകുന്നതിലേയ്ക്കായി സർക്കാർ കമ്മീഷന്റെ എതിർപ്പില്ലാ രേഖ ആവശ്യപ്പെട്ടെങ്കിലും റൂൾ പ്രകാരം ഒരിയ്ക്കലറിയിച്ച ഒഴിവ് വെട്ടിക്കുറക്കുവാൻ കഴിയില്ലെന്ന് കമ്മീഷൻ അറിയിക്കുകയുണ്ടായി.

എന്നാൽ KS & SSR Part II-ലെ Rule 39 പ്രകാരം സർക്കാരിന്റെ പ്രത്യേകാധികാരം ഉപയോഗിച്ച് ശ്രീമതി ജമന്തി ചന്ദ്രബോസിന് എൽ.ഡി.ടൈപ്പിസ്റ്റായി നിയമനം നൽകുന്നതിനുവേണ്ടി സർക്കാർ ഉത്തരവിറക്കുകയും പ്രസ്തുത ഉത്തരവ് 09.03.2016-ൽ ഇനം നമ്പർ 8743 പ്രകാരം മന്ത്രിസഭ സ്ഥിരീകരിക്കുകയും ആയത് കമ്മീഷനെ അറിയിക്കുകയും ചെയ്തു.

**2)** തിരുവനന്തപുരത്ത് വേറ്റിനാട്ടുള്ള ശ്രീമതി ആതിര.വിജെ. ടിയാളുടെ സഹോദരി കുമാരി ആര്യ രോഗാതുരയായി മരിച്ചതിനെ തുടർന്ന്, ഒരു സർക്കാർ ജോലി സമാശ്വാസ രീതിയിൽ ആവശ്യപ്പെട്ട്

പരാതി സമർപ്പിക്കുകയുണ്ടായി. ശ്രീമതി ആതിര +2-ഉം ആക്സിലിയറി നഴ്സിംഗ് & മിഡ് വൈഫറി കോഴ്സും പാസ്സായിട്ടുള്ളതിനാൽ സമാശ്വാസ തൊഴിൽ പദ്ധതി പ്രകാരം പരീക്ഷണാർത്ഥം സർക്കാർ ടിയാളെ ആരോഗ്യ വകുപ്പിൽ ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് ഗ്രേഡ് -II ആയി നിയമിക്കുവാൻ തീരുമാനിച്ചതിനെത്തുടർന്ന് ടി നിർദ്ദേശത്തിന്മേൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

നിലവിലെ റൂൾ പ്രകാരം ജോലിയിലിരിക്കെ മരണപ്പെടുന്നവരുടെ ആശ്രിതർക്കാണ് സമാശ്വാസ തൊഴിലിന് അർഹതയുള്ളത്. ഒരിയ്ക്കൽ സർക്കാർ പ്രസ്തുത റൂളിൽ നിന്നും വ്യതിചലിക്കുകയാണെങ്കിൽ ഇത്തരത്തിലുള്ള അപേക്ഷകരുടെ എണ്ണം ഭീമമായി വർദ്ധിക്കുകയും നിയമം അനുശാസിക്കാത്ത ഇത്തരത്തിലുള്ള നിലപാടു പ്രകാരം നിലവിലുള്ള റാങ്ക് പട്ടികകളുടെ സംവരണത്തെ ബാധിക്കുകയും ചെയ്യും. ആകയാൽ ഇതൊരു പ്രത്യേക കേസായി പരിഗണിച്ച്, ശ്രീമതി ആതിരയുടെ നിയമനവുമായി ബന്ധപ്പെട്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം സ്വീകരിക്കുന്നതാണ് നല്ലതെന്ന് അറിയിക്കുകയുണ്ടായി

തുടർന്ന് സർക്കാർ കമ്മീഷന്റെ ഉപദേശം ആരായുകയും ആയത് കമ്മീഷൻ നിരാകരിക്കുകയും 15/01/14-ൽ സർക്കാരിനെ അറിയിക്കുകയും ചെയ്തു.

കമ്മീഷന്റെ വിയോജിപ്പ് അവഗണിച്ച് പിന്നീട് സർക്കാർ നിലവിലുണ്ടാകുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് -II തസ്തികയുടെ ഒഴിവിലേയ്ക്ക് ശ്രീമതി ആതിര.വി.ജെ. യെ നിയമിച്ചുകൊണ്ട് GO(Ms)No.275/15/H&FWD dated:04.12.2015 നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു

3) <u>കൂത്തുപറമ്പ്</u> നിർമ്മലഗിരി കോളേജിൽ നടന്ന എൻ.സി.സി. ഫയറിംഗ് പരിശീലനത്തിനിടെ വെടിയേറ്റു മരിച്ച എം.അനസിന്റെ സഹോദരി ശ്രീമതി. ഫരീദ.എം-ന് റവന്യൂ വകുപ്പിൽ ക്ലാർക്കായി നിയമനം നൽകുന്നതു സംബന്ധിച്ച് സർക്കാർ കമ്മീഷന്റെ ഉപദേശം ആരാഞ്ഞിരുന്നു. (23.12.2015-ലെ 40129/റ്റി1/2015/ആർ.ഡി. നമ്പർ കത്ത്.)

സർക്കാർ നിർദ്ദേശത്തോട് കമ്മീഷന്റെ വിയോജിപ്പ് 02.04.2016 തീയതിയിലെ കത്ത് മുഖേന സർക്കാരിനെ അറിയിച്ചിരുന്നു. എന്നാൽ സർക്കാർ കമ്മീഷന്റെ ഉപദേശം മറികടന്നുകൊണ്ട് ശ്രീമതി. ഫരീദ്.എം -ന് റവന്യൂ വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകാൻ 13.07.2016 തീയതിയിലെ സ.ഉ. (എം.എസ്) നമ്പർ 410/2016/ആർ.ഡി പ്രകാരം ഉത്തരവായി.

4) കെ.എ.പി. V ബേച്ചിൽ റിക്രൂട്ട് ചെയ്ത പോലീസ് കോൺസ്റ്റബ്ബിൾ ശ്രീ. ധനേഷ് .എൻ യഥാസമയം ജോലിക്ക് ഹാജരാകാത്തതിനാൽ ഒഴിവ് എൻ.ജെ.ഡി ആയി റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ ടി യാനെ പോലീസ് വകുപ്പിൽ കോൺസ്റ്റബിൾ തസ്തികയിൽ നിയമനം നൽകുന്ന വിഷയത്തിൽ സർക്കാർ കമ്മീഷന്റെ ഉപദേശം ആരാഞ്ഞിരുന്നു. (17.07.2014 തീയതിയിലെ 5909/എ 1/14/ആഭ്യന്തരം) പ്രസ്തുത വിഷയത്തിൽ ശ്രീ. ധനേഷിന് പുന: പ്രവേശനം നൽകാനുള്ള സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് കമ്മീഷന്റെ വിയോജിപ്പ് 09.10.2015 ലെ കത്തു മുഖേന സർക്കാരിനെ അറിയിച്ചിരുന്നു. കമ്മീഷൻ തീരുമാനം പുന: പരിശോധിക്കണമെന്ന് ആവശ്യവുമായി 09.10.205 ന് സർക്കാർ കമ്മീഷന് കത്ത് നൽകി. വിഷയം വീണ്ടും പരിശോധിച്ച കമ്മീഷൻ മുൻ തീരുമാനത്തിൽ ഉറച്ച നിൽക്കാൻ തീരുമാനിക്കുകയും 23.12.2015-ലെ കത്ത് മുഖേന അപ്രകാരം സർക്കാരിനെ ഉപദേശിക്കുകയും ചെയ്തു. എന്നാൽ കമ്മീഷൻ തീരുമാനം മറിച്ചുകടന്നുകൊണ്ട് 03.03.2016 ലെ സ. ഉ. (എം.എസ്) നം. 90/2016/ആഭ്യന്തരം പ്രകാരം ശ്രീ.എൻ. ധനേഷിന് പോലീസ് വകുപ്പിൽ കോൺസ്റ്റബിൽ തസ്തികയിൽ നിയമനം നൽകി സർക്കാർ ഉത്തരവായി.

5) ഇടുക്കി ജില്ലയിൽ ചീയപ്പാറയിലുണ്ടായ മണ്ണിടിച്ചിലിൽ മരണമടഞ്ഞ റവന്യൂ വകുപ്പിലെ താൽക്കാലിക ജീവനക്കാരനായ രാജൻ റ്റി.യുടെ ഭാര്യ ശ്രീമതി സിന്ധു. പി.കെ.യ്ക്ക് റവന്യൂ വകുപ്പിൽ LGS തസ്തികയിൽ നിയമനം നൽകുന്ന വിഷയത്തിൽ സർക്കാർ കമ്മീഷന്റെ ഉപദേശം ആരാഞ്ഞിരുന്നു. (44796/റ്റി1/2013/ആർ.ഡി തീയതി 23.12.2015) മരണമടഞ്ഞയാൾ താൽക്കാലിക ഡ്രൈവറായിരുന്നു എന്നതിനാലും കമ്മീഷൻ വ്യവസ്ഥാപിത രീതിയിൽ തെരഞ്ഞെടുപ്പ് നടത്തുന്ന തസ്തികയിലേക്ക് മറ്റ് രീതിയിൽ നിയമനം നടത്തുന്നത് ഉചിതമല്ല എന്നതിനാലും സർക്കാരിന്റെ നിർദ്ദേശത്തോട്

കമ്മീഷൻ വിയോജിക്കുന്നതുമായ ഉപദേശം 02.04.2016 തീയതിയിൽ സർക്കാരിന് കൈമാറിയിരുന്നു. എന്നാൽ 17.06.2016 തീയതിയിലെ സ.ഉ. (എം.എസ്) നം.362/2016/ആർ.ഡി പ്രകാരം ടിയാൾക്ക് റവന്യൂ വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകി ഉത്തരവായിരിക്കുന്നു.

6) പൊതുമരാമത്ത് വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയറായി ജോലിയിൽ പ്രവേശിച്ച ശ്രീ. 'എ' യ്ക്കെതിരായ അച്ചടക്കനടപടിയുടെ ഭാഗമായി ടിയാനെ 19/12/2001 മുതൽ മുൻകാല പ്രാബല്യത്തോടെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ട വകുപ്പുമേധാവിയുടെ നടപടിയിൽ ഭേദഗതി വരുത്തി ശ്രീ. 'എ'യെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാനുള്ള താൽക്കാലിക തീരുമാനത്തിന്മേൽ സർക്കാർ കമ്മീഷന്റെ ഉപദേശം തേടിയതിന് മറുപടിയായി, സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് വിയോജിച്ചുകൊണ്ട് ടിയാനെ സർവ്വീസിൽ നിന്നും പിരിച്ചുവിടുന്ന കാര്യം പരിഗണിക്കാൻ സർക്കാരിനെ കമ്മീഷൻ ഉപദേശിച്ചിരുന്നു. സർക്കാർ ടി വിഷയം വിശദമായി പരിശോധിക്കുകയും KCS(CC&A) ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം തുടരുന്ന അച്ചടക്ക നടപടികൾ അർദ്ധ നീതിന്യായ സ്വഭാവത്തിലുള്ളതാണെന്നും ആയതിന്റെ തീർപ്പ് എപ്രകാരമായിരിക്കണമെന്ന് അപ്പലേറ്റ് അതോറിറ്റിക്ക് തീരുമാനിക്കാവുന്നതാണെന്നും ആകയാൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ. 'എ' യെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ട ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ നടപടി, ബഹു:കമ്മീഷന്റെ ഉപദേശം മറികടന്ന് 03/12/15-ലെ സഉ(സാധാ)1793/ 2015/പൊ.മ.വ. നമ്പർ ഉത്തരവിലൂടെ സർവ്വീസിൽ നിന്നും നീക്കം ചെയ്യൽ ആയി ഭേദഗതി ചെയ്തിരിക്കുന്നു.

7) 15/11/2001 മുതൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ തിരുവനന്തപുരം ഡെന്റൽ കോളേജിൽ വാച്ച്മാൻ ആയി ജോലി നോക്കുകയും തുടർന്ന് 31/03/2005-ൽ നിയമവകുപ്പിൽ പ്യൂൺ ആയി നിയമിതനാകുകയും അതിനുശേഷം നിയമവകുപ്പിൽത്തന്നെ പൂനയിലെ ഭാരതി വിദ്യാപീഠം ഡീംഡ് യൂണിവേഴ്സിറ്റിയിൽ നിന്നും 2001-2004 കാലയളവിൽ റഗുലറായി പഠിച്ച് കരസ്ഥമാക്കിയ നിയമബിരുദസർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ 15/07/2008 മുതൽ നിയമിക്കപ്പെടുകയും ചെയ്ത ശ്രീ. 'എ' യ്ക്കെതിരെ ടിയാൻ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്തു വന്ന സന്ദർഭത്തിൽ സർക്കാരിന്റെ അനുമതി കൂടാതെയും പഠനാവശ്യത്തിന് അവധിയെടുക്കാതെയുമാണ് പ്രസ്തുത നിയമബിരുദം നേടിയതെന്ന കുറ്റം ആരോപിച്ച് സർക്കാർ KCS(CC&A) റൂൾ 1960 പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുകയും നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം KCS(CC&A) ചട്ടങ്ങളിലെ ചട്ടം II ഉപചട്ടം (vii) പ്രകാരം ടിയാനെ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളുമായി മുന്നോട്ട് പോകാതിരിക്കുന്നതിന് യാതൊരുവിധ കാരണവും നിയമവശാലോ കാര്യവശാലോ കാണുന്നില്ലായെന്ന് അറിയിക്കുകയും ആയത് സംബന്ധിച്ച് കമ്മീഷന്റെ ഉപദേശം ആരായുകയും ചെയ്തിരുന്നു. ഈ കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച കമ്മീഷൻ കാരണം കാണിക്കൽ നോട്ടീസ് നൽകിയതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലെ വീഴ്ച ചൂണ്ടിക്കാണിക്കുകയും 27/08/2013-ൽ നൽകിയ കാരണം കാണിക്കൽ നോട്ടീസിലെ അധിക ചാർജ്ജുകൾ കൂടി ഉൾപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നെങ്കിൽ ചാർജ്ജ് മെമ്മോയും കുറ്റാരോപണപത്രികയും പുതുക്കി നൽകി നിയമാനുസൃതമുള്ള മറ്റു നടപടികൾ കൂടി പാലിച്ചു കൊണ്ടുവേണം അച്ചടക്ക നടപടിക തീർപ്പുകൽപ്പിക്കേണ്ടതെന്ന് അറിയിക്കുകയും സർക്കാരിനെ അപ്രകാരം ഉപദേശിക്കുകയും ചെയ്തു. കമ്മീഷന്റെ ഉപദേശം നിരസിച്ച് സർക്കാർ GO(Rt) No.1058/2016/Law dated 20/08/2016 പ്രകാരം ശ്രീ. 'എ' യുടെ രണ്ട് വാർഷികവേതന വർദ്ധനവ് സഞ്ചിത ഫലമില്ലാതെ തടഞ്ഞ് ടിയാൾക്കെതിരെ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവായി.

### അദ്ധ്യായം- 26

## കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രവർത്തനങ്ങളുടെ താരതമ്യ സംഗ്രഹം

തുടക്കത്തിൽ കമ്മീഷന്റെ ജോലിഭാരം തുലോം കുറവായിരുന്നു. വർഷങ്ങൾ കഴിഞ്ഞതോടെ സാക്ഷരതയിലുണ്ടായ കുതിച്ച് ചാട്ടത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ എണ്ണം വർദ്ധിച്ചു. തൽഫലമായി ഉദ്യോഗാർത്ഥികളുടെ എണ്ണത്തിലും വൻവർദ്ധനയുണ്ടായി. വിവിധ തസ്തികകളി ലേക്കായി സ്വീകരിച്ച അപേക്ഷകൾ കമ്മീഷൻ ആഫീസുകളിൽ കുന്നുകൂടി. വർദ്ധിച്ച ജോലിഭാരത്തിനനുസരിച്ച് കമ്മീഷൻ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള അഭ്യർത്ഥനകൾ കാലാകാലങ്ങളിൽ സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ ഒരു പ രിധി വരെ ടി ആവശ്യം അംഗീകരിക്കുകയും ചെയ്തു. റിപ്പോർട്ട് കാലയളവിന്റെ ഒടുക്കം കമ്മീഷനിലെ ആകെ ജീവനക്കാരുടെ എണ്ണം 1644 ആണ്. വർദ്ധിച്ച് വരുന്ന ജോലി ഭാരത്തിനനുസരിച്ച് കമ്മീഷനിൽ ലഭ്യമായ മാനുഷികശേഷി പരിമിതമായ തിനാൽ 2002 മുതൽ തെരഞ്ഞെടുപ്പ് രീതികൾ ലഘൂകരിക്കുന്നതിനും വേഗത്തിലാക്കു ന്നതിനും സൂക്ഷ്മതയുള്ളതാക്കുന്നതിനുമായി കമ്മീഷൻ തെരഞ്ഞെടുപ്പ് നടപടി കൾ പരിഷ്കരിച്ചു. 2007-2008 മുതൽ 2016-2017 വരെയുള്ള പത്ത് വർഷക്കാലത്തെ കമ്മീഷൻ പ്രവർത്തനങ്ങളുടെ താരതമ്യപഠന പരിലേഖ്യാരൂപത്തിൽ തുടർന്ന് കാണാ വുന്നതാണ്. കൂടാതെ 2007-2008 മുതൽ 2011-2012 & 2012-2013 മുതൽ 2016 -2017 വരെയുള്ള വിവരങ്ങൾ തുടർന്നുള്ള പേജിലും കാണാവുന്നതാണ്.

## 2007-2008 മുതൽ 2016-2017 വരെയുള്ള പ്രവൃത്തിയുടെ താരതമ്യ പഠനം


| വർഷം | വിജ്ഞാപനം ചെയ്ത തസ്തികകൾ | ലഭ്യമായ അപേക്ഷകകൾ | നടത്തിയ പരീക്ഷകൾ | പരീക്ഷയ്ക്കുൾപ്പെട്ടത്തിയ ഉദ്യോഗാർത്ഥികൾ | പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികകൾ | ചുരുക്കപ്പട്ടികകളിൽ ഉൾപ്പെട്ടത്തിയ ഉദ്യോഗാർത്ഥികളുടെ എണ്ണം | ഇന്റർവ്യൂ നടത്തിയ തസ്തികകൾ | ഇന്റർവ്യൂവിന് പങ്കെടുത്ത ഉദ്യോഗാർത്ഥികൾ | പ്രസിദ്ധീകരിച്ച റാങ്ക് പട്ടികകൾ | റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തിയ ഉദ്യോഗാർത്ഥികൾ | നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾ | തീർപ്പാക്കിയ അപേക്ഷകൾ | തീർപ്പാക്കാനുള്ള അപേക്ഷകൾ | അച്ചടക്ക നടപടികൾക്കുമേൽ ശിപാർശ കൈമാറിയത് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 2007-08 | 549 | 1616105 | 161 | 3567742 | 342 | 146970 | 259 | 23906 | 361 | 80918 | 29723 | 3349578 | 6894298 | 146 |
| 2008-09 | 469 | 1642772 | 234 | 2369642 | 323 | 223732 | 388 | 26034 | 479 | 145358 | 17858 | 3294659 | 5795756 | 135 |
| 2009-10 | 823 | 2943872 | 233 | 1240273 | 536 | 170696 | 314 | 27230 | 603 | 155338 | 51213 | 2213490 | 4822539 | 177 |
| 2010-11 | 715 | 4245693 | 219 | 3384075 | 399 | 82485 | 545 | 34126 | 726 | 63443 | 42505 | 1319764 | 7983255 | 112 |
| 2011-12 | 790 | 1713064 | 336 | 4223562 | 251 | 198840 | 358 | 20944 | 556 | 104813 | 33919 | 2809625 | 7370059 | 179 |
| 2012/13 | 1578 | 3469844 | 222 | 2645984 | 427 | 258936 | 577 | 19496 | 718 | 126054 | 29804 | 3584872 | 8127275 | 96 |
| 2013-14 | 1208 | 6049288 | 219 | 3147853 | 371 | 150478 | 406 | 38661 | 632 | 89134 | 33001 | 3893364 | 10645826 | 108 |
| 2014-15 | 1149 | 5811567 | 240 | 4222665 | 382 | 49657 | 405 | 20357 | 630 | 115604 | 27213 | 4238174 | 13789876 | 103 |
| 2015-16 | 969 | 4654688 | 216 | 5026351 | 324 | 144557 | 373 | 20126 | 685 | 478034 | 27234 | 7934500 | 9498574 | 221 |
| 2016-17 | 784 | 10159405 | 372 | 7526765 | 1104 | 154950 | 435 | 36682 | 1124 | 138022 | 38166 | 7861834 | 13841755 | 194 |

## കഴിഞ്ഞ പത്ത് വർഷത്തെ പ്രവൃത്തിയുടെ താരതമ്യ പഠനം

**(2007-08 to 2011-2012 and 2012-2013 to 2016-17 )**


| വർഷം | വിജ്ഞാപനം ചെയ്ത തസ്തികകൾ | ലഭ്യമായ അപേക്ഷകൾ | നടത്തിയ പരീക്ഷകൾ | പരീക്ഷയ്ക്ക് ഇരുത്തിയ ഉദ്യോഗാർത്ഥികൾ | പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികകൾ | ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയ ഉദ്യോഗാർത്ഥികൾ | ഇന്റർവ്യൂ നടത്തിയ തസ്തികകൾ | ഇന്റർവ്യൂവിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികൾ | പ്രസിദ്ധീകരിച്ച റാങ്ക് പട്ടികകൾ | റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തിയ ഉദ്യോഗാർത്ഥികൾ | നിയമന ശിപാർശ ലഭിച്ച ഉദ്യോ ഗാർത്ഥികൾ | തീർപ്പ് കല്പിച്ച അപേക്ഷകൾ | തീർപ്പ് കല്പിക്കാനുള്ള അപേക്ഷകൾ | ശിപാർശ നൽകിയ അച്ചടക്ക നടപടികൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **1** | **2** | **3** | **4** | **5** | **6** | **7** | **8** | **9** | **10** | **11** | **12** | **13** | **14** | **15** |
| 207-08 to 2011-12 | 3346 | 12161506 | 1186 | 14785294 | 1183 | 822723 | 1864 | 132240 | 2725 | 549870 | 175218 | 12987116 | 32865907 | 749 |
| 2012-13 to 2016-17 | 5688 | 30144792 | 1269 | 22569618 | 1269 | 758578 | 2196 | 135322 | 3789 | 946848 | 155418 | 27512744 | 55903306 | 722 |

## 2007-2008 മുതൽ 2016-2017 വരെയുള്ള പ്രവൃത്തിയുടെ താരതമ്യ പഠനം (ഗ്രാഫ് രൂപം)




## കഴിഞ്ഞ പത്ത് വർഷത്തെ പ്രവൃത്തിയുടെ താരതമ്യ പഠനം (ഗ്രാഫ് രൂപം)

(2007-08 to 2011-2012 and 2012-2013 to 2016-17 )



## അദ്ധ്യായം– 27

## സന്ദർശനങ്ങൾ

| Sl. No. | Name/Designation of Dignitary | Purpose | Period |
|---|---|---|---|
| 1 | ബഹു. ചെയർമാൻ, ഗുജറാത്ത് പി.എസ്.സി | കോൺഫിഡൻഷ്യൽ | 16/08/2016 |
| 2 | ബ്രി.ആർ.ബോർത്താക്കൂർ, അസ്സം പി.എസ്.സി മെമ്പർ | ഓൺലൈൻ പരീക്ഷാ/ ഒ.എം.ആർ മൂല്യ നിർണ്ണയം/ മറ്റ് തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ മനസിലാക്കുന്നതിന് | 17/08/2016 to 20/08/2016 |
| 3 | a) ശ്രീ.ബി.എസ്. റാത്തോർ, ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ), രാജസ്ഥാൻ പി.എസ്.സി<br>b) ശ്രീ. അഖിലേഷ് മിത്തൽ, സിസ്റ്റം അനലിസ്റ്റ്, രാജസ്ഥാൻ പി.എസ്.സി | ഒറ്റത്തവണ രജിസ്ട്രേഷൻ നടപടിക്രമങ്ങളെക്കുറിച്ച് പഠിക്കുന്നതിന് | 17/10/2016 to 18/10/2016 |
| 4 | a) ഡോ. പി. ഉദയഭാസ്കർ, ബഹു. ചെയർമാർ ആന്ധ്രാപ്രദേശ് പി.എസ്.സി<br>b) ശ്രീ. ജി.എസ്. സീതാ രാമ രാജു. ബഹു. മെമ്പർ ആന്ധ്രാപ്രദേശ് പി.എസ്.സി<br>c) പ്രൊ. ജിങ്കാ രങ്കാ ജനാർദ്ദനൻ, ബഹു. മെമ്പർ ആന്ധ്രാപ്രദേശ് പി.എസ്.സി<br>d) ശ്രീ കെ.വിജയകുമാർ, ബഹു. മെമ്പർ ആന്ധ്രാപ്രദേശ് പി.എസ്.സി<br>e) പ്രൊ. ഗുറാം സുജതാ, ബഹു. മെമ്പർ ആന്ധ്രാപ്രദേശ് പി.എസ്.സി<br>f) പ്രൊ. കെ. പദ്മാരാജു, ബഹു. മെമ്പർ ആന്ധ്രാപ്രദേശ് പി.എസ്.സി<br>g) ശ്രീമതി. സേവ രൂപാ, ബഹു. മെമ്പർ ആന്ധ്രാപ്രദേശ് പി.എസ്.സി | കമ്മീഷന്റെ നിയമന/ തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പഠിക്കുന്നതിന് | 07/02/2017 to 09/02/2017 |

## അദ്ധ്യായം– 28.

## നേട്ടങ്ങൾ

ഇല്ല

## അദ്ധ്യായം–29

## നന്ദി

റിപ്പോർട്ട് കാലയളവിലുടനീളം കമ്മീഷനും സർക്കാരുമായി ഹൃദ്യമായ ബന്ധമാണു ണ്ടായിരുന്നത്. ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖങ്ങളിൽ കമ്മീഷനെ സഹായിക്കാനെ ത്തിയ വിദഗ്ദ്ധരിൽ നിന്നും നിർലോഭമായ സഹകരണം ലഭ്യമായിട്ടുണ്ട്. വിവിധ പരീക്ഷ കളും പ്രായോഗിക പരീക്ഷകളും നടത്തുന്നതിന് പരീക്ഷകരിൽ നിന്നും, വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഹൃദ്യമായ സഹകരണം കമ്മീഷന് ലഭ്യമായിട്ടുണ്ട്. ഇവരുടെ പരിമിതികളില്ലാത്ത സഹായങ്ങൾക്കും സഹകരണങ്ങൾക്കും കമ്മീഷൻ ഹൃദ്യമായ നന്ദി രേഖപ്പെടുത്തുന്നു.

കമ്മീഷൻ **നിയമോപദേശകൻ ശ്രീ.പി.സി.ശശിധരൻ, ശ്രീ.സി.എ.മജീദ് എന്നിവർക്കുള്ള** നന്ദി പ്രകാശിപ്പിക്കുന്നു.

കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് വിലയേറിയ ഉപദേശങ്ങൾ നൽകിയ ടെക്നിക്കൽ കമ്മിറ്റിയിലെ അംഗങ്ങൾക്കും കമ്മീഷൻ നന്ദി പ്രകാശിപ്പിക്കുന്നു.

വിജിലൻസ് ആൻഡ് സെക്യൂരിറ്റി ആഫീസറും സഹപ്രവർത്തകരായ ഉദ്യോഗ സ്ഥരും നൽകിയ സേവനങ്ങളുടെ പേരിൽ കമ്മീഷൻ നന്ദി പ്രകാശിപ്പിക്കുന്നു.

ഗവൺമെന്റ് പ്രസ് ജീവനക്കാർക്കും വിശിഷ്യാ ഗവൺമെന്റ് പ്രസ് ഡയറക്ടർക്കും കമ്മീഷൻ നന്ദി പ്രകാശിപ്പിക്കുന്നു. പൊതുജന സമ്പർക്ക വിഭാഗം ഡയറക്ടർക്കും, കമ്മീഷൻ സമയാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന പത്ര ക്കുറിപ്പുകൾ, അറിയിപ്പുകൾ

എന്നിവ വർദ്ധിത പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കുന്ന ദിനപത്രങ്ങൾ, ആൾ ഇന്ത്യാ റേഡിയോ, ടെലിവിഷൻ ചാനലുകൾ എന്നിവയ്ക്കും കമ്മീഷൻ ഹൃദ്യമായ നന്ദി രേഖപ്പെടുത്തുന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി, ജീവനക്കാർ എന്നിവർക്ക് അവർ ചെയ്ത് വരുന്ന കഠിനാദ്ധ്വാനത്തിനും മികവുറ്റ പ്രവർത്തനത്തിനും കമ്മീഷൻ നന്ദി രേഖപ്പെടുത്തുന്നു.

| | | | |
|---|---|---|---|
| **ചെയർമാൻ** | | അഡ്വ. എം കെ. സക്കീർ | |
| അംഗങ്ങൾ | 1 | ശ്രീ. പി. ശിവദാസൻ | |
| | 2 | ശ്രീ. ഇസ്മയിൽ റ്റി. റ്റി. | |
| | 3 | ശ്രീമതി. സിമി റോസ് ബെൽ ജോൺ | |
| | 4 | അഡ്വ. ഇ. രവീന്ദ്രനാഥൻ | |
| | 5 | അഡ്വ. എസ്. ഷൈൻ | |
| | 6 | പ്രൊഫ. ലോപ്പസ് മാത്യു | |
| | 7 | ശ്രീമതി.ആർ.പാർവ്വതി ദേവി | |
| | 8 | ഡോ. പി.സുരേഷ് കുമാർ | |
| | 9 | ശ്രീ. സുരേശൻ.സി | |
| | 10 | ഡോ.എം.ആർ. ബൈജു | |
| | 11 | ഡോ.ജിനു സക്കറിയ ഉമ്മൻ | |
| | 12 | അഡ്വ.രഘുനാഥൻ.എം.കെ | |
| | 13 | ശ്രീ. ജി. രാജേന്ദ്രൻ | |
| | 14 | ഡോ. കെ.പി സജിലാൽ | |
| | 15 | ഡോ. ഡി. രാജൻ | |
| | 16 | ശ്രീ. റ്റി.ആർ അനിൽകുമാർ | |

| | | | |
|---|---|---|---|
| | 17 | ശ്രീ. മുഹമ്മദ് മുസ്തഫ കടമ്പോട്ട് | |
| | 18 | ശ്രീ. പി.എച്ച് മുഹമ്മദ് ഇസ്മയിൽ | |
| | 19 | ശ്രീ. റോഷൻ റോയി മാത്യൂ | |
| | 20 | ശ്രീ.വിജയകുമാർ.പി.കെ | |
| സെക്രട്ടറി | | ശ്രീ. സാജു ജോർജ്ജ് | |

തിരുവനന്തപുരം
തീയതി :